# ദൈവ വാഗ്ദത്തങ്ങൾ

**Rev. Ernest Hahn, M.A.**

**I.E.L.C. BOARD FOR LITERATURE**

**1977**

MALAYALAM
DAIVAVAGDATHANGAL

AUTHOR:
REV. ERNEST HAHN, M.A.

TRANSLATED BY:
REV.B.FRANCIS, M.A.

REVISED & PRINTED BY:
REV.K.M.VICTOR

PRINTED AT:
SHORANUR PRINTING WORKS, SHORANUR-1

PUBLISHED BY:
I.E.L.C.  BOARD FOR LITERATURE

6th IMPRESSION AUGUST, 1977
2000 COPIES

COPY RIGHT:
PUBLISHERS

FOR COPIES WRITE TO:
GOOD NEWS CENTRE, CALICUT-1

# "ദൈവ വാഗ്ദത്തങ്ങൾ"

## അവതാരിക:-

നാം ഏവരും കഥകൾ കേൾക്കുവാൻ താല്പര്യമുള്ളവരാണല്ലോ? പുരാതന കാലം മുതൽക്കു തന്നെ മനുഷ്യൻ കഥകളിൽ വളരെ ഔത്സുക്യം കാണിച്ചു വരുന്നു. ചരിത്രം, വിശ്വാസങ്ങൾ, രാഷ്ട്രീയ നേട്ടങ്ങൾ, തുടങ്ങിയവ പുതിയ തലമുറയിലേയ്ക്ക് കഥകളിലൂടെ കൈമാറ്റം ചെയ്തു വന്നു. കഥകൾ ഇല്ലാത്ത ഒരു ലോകത്തെപ്പറ്റി വിഭാവന ചെയ്യുവാൻ പോലും പ്രയാസമായിരിക്കുന്നു. ഈ ബൈബിൾ പാഠ പദ്ധതിയിൽ കാണുന്ന കഥകൾ അനേകം നൂറ്റാൺടു മുതൽക്കേ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളവയാണ്. കാരണം:-

1. അവ മനുഷ്യന്റെ സങ്കല്പത്തിൽ നിന്നു ഉടലെടുത്തവയല്ല.
2. അവ ദൈവത്തെക്കുറിച്ചും, ദൈവത്തിന്നും മനുഷ്യർക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും നമ്മോടു പറയുന്നു.

ഈ കഥകൾ ദൈവത്തിന്റെ ഗ്രന്ഥമായ സത്യവേദ പുസ്തകത്തിൽ നിന്ന് അഥവാ വിശുദ്ധ ബൈബിളിൽ നിന്ന് എടുത്തിട്ടുള്ളവയാകുന്നു. ബൈബിളിൽ 'തൌറാത്ത്'(മോശ എഴുതിയ പുസ്തകങ്ങൾ) 'സാബൂർ ' (സങ്കീർത്തനങ്ങൾ) പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾ 'ഇൻജിൽ' (സുവിശേഷങ്ങൾ) എന്നീ വിഭാഗങ്ങളിലായി 66 ചെറു ഗ്രന്ഥങ്ങൾ ഉൺട്. ഈ ഗ്രന്ഥങ്ങളുടെ സമാഹാരമാണ് ബൈബിൾ അഥവാ സത്യവേദ പുസ്തകം.

പ്രസ്തുത ഗ്രന്ഥത്തെ രൺടായി തരം തിരിച്ചിട്ടുൺട്:-

## 1. പഴയനിയമം:-

ഇതിൽ മോശയുടെ പുസ്തകങ്ങൾ, സങ്കീർത്തനങ്ങൾ, പ്രവാചകന്മാരുടെ എഴുത്തുകൾ എന്നിവ അടങ്ങിയിരിക്കുന്നു.

ഈ ആദ്യഭാഗത്തിൽ 39 പുസ്തകങ്ങൾ ഉൺട്. ലോകത്തിന്റെ ഉത്ഭവം മുതൽ മശിഹ (ക്രിസ്തു) യുടെ ജനനം വരെയുള്ള ചരിത്രം അവയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാന സന്ദേശം ദൈവം ലോകത്തെ രക്ഷിക്കാനായി മശിഹയെ (ക്രിസ്തുവിനെ) അയക്കും എന്നതാണ്.

## 2. പുതിയ നിയമം:-

ഈ വിഭാഗത്തിൽ ക്രിസ്തുവിന്റെ ജീവചരിത്രം, പ്രവർത്തനങ്ങൾ, ശിഷ്യന്മാരുടെ പ്രവൃത്തികൾ, അവർ എഴുതിയ ലേഖനങ്ങൾ എന്നിവയും; ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ, പ്രസംഗങ്ങൾ, രക്ഷാവേല നിവർത്തിച്ച വിധം, അവന്റെ വീണ്ടും വരവ്, ലോകാവസാനം, എന്നിവയും പ്രതിപാദിച്ചിരിക്കുന്നു. ദൈവം പഴയ നിയമത്തിൽ വാഗ്ദത്തം ചെയ്തിരുന്ന ലോകരക്ഷകനായ മശിഹ വന്നു കഴിഞ്ഞു. അവനിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുക എന്ന താണ് ഇതിലെ പ്രധാന സന്ദേശം. പുതിയ നിയമത്തിൽ 27 പുസ്തകങ്ങൾ അടങ്ങിയിരിക്കു ന്നു.

ദൈവം തന്റെ ആത്മാവു മുഖാന്തിരം പ്രവാചകന്മാരുടേയും, അപ്പോസ്തലന്മാരുടേയും ഹൃദയങ്ങളിൽ ഉള്ളൂതിയതിന്റെ ഫലമായി നമുക്ക് വിശുദ്ധ ബൈബിളിലെ എല്ലാ പുസ്തക ങ്ങളും ലഭിച്ചിരിക്കുന്നു. ദൈവം ഇതിനെ നമുക്കേവർക്കുമായി നൽകുകയും കാത്തുവരി കയും ചെയ്തിരിക്കുന്നു. വിശുദ്ധ ബൈബിൾ 1200–ൽ അധികം ഭാഷകളിൽ ഇന്ന് ലഭ്യമാണ്.

ബൈബിളിലെ സന്ദേശങ്ങളുടെ ഒരു സംഗ്രഹമാണ് ഈ പാഠപദ്ധതി. ഇതിൽ കൂടി നാം പഠിക്കുവാൻ പോകുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകാശം, ഭൂമി, എന്നിവയേയും മനുഷ്യകുലത്തേയും ദൈവം സൃഷ്ടിച്ചു.
2. ദൈവത്തോടു മത്സരിച്ചും, അനുസരണക്കേടു കാണിച്ചും മനുഷ്യർ പാപത്തിൽ ഉൾപ്പെട്ടു.
3. മനുഷ്യ വർഗ്ഗത്തെ പാപത്തിൽ നിന്നും രക്ഷിക്കുന്നതിന് ഒരു രക്ഷിതാവിനെ ദൈവം വാഗ്ദത്തം ചെയ്യുകയും ആ സന്ദേശം ലോകത്തെ അറിയിക്കുവാൻ പ്രവാചകന്മാ രേയും, പ്രാസംഗികന്മാരേയും അയക്കുകയും ചെയ്തു.
4. മശിഹയാകുന്ന യേശുവിൽക്കൂടെ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുമെന്നുള്ള ദൈവ ത്തിന്റെ വാഗ്ദത്തം അവൻ അക്ഷരംപ്രതി നിറവേറ്റി.

ഈ വിഷയങ്ങളെ ബൈബിളിന്റെ അടിസ്ഥാനത്തിൽ ഈ പാഠങ്ങളിൽ വിശദീകരിച്ചി ട്ടുണ്ട്.

പാഠങ്ങളിൽ കാണുന്ന ഉദ്ധരണികളെ കണ്ടു പിടിക്കാൻ സഹായമാകുംവിധം ബൈബി ളിലെ പുസ്തകങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു. ചുവട്ടിൽ വരകൾ ഉള്ള പുസ്തകങ്ങ ളിൽ നിന്നു മാത്രമേ ഈ പാഠപദ്ധതിയിൽ വാക്യങ്ങൾ ഉദ്ധരിച്ചിട്ടുള്ളൂ.

ബൈബിളിലെ പുസ്തകങ്ങളുടെ പേർ വിവരം :-

1. പഴയ നിയമം (Old Testament) :-

[ക്രിസ്തുവിനു മുൻപ് (B.C.) എഴുതപ്പെട്ടു ]

1. ഉല്പത്തി
2. പുറപ്പാട്
3. ലേവ്യ പുസ്തകം
4. സംഖ്യാ പുസ്തകം
5. ആവർത്തന പുസ്തകം
6. യോശുവ
7. ന്യായാധിപന്മാർ
8. രൂത്ത്
9. 1 ശമുവേൽ
10. 2 ശമുവേൽ
11. 1 രാജാക്കന്മാർ
12. 2 രാജാക്കന്മാർ
13. 1 ദിനവൃത്താന്തം
14. 2 ദിനവൃത്താന്തം
15. എസ്രാ
16. നെഹമ്യാവ്
17. എസ്ഥേർ
18. ഇയ്യോബ്
19. സങ്കീർത്തനങ്ങൾ
20. സദൃശ വാക്യങ്ങൾ
21. സഭാപ്രസംഗി
22. ഉത്തമഗീതം
23. യെശയ്യാവ്
24. യിരെമ്യാവ്
25. വിലാപങ്ങൾ
26. യെഹസ്ക്കേൽ
27. ദാനിയേൽ
28. ഹോശയാ
29. യോവേൽ
30. ആമോസ്
31. ഓബദ്യാവ്
32. യോന
33. മീഖ
34. നഹൂം
35. ഹബക്കൂക്ക്
36. സെഫന്യാവ്
37. ഹഗ്ഗായി
38. സെഖര്യാവ്
39. മലാഖി

2. പുതിയ നിയമം (New Testament):-

[ക്രിസ്തുവിനു ശേഷം (A.D.) ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു]

| | | | |
|---|---|---|---|
| 1. | മത്തായി | എഴുതിയ | സുവിശേഷം |
| 2. | മർക്കൊസ് | ” | ” |
| 3. | ലൂക്കൊസ് | ” | ” |
| 4 | യോഹന്നാൻ | ” | ” |
| 5. | അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ | | |
| 6. | റോമർക്കു | എഴുതിയ | ലേഖനം |
| 7. | 1 കൊരിന്ത്യർക്കു | ” | ” |
| 8. | 2 കൊരിന്ത്യർക്കു | ” | ” |
| 9. | ഗലാത്യർക്കു | ” | ” |
| 10. | എഫെസ്യർക്കു | ” | ” |
| 11. | ഫിലിപ്പിയർക്കു | ” | ” |
| 12. | കൊലൊസ്യർക്കു | ” | ” |
| 13. | 1 തെസ്സലൊനീക്യർക്കു | ” | ” |
| 14. | 2 തെസ്സലൊനീക്യർക്കു | ” | ” |
| 15. | 1 തിമൊഥെയൊസിന് | ” | ” |
| 16. | 2 തിമൊഥെയൊസിന് | ” | ” |
| 17. | തീത്തൊസിന് | ” | ” |
| 18. | ഫിലെമോന് | ” | ” |
| 19. | എബ്രായർക്കു | ” | ” |
| 20. | യാക്കോബ് | ” | ” |
| 21. | 1 പത്രൊസ് | ” | ” |
| 22. | 2 പത്രൊസ് | ” | ” |
| 23. | 1 യോഹന്നാൻ | ” | ” |
| 24. | 2 യോഹന്നാൻ | ” | ” |
| 25. | 3 യോഹന്നാൻ | ” | ” |
| 26. | യൂദ | ” | ” |
| 27. | വെളിപ്പാടു പുസ്തകം | ” | ” |

പാഠങ്ങളിൽ കാണുന്ന ഓരോ ഉദ്ധരണിയും ഏതു പുസ്തകത്തിൽ, എത്രാമദ്ധ്യായം, എത്രാം വാക്യത്തിൽ നിന്ന് എടുത്തിരിക്കുന്നുവെന്ന് അതതു സ്ഥലങ്ങളിൽ കുറിച്ചിട്ടുൺട്. പ്രസ്തുത ഭാഗങ്ങൾ ബൈബിളിൽ നിന്ന് നേരിട്ടു വായിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. ദൈവ വചനത്തിൽ കാണുന്ന ഈ സംഭവ കഥകൾ നിങ്ങൾക്ക് അനുഗ്രഹം നൽകട്ടെ!!

## പാഠം 1
## സൃഷ്ടിപ്പ് (Creation)

ദൈവം ഒഴികെ മറ്റൊന്നും ഇല്ലാതിരുന്ന ഒരു കാലത്തെക്കുറിച്ച് നിങ്ങൾക്ക് വിഭാവന ചെയ്യുവാൻ കഴിയുമോ? സൂര്യൻ, ചന്ദ്രൻ, ഭൂമി, ചെടികൾ, മനുഷ്യൻ എന്നിങ്ങനെ യാതൊന്നും ഇല്ലാതിരുന്ന ഒരു കാലമുൺടായിരുന്നു. 'ആരംഭം' (Beginning)എന്നത് ദൈവം ഒഴികെയുള്ള എല്ലാ വസ്തുക്കൾക്കും ഉള്ള ഗുണമാണ്. ദൈവത്തിന് ആരംഭമോ, അവസാനമോ ഇല്ല (ആദ്യന്തവിഹീനൻ). 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' (ഉല്പത്തി 1:1) എന്ന് വിശുദ്ധ ബൈബിൾ പ്രസ്താവിക്കുന്നു. ആകാശവും, ഭൂമിയും സ്വയം ആരംഭിച്ചതല്ല. അത്യുന്നതനായ ദൈവം അവയെ സൃഷ്ടിക്കുകയാണ് ചെയ്തത്. അവൻ സ്രഷ്ടാവാകുന്നു. അവൻ തന്റെ വചനം അരുളി ചെയ്യുകയും അതുപ്രകാരം സംഭവിക്കുകയും ചെയ്തു. അങ്ങനെ പ്രപഞ്ചവും അതിലുള്ള സകലതും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു.

ആകാശത്തേയും, ഭൂമിയേയും അവയിലുള്ള എണ്ണമറ്റ വസ്തുക്കളേയും സൃഷ്ടിച്ച ശേഷം ഒന്നാമത്തെ പുരുഷനും, സ്ത്രീയും നിർമ്മിക്കപ്പെട്ടു. അതിനെ വിശുദ്ധ ബൈബിൾ ഈ വിധത്തിൽ വിവരിക്കുന്നു.

'അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉൺടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും, ആകാശത്തിലുള്ള പറവജാതിയിന്മേലും, മൃഗങ്ങളിന്മേലും, സർവ്വ ഭൂമിയിന്മേലും, ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ആണും, പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി, ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി, സമുദ്രത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതിയിന്മേലും, സകലഭൂചര ജന്തുവിന്മേലും വാഴുവിൻ എന്ന് അവരോട് കല്പിച്ചു' (ഉല്പത്തി. 1:26-28).

ആദ്യമനുഷ്യനെ സൃഷ്ടിച്ച ശേഷം അവനിൽ നിന്ന് ഒരു സ്ത്രീയേയും ദൈവം സൃഷ്ടിച്ചു. അങ്ങനെയാണ് ലോകത്തിലെ ആദ്യ മാതാപിതാക്കളായ ആദാമും, ഹവ്വയും സൃഷ്ടിക്കപ്പെട്ടത്. ഇരുവരും ഭാര്യാ ഭർത്താക്കന്മാരായി പരിപൂർണ്ണ ഐക്യത്തിലും, സന്തോഷത്തിലും വസിച്ചു വന്നു. 'ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു' എന്ന വസ്തുത ഇതര സൃഷ്ടികൾക്കില്ലാത്ത ഒരു ഉന്നത സ്ഥാനം മനുഷ്യന് നൽകപ്പെട്ടിട്ടുൺട് എന്നതിനെയാണ് വ്യക്തമാക്കുന്നത്. ദൈവത്തിന്റെ ഒരു വിശ്വസ്ത പ്രതിനിധിയായി മനുഷ്യൻ ഭൂമിയിലുള്ള മറ്റു ജന്തുക്കളുടെ മേൽ ഭരണം നടത്തി വന്നു. താൻ സൃഷ്ടിച്ചതെല്ലാം ദൈവം നോക്കി നല്ലതെന്നു കൺടു! അവൻ സകലത്തേയും അനുഗ്രഹിച്ചു.

മനുഷ്യരോ മറ്റു ജീവികളോ പാപത്തെക്കുറിച്ചോ, അതിന്റെ ശാപം, ശിക്ഷ എന്നിവയെക്കുറിച്ചോ അറിഞ്ഞിരുന്നില്ല. ദൈവം ആദാമിനോടും, ഹവ്വായോടും സംസാരിച്ചു. അവർ അവനോടും സംഭാഷണം ചെയ്യുകയും അനുഗ്രഹീതമായ ഒരു കൂട്ടായ്മ (Fellowship) നടത്തിവരികയും ചെയ്തു. എല്ലാ അനുഗ്രഹങ്ങൾക്കും അവർ യഥാർത്ഥ നന്ദിയുള്ളവരായിരുന്നു.

വിശുദ്ധ ബൈബിളിലെ ഒരു ഭാഗം വായിച്ച് നമ്മുടെ സ്രഷ്ടാവായ ദൈവത്തിന് നന്ദി അർപ്പിക്കാം.

''ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു
ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു
ഭാഷണമില്ല വാക്കുകളില്ല ശബ്ദം കേൾപ്പാനുമില്ല
ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും
ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു''.

(സങ്കീ. 19:1-4)

**ചിന്താവിഷയം:-**

നിങ്ങളെ സൃഷ്ടിച്ച് ദിനംപ്രതിയുള്ള എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തരുന്നതിന് ദൈവം സകല ഏർപ്പാടുകളും ചെയ്തിരിക്കുന്നു. നിങ്ങൾ ആ മഹത്തായ കാര്യത്തെ ഓർത്ത് അതിനായി ദൈവത്തെ സ്തുതിക്കുകയും, ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നുൺടോ? ദൈവത്തോടു നാം നന്ദി പ്രകടിപ്പിക്കുന്നില്ലാ എങ്കിൽ അത് വിഗ്രഹാരാധനക്ക് സമമാണ് എന്ന് ഓർക്കുക.

# പാഠം 2
# മനുഷ്യന്റെ പാപം

ലോകത്തിൽ അസമാധാനവും, ദുഃഖവും വ്യാപിക്കുവാൻ കാരണമെന്തെന്ന് നിങ്ങൾ ചിന്തിച്ചിട്ടുൺടോ? തിന്മ പ്രവർത്തിക്കുന്നതിനും, മറ്റുള്ളവരെ വെറുക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നതിനും, സ്വാഭാവികമായി ഒരു താല്പര്യം നമുക്ക് അനുഭവപ്പെടുന്നില്ലേ? സ്വാർത്ഥ ലാഭങ്ങൾക്കു വേൺടിയല്ലേ നാം പലപ്പോഴും നന്മ ചെയ്യുന്നത്? ഈ വിധ വസ്തുതകളെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ നമുഷ്യ ഹൃദയങ്ങളിൽ നിറഞ്ഞിരിക്കുന്ന 'തിന്മ' നമ്മെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്യും!

എന്നാൽ ഏദേൻ തോട്ടത്തിൽ വസിച്ചിരുന്ന ആദിമാതാപിതാക്കളെ 'തിന്മ' അശേഷം തീൺടിയിരുന്നില്ല. ദൈവ ഇഷ്ടത്തെ പരിപൂർണ്ണമായി അനുസരിച്ചു കൊൺട് അവർ എത്രയും വിശുദ്ധമായ ഒരു ജീവിതം നയിച്ചുവന്നു. അളവറ്റ സന്തോഷമാണ് അവർ അന്നും അനുഭവിച്ചിരുന്നത്. അങ്ങനെ ഇരിക്കെ ഒരു വലിയ പരീക്ഷകൻ അവിടെയും എത്തിച്ചേർന്നു. ദൈവത്തോട് അനുസരണക്കേട് കാണിക്കുവാൻ അവൻ അവരെ പ്രേരിപ്പിച്ചു. ദൈവ വചനത്തെ മാത്രം ശ്രദ്ധിച്ചു കൊൺടിരുന്ന ആ മനുഷ്യർ ഇപ്പോൾ പരീക്ഷകന്റെ വാക്കുകളേയും ശ്രദ്ധിക്കുവാൻ തുടങ്ങി. തൽഫലമായി അവരെ ദോഷത്തിലേക്കും അനുസരണക്കേടിലേക്കും നയിക്കുവാൻ ആ പരീക്ഷകനു (സാത്താനു) കഴിഞ്ഞു. അങ്ങനെ ആനന്ദത്തിന്റേയും, സൗഭാഗ്യത്തിന്റേയും കൊടുമുടിയിൽ വസിച്ചിരുന്ന ആ മനുഷ്യർ എത്രയും ദയനീയമായ വിധത്തിൽ പാപത്തിലും, ശാപത്തിലും അകപ്പെട്ടു പോയി. തൽഫലമായി അവർ തോട്ടത്തിൽ നിന്നും പുറം തള്ളപ്പെട്ടു പോയി. മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ തെറ്റ് എന്താണെന്ന് അറിയാമോ? കല്ല്, മരം, ലോഹം മുതലായവ കൊൺടുൺടാക്കിയ വിഗ്രഹങ്ങളെ ആരാധിക്കുന്നതും മറ്റുമല്ല; പ്രത്യുത ദൈവത്തെപ്പറ്റി അവനിൽ ഉൺടായിരിക്കുന്ന സംശയവും ദൈവത്തോടു കാണിക്കുന്ന അനുസരണക്കേടുമാണ്. പാപിയിൽ നിന്ന് ജനിക്കുന്നതും പാപിയായിരിക്കുമല്ലോ? ആ വിധത്തിൽ പാപികളിൽ നിന്നും 'ജന്മപാപ'മുള്ള മനുഷ്യർ ജനിക്കുന്നു. അങ്ങനെ പാപം തലമുറ തലമുറയായി മനുഷ്യനിൽ വളർന്നു കൊൺടുതന്നെ ഇരിക്കുന്നു.

മനുഷ്യൻ ദൈവത്തെ ആശ്രയിക്കുകയും അവനെ അനുസരിക്കുകയും ചെയ്യേൺട ആവശ്യമെന്ത്? എന്തുകൊൺട് അവന് തന്നിൽത്തന്നെ ആശ്രയിച്ചുകൂടാ? എന്നീ ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ ഉദിക്കുന്നില്ലേ? തിന്മ നിറഞ്ഞവരും, പാപികളുമായ നാം നമ്മിൽത്തന്നെ ആശ്രയിച്ചാൽ പാപത്തിന്റെ ശിക്ഷയിലും ശാപത്തിലും എന്നന്നേക്കുമായി അകപ്പെട്ടു പോവും എന്നതായിരിക്കുമല്ലോ അതിന്റെ ഫലം.

ആദാമും ഹവ്വയും തങ്ങൾ ചെയ്ത തെറ്റുകളെപ്പറ്റി തികച്ചും ബോധവാന്മാരായിരുന്നു എങ്കിലും അതിനെ മറച്ചുവെക്കുവാനും പരസ്പരം കുറ്റപ്പെടുത്തുവാനും അവർ ഒരു വിഫല ശ്രമം നടത്തുകയുണ്ടായി. കുറ്റം സമ്മതിക്കുവാനോ, മോചനത്തിനായി യാചിക്കുവാനോ അവർ തയ്യാറായില്ല.

പാപമാകുന്ന ആ കഠിന രോഗം ലോകത്തിൽ വ്യാപിക്കുക തന്നെ ചെയ്തു. കുറെ നാളുകൾക്കു ശേഷം അവരുടെ മൂത്ത പുത്രനായ 'കയീൻ' സ്വന്തം അനുജനായ 'ഹാബേലി'നെ നിർദ്ദയം വധിക്കത്തക്ക വിധത്തിൽ പാപം അത്ര ഭയങ്കരമായിത്തീർന്നു! എങ്കിലും കൃപാലുവായ ദൈവം ആദാമിനേയും ഹവ്വായേയും തോട്ടത്തിൽ നിന്നും ഓടിക്കുന്നതിനു മുമ്പ് അവർക്ക് ഒരു മഹത്തായ വാഗ്ദത്തം നൽകുകയുണ്ടായി. ''ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും, തമ്മിൽ ശത്രുത്വം ഉൺടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും'' (ഉല്പ.8:15).

ഈ വാക്കുകളിൽ കൂടെ ദൈവം മനുഷ്യ വർഗ്ഗത്തിന് ഒരു രക്ഷിതാവിനെ വാഗ്ദത്തം ചെയ്തു. ആ രക്ഷിതാവ് 'സ്ത്രീയുടെ സന്തതി'യായി പാപത്തേയും മരണത്തേയും നിർമ്മൂലമാക്കുന്നതിന് ഈ ലോകത്തിൽ അവതരിക്കുമെന്ന് ദൈവം അറിയിച്ചു. പരീക്ഷകന് രക്ഷിതാവിന്റെ 'കുതികാൽ തകർക്കുവാൻ' കഴിയും. രക്ഷിതാവാകട്ടെ 'അവന്റെ തലയെ തകർക്കുന്നതായിരിക്കും'. പാപികളായിത്തീർന്ന ആദാമിന്റേയും ഹവ്വയുടേയും ഹൃദയത്തിൽ ഈ വാഗ്ദത്തം ഹേതുവായി ഒരു പുതിയ പ്രത്യാശ ഉദിച്ചുയർന്നു.

പരീക്ഷകൻ രക്ഷിതാവിന്റെ കുതികാൽ തകർത്തതെങ്ങനെ എന്നും, രക്ഷിതാവ് പരീക്ഷകന്റെ തല തകർത്തതെങ്ങനെയെന്നും അവസാന പാഠങ്ങളിൽ നാം പഠിക്കുന്നതാണ്.

**ചിന്താവിഷയം:-**

എല്ലാ മനുഷ്യരും പാപികളാണ് എന്നതിനേക്കാൾ വ്യസനകരമായ ഒരു വസ്തുത ലോകത്തിലില്ല. ദൈവം സകലത്തേയും നന്നായി സൃഷ്ടിച്ചു. എന്നാൽ മനുഷ്യൻ പാപം ചെയ്യുകയും, ചെയ്തു കൊൺടിരിക്കുകയും ചെയ്യുന്നു. നിങ്ങൾക്കും ഒരു രക്ഷിതാവിന്റെ ആവശ്യം ഉൺടെന്നു തോന്നുന്നുവോ?

## പാഠം 3
## നോഹയും ജലപ്രളയവും

വളരെക്കാലം നോഹ (നൂഹ്) ഒരു വലിയ പെട്ടകം (കപ്പൽ) പണിയുന്നതിൽ വ്യാപൃതനായിരുന്നു. അക്കാലത്ത് ജനങ്ങൾ സത്യദൈവത്തെക്കുറിച്ച് അറിഞ്ഞിരുന്നു എങ്കിലും അവനെ അനുസരിച്ചിരുന്നില്ല. അവർ തോന്നിയതുപോലെ ജീവിച്ചു വന്നു. നോഹ ജനത്തോട് തിന്മ നിറഞ്ഞ മാർഗ്ഗങ്ങളുപേക്ഷിച്ച് ദൈവത്തെ സേവിക്കണമെന്ന് ഉപദേശിച്ചു. എന്നാൽ അവനെ പരിഹസിച്ചതല്ലാതെ അനുസരിക്കുവാൻ ജനങ്ങൾ തയ്യാറായില്ല. കപ്പലിന്റെ പണി പൂർത്തിയായി. നോഹയും കുടുഃബവും അതിൽ പ്രവേശിച്ചു. എല്ലാ ജീവജാലങ്ങളിൽ നിന്നും ഈരൺടു വീതം കപ്പലിൽ പ്രവേശിക്കപ്പെട്ടു. ജനങ്ങൾ അപ്പോഴും പരിഹാസ വർഷം ചൊരിഞ്ഞു കൊൺടു തന്നെയിരുന്നു. വേഗത്തിൽ അവരുടെ മുഖഭാവം മാറി. അവർ ഭയചകിതരായിത്തീർന്നു! തുടർന്നുൺടായ സംഭവത്തെ വി.ബൈബിൾ ഇങ്ങനെ വിവരിക്കുന്നു:-

'ഭൂമിയിൽ നാല്പതു ദിവസം ജലപ്രളയമുൺടായി. വെള്ളം വർദ്ധിച്ചു, പെട്ടകം പൊങ്ങി നിലത്തു നിന്നുയർന്നു. വെള്ളം പൊങ്ങി. ഭൂമിയിൽ ഏറ്റവും പെരുകി. പെട്ടകം വെള്ളത്തിൽ ഒഴുകിത്തുടങ്ങി. കരയിലുള്ള സകലത്തിലും മൂക്കിൽ ശ്വാസമുള്ളതൊക്കെയും ചത്തു. ഭൂമിയിൽ മനുഷ്യരും, മൃഗങ്ങളും, ഇഴജാതിയും, ആകാശത്തിലെ പറവകളുമായി ഭൂമിയിൽ ഉൺടായിരുന്ന സകല ജീവജാലങ്ങളും നശിച്ചുപോയി. നോഹയും, അവനോടുകൂടെ പെട്ടകത്തിലുൺടായിരുന്നവരും മാത്രം ശേഷിച്ചു. വെള്ളം ഭൂമിയിൽ നൂറ്റമ്പതു ദിവസം പൊങ്ങിക്കൊൺടിരുന്നു' (ഉല്പത്തി. 7:17-24).

പ്രളയത്തിനു ശേഷം നോഹ ഒരു യാഗപീഠം പണിത് ദൈവത്തിന് യാഗം കഴിച്ചു. മനുഷ്യഹൃദയങ്ങൾ ദോഷമുള്ളതാണെങ്കിലും ഒരിക്കലും പ്രളയം നിമിത്തം ഭൂമി നശിപ്പിക്കപ്പെടുകയില്ല എന്ന് ദൈവം വാഗ്ദത്തം ചെയ്യുകയും അടയാളമായി ആകാശത്ത് 'മഴവില്ല്' സ്ഥാപിക്കുകയും ചെയ്തു. ഇന്നും മഴവില്ല് പ്രസ്തുത വാഗ്ദത്തത്തെ ഓർമ്മപ്പെടുത്തുകയാണ്. കൂടാതെ ദൈവ മുമ്പിൽ വിശ്വസ്തതയോടു കൂടെ ജീവിച്ച നോഹയേയും അതു ഓർമ്മപ്പെടുത്തുന്നു. അവൻ സകലരാലും ഒറ്റപ്പെടുത്തപ്പെട്ടു. തന്നെ പരിഹസിച്ചുകൊൺടിരുന്നവരുടെ മദ്ധ്യേ അവന് പാർക്കേൺടതായി വന്നു. എങ്കിലും അവൻ ഒറ്റപ്പെട്ടു പോയില്ല. എന്തുകൊൺടെന്നാൽ ദൈവം അവനോട് കൂടെ ഉൺടായിരിക്കുകയും അവൻ ദൈവവുമായുള്ള കൂട്ടായ്മയിൽ സന്തോഷിക്കുകയും ചെയ്തു. ദൈവം തന്നെ പരിപാലിക്കുകയും, നയിക്കുകയും ചെയ്യുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. തിന്മയ്ക്ക് മനുഷ്യന്റെ മേലുള്ള ശക്തിയെ നിർമ്മൂലനം ചെയ്യുന്നതിന് രക്ഷിതാവിനെ അയക്കുമെന്ന് ആദാമിനും ഹവ്വക്കും ദൈവം നൽകിയിരുന്ന 'വാഗ്ദത്തം' കപ്പൽ പണിയുന്ന സന്ദർഭങ്ങളിലും മറ്റു വിഷമ സന്ധികളിലും നോഹ ഓർക്കുകയും അതിൽ നിന്ന് നവചൈതന്യവും ഉന്മേഷവും പ്രാപിക്കുകയും ചെയ്തിരുന്നു. ദൈവത്തിന് പാപത്തോടുള്ള കോപവും, ജലപ്രളയം ഓർമ്മപ്പെടുത്തുകയാണ്. നാം പാപം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ദൈവത്തിനെതിരായിട്ടാണ് ചെയ്യുന്നത്.

നോഹയെപ്പോലെ നമുക്കും ദൈവത്തിന്റെ അനുഗ്രഹകരമായ വാഗ്ദത്തങ്ങൾ ഓർമ്മിക്കുകയും അവനോടു കൂടെ നടക്കുകയും ചെയ്യാം. അവൻ എന്നും ശക്തനും, വിശ്വസ്തനും അത്രേ.

**ചിന്താവിഷയം:-**

നിങ്ങൾ ഇനി മഴവില്ലിനെ കാണുമ്പോൾ ദൈവം നോഹയുമായി ഉൺടാക്കിയ ഉടമ്പടി ഓർക്കുക. വിശ്വസ്തനായ നോഹ നിമിത്തമാണ് ദൈവം നാം ഉൾപ്പെടുന്ന മനുഷ്യ വർഗ്ഗത്തെ സംരക്ഷിച്ചതെന്ന് സ്മരിക്കാം. ദൈവത്തിന് മഹത്വം ഉൺടാകട്ടെ!

## പാഠം 4
## ദൈവത്തിന്റെ സ്നേഹിതനായ അബ്രഹാം

ദൈവം നോഹയേയും കുടുഃബത്തേയും രക്ഷിച്ചതും അവിശ്വാസികളെ ശിക്ഷിച്ചതും ജനങ്ങളുടെ സ്മൃതിപഥത്തിൽ മായാത്ത മുദ്രകൾ ചാർത്തി. എന്നിട്ടും പിൽക്കാലത്തിൽ അവർ വിഗ്രഹങ്ങളെ നിർമ്മിച്ച് ആരാധിക്കുകയും, ദുഷ്പ്രവർത്തികൾ ചെയ്യുകയും ചെയ്തു. 'മനുഷ്യർ' അഹങ്കാരികളായിത്തീർന്നു എന്നതാണ് വി.ബൈബിൾ പറയുന്നത്. എന്നാൽ നോഹയുടെ പുത്രന്മാരിൽ ഒരുവനായ അബ്രഹാം (ഇബ്രാഹിം) തികച്ചും വ്യത്യസ്തനായിരുന്നു. ദൈവം അവനോട്: 'നീ നിന്റെ ദേശത്തേയും പിതൃഭവനത്തേയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക' (ഉല്പത്തി.12:1) എന്ന് കല്പിച്ചു. അബ്രഹാം ദൈവത്തിൽ ആശ്രയിച്ചതുകൊൺട് ദൈവകല്പന അനുസരിച്ചു. അവൻ സ്വദേശം വിട്ടു 'കനാൻ' എന്ന രാജ്യത്തിലേക്കു പോയി. അവന്റെ ഭാര്യയും, സഹോദരനും അവനെ അനുഗമിച്ചു. ആ ദേശം അബ്രഹാമിന്റെ സന്തതികൾക്ക് അവകാശമായി നൽകുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു. കൂടാതെ ചുവടെ ചേർത്ത മറ്റു വാഗ്ദത്തങ്ങളും നൽകപ്പെട്ടു.

1. അവൻ അബ്രഹാമിനെ പുറത്തുകൊൺടു ചെന്നു: 'നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങിനെ ആകും എന്നും അവനോട് കല്പിച്ചു'. അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു (ഉല്പത്തി. 15:5-6).

2. 'നിന്റെ സന്തതി മുഖാന്തിരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും'. (ഉല്പത്തി. 22:18).

രൺടാമത്തേതിൽ വാഗ്ദത്ത രക്ഷിതാവ് അബ്രഹാമിന്റെ സന്തതികളിൽ നിന്ന് ജനിക്കുമെന്ന് ദൈവം സൂചിപ്പിച്ചു. യഥാർത്ഥത്തിൽ അവൻ മുഖാന്തിരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെട്ടുവല്ലോ! എവിടേക്കാണ് പോകുന്നത് എന്ന് അറിഞ്ഞിരുന്നില്ല എങ്കിലും ദൈവനിയോഗമനുസരിച്ച് അവൻ തന്റെ സ്വന്ത ദേശത്തേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ച് യാത്രയായി. ദൈവത്തിലുള്ള ദൃഢവിശ്വാസം മാത്രമാണ് അതിന് അവനെ പ്രേരിപ്പിച്ചത്.

അവന്റെ ഭാര്യ സാറാ ആയിരുന്നു. അവർക്ക് മക്കളുൺടായിരുന്നില്ല. 90 വയസ്സായ ആ വന്ധ്യ (മച്ചി)യോട് 'നീ എണ്ണമറ്റ ഒരു ജനസമൂഹത്തിന്റെ മാതാവായിത്തീരുമെന്ന്' ദൈവം വാഗ്ദത്തം ചെയ്തു. ഇത്രയും വാർദ്ധക്യം ബാധിച്ചിരുന്നവളിൽ ഈ വാഗ്ദത്തം നിറവേറും എന്ന് വിശ്വസിക്കുവാൻ ആർക്കു കഴിയും? അവൾക്ക് അതിൽ സംശയം ജനിച്ചു. എങ്കിലും 'ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ല' എന്ന് അബ്രഹാം വിശ്വസിച്ചു. ദൈവ വാഗ്ദത്തമനുസരിച്ച് 'വൃദ്ധ'യായ സാറാ ഒരു മകനെ പ്രസവിച്ചു. ഉല്ലാസഭരിതരായ ആ മാതാപിതാക്കൾ തങ്ങളുടെ ശിശുവിന് 'യിസഹാക്ക്' എന്ന് നാമകരണം ചെയ്തു. യിസഹാക്കിന്റെ മകനായിരുന്നു 'യാക്കോബ്' (ഇവന് 'യിസ്രായേൽ' എന്നും പേരുൺട്). ലോകത്തിലെ സകല വംശങ്ങളും 'യിസ്രായേലിന്റെ സന്തതി' മുഖാന്തിരം അനുഗ്രഹിക്കപ്പെടുമെന്നുള്ള ഉടമ്പടി ദൈവം അവർക്ക് ആവർത്തിച്ചു നൽകി. ആദാമിനും ഹവ്വക്കും നൽകപ്പെട്ട വാഗ്ദത്തം യിസ്രായേലിൽ കൂടി ഈ വിധത്തിൽ തുടർന്നു വരികയാണ്.

അബ്രഹാമിന് വളരെ പരീക്ഷകളും ക്ലേശങ്ങളും സഹിക്കേൺടതായി വന്നു. അവ അവന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. വി.ബൈബിൾ അവനെ 'ദൈവത്തിന്റെ സ്നേഹിതൻ' എന്നും സംബോധന ചെയ്യുന്നു. അബ്രഹാമിനെപ്പോലെ നാമും ഹൃദയപൂർവ്വം ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തിന്റെ സ്നേഹിതരാവുകയും ചെയ്തെങ്കിൽ! ഏകദേശം 2000 വർഷങ്ങൾക്കു ശേഷം മശിഹയാകുന്ന യേശു ഇപ്രകാരം പറഞ്ഞു:—

> 'നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണുമെന്നുള്ളതു കൊൺട് ഉല്ലസിച്ചു; അവൻ കാണുകയും സന്തോഷിക്കുകയും ചെയ്തു'.
> (യോഹന്നാൻ 8:55).

**ചിന്താവിഷയം:-**

ദൈവത്തിന്റെ സ്നേഹിതനായിരിക്കുക എന്നത് എത്ര അഭികാമ്യമാണ്! വാസ്തവത്തിൽ ദൈവത്തിന്റെ 'അടിമ' ആയിരിക്കുന്നതിനേക്കാൾ വളരെ മെച്ചമായതാണ് 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന പദവി. ദൈവം നമ്മെ തന്റെ 'മക്കൾ' ആക്കിത്തീർക്കുവാനാണ് ആഗ്രഹിക്കുന്നത്. ഈ അനുഗ്രഹീതമായ അവസ്ഥയെപ്പറ്റി ചിന്തിക്കുക!

## പാഠം 5
## പ്രവാചകനായ മോശ

യാക്കോബിന് (അബ്രഹാമിന്റെ പൌത്രൻ) പന്ത്രണ്ട് പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഒരുവനായ യോസേഫ് (യൂസഫ്) ഈജിപ്പ്തിലെ രാജാവിന്റെ (ഫറവോൻ) മുഖ്യ മന്ത്രി (വിസിയർ) ആയിത്തീർന്നു. കനാൻ ദേശത്ത് ക്ഷാമം ബാധിച്ചതിനാൽ യാക്കോബും കുടുഃബവും ഈജിപ്റ്റിൽ ചെന്നു പാർത്തു. അനന്തരം ഭരണമേറ്റ രാജാവ് അവരെ വിരോധിക്കുകയും, അടിമകളാക്കുകയും ചെയ്തു. ഇങ്ങിനെ അവർക്ക് ദുരിത സമ്പൂർണ്ണമായ ഒരു ജീവിതം നയിക്കേണ്ടി വന്നു. ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്തിരുന്നതു പോലെ അവന്റെ സന്തതികൾ എണ്ണത്തിൽ എത്രയും വർദ്ധിച്ചിരുന്നു. ഫറവോൻ അവരുടെ ജനപ്പെരുപ്പം കണ്ടു ഭയപ്പെടുകയും ഇനിമേൽ ജനിക്കുന്ന എല്ലാ ആൺകുട്ടികളേയും കൊന്നു കളയണമെന്ന് കല്പ്പിക്കുകയും ചെയ്തു. എന്നാൽ ഒരു ശിശു മാത്രം രക്ഷ പ്രാപിക്കുകയും ഫറവോന്റെ പുത്രിയുടെ വളർത്തുമകനായി കൊട്ടാരത്തിൽ വളരുകയും ചെയ്തു. അവനാണ് മോശ (മൂസ).

മോശ വളർന്നപ്പോൾ ഇസ്രായേൽ ജനങ്ങളുടെ പരിതാപകരമായ നിലകൺട് അവരെ സഹായിക്കുവാൻ ചില്ലറ ശ്രമങ്ങൾ നടത്തി. തൽഫലമായി പ്രാണരക്ഷാർത്ഥം മരുഭൂമിയിൽ അഭയം പ്രാപിക്കേൺടതായി വന്നു. ഒരു ദിവസം ഒരു കുറ്റിക്കാട്ടിൽ (മുൾപടർപ്പ്) അഗ്നി കത്തിക്കൊൺടിരിക്കുന്നു എങ്കിലും അത് അശേഷം കരിയാതിരിക്കുന്നതായ അത്ഭുത കാഴ്ച അവൻ കൺടു. ആ മുൾപടർപ്പിൽ നിന്ന് ദൈവം മോശയോടു സംസാരിച്ചു. മിസ്രയീമിലുള്ള യിസ്രായേൽ ജനത്തിന്റെ യാതനകൾ കൺടു എന്നും അവരെ വിടുവിച്ച് പാലും തേനും ഒഴുകുന്ന ദേശമായ കനാനിലേക്കു കൊൺടു പോകുവാൻ അവനെ നിയോഗിക്കുന്നു എന്നും കല്പിച്ചു. ദൈവ നിയോഗമനുസരിച്ച് മോശയും സഹോദരനായ അഹരോനും ഫറവോനെ സമീപിച്ചു. എന്നാൽ ദൈവ വാക്യത്തെ അവൻ തൃണവൽക്കരിക്കുകയാണ് ചെയ്തത്. അതുകൊൺട് ദൈവം ഒന്നൊന്നായി ഒൻപത് ബാധകളെ ഈജിപ്റ്റ് നിവാസികളുടെ മേൽ അയച്ചു. അതുനിമിത്തം അവർ വളരെ യാതനകൾ അനുഭവിച്ചു എങ്കിലും ഹൃദയത്തെ കഠിനപ്പെടുത്തിയതല്ലാതെ ജനത്തെ വിട്ടയക്കുവാൻ ഫറവോൻ തയ്യാറായില്ല. ഒടുവിലായി ദൈവം ഇസ്രായേൽ ജനത്തോട് അവരുടെ മോചനം സമാഗതമായിരിക്കുന്നു എന്നും, യാത്രക്ക് തയ്യാറാകണമെന്നും, ഓരോ കുടുഃബവും ഓരോ ആട്ടിൻ കുട്ടിയെ അറുത്തു രക്തം കട്ടളപ്പടിമേൽ പുരട്ടണമെന്നും കല്പിച്ചു. വി.ബൈബിൾ ഈ വിധത്തിൽ ആ സംഭവത്തെ വിവരിക്കുന്നു:-

''ഈ രാത്രിയിൽ ഞാൻ മിസ്രയീം ദേശത്തു കൂടി കടന്ന് മിസ്രയീം ദേശത്തുള്ള മനുഷ്യന്റേയും, മൃഗത്തിന്റേയും കടിഞ്ഞൂലിനെ ഒക്കെയും സംഹരിക്കും. മിസ്രയീമിലെ സകല ദേവന്മാരിലും ഞാൻ ന്യായവിധി നടത്തും; ഞാൻ യഹോവയാകുന്നു. നിങ്ങൾ പാർക്കുന്ന

വീടുകളിന്മേൽ രക്തം അടയാളമായിരിക്കും. ഞാൻ അതു കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നു പോകും. ഞാൻ മിസ്രയീം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങൾക്കു നാശഹേതുവായിത്തീരുകയില്ല''. (പുറപ്പാട് 12:12-13).

അന്ന് ഈജിപ്റ്റിലുള്ള എല്ലാ ആദ്യജാതന്മാരും വധിക്കപ്പെട്ടു. ഗത്യന്തരമില്ലാതെ ഫറവോൻ യിസ്രായേൽ മക്കളെ വിട്ടയച്ചു. അവർ യാത്രയായ ശേഷം ഫറവോന്റെ മനസ്സിന് മാറ്റം വന്നു. അവൻ തന്റെ സൈന്യത്തെ അവരെ പിൻതുടരുവാൻ അയച്ചു. ചെങ്കടൽ കരയിലെത്തിയിരുന്ന ജനം സൈന്യം വരുന്നതു കണ്ട് ഭയവിഹ്വലരായി. ഉടൻ മോശ ദൈവ കല്പന പ്രകാരം വടി കടലിലേക്കു നീട്ടിയ തൽക്ഷണം കടൽ രണ്ടായി വിഭജിക്കപ്പെട്ടു. മദ്ധ്യേ ഉണങ്ങിയ നിലം ഉണ്ടായി. അതുവഴി അവർ യാത്ര തുടർന്നു. യിസ്രായേൽ ജനം മറുകര എത്തിയപ്പോൾ മോശ വടി കടലിലേക്ക് വീണ്ടും നീട്ടുകയും സമുദ്രം പൂർവ്വസ്ഥിതി പ്രാപിക്കുകയും ചെയ്തു. ഫറവോന്റെ സൈന്യങ്ങൾ ഒന്നടങ്കം കടലിൽ മുങ്ങിപ്പോയി. ജനങ്ങൾ എത്രയും സന്തോഷത്തോടെ വാഗ്ദത്ത ദേശത്തേക്ക് യാത്ര തുടർന്നു. യാത്രാ മദ്ധ്യേ 'സീനായി' മലയിൽ വെച്ച് ദൈവം അവർക്കു കല്പനകളും നിയമങ്ങളും നല്കി. സുപ്രസിദ്ധങ്ങളായ '10 കല്പനകൾ' ഈ സന്ദർഭത്തിലാണ് നൽകപ്പെട്ടത്. അവക്ക് 'ന്യായപ്രമാണം' എന്നും പേർ ഉണ്ട്. അതിൽ ഒന്നാമത്തെ കല്പനയെ വി.ബൈബിളിൽ നിന്ന് ഉദ്ധരിക്കാം:-

> ''മിസ്രയീം ദേശത്തു നിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിലും, താഴെ ഭൂമിയിലും, ഭൂമിക്കു കീഴെ വെള്ളത്തിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്കരിക്കുകയോ, സേവിക്കുകയോ ചെയ്യരുത്''.

പ്രസ്തുത കല്പനകളുടെ ചുരുക്കം എന്താണെന്ന് മശിഹയായ യേശു പറയുകയുണ്ടായി:-

> ''നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോട് സമം. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം'' (മത്തായി.22:37-39).

ഈ വിധ കല്പനകൾക്കു പുറമേ അതിമഹത്തായ ഒരു വാഗ്ദത്തവും ദൈവം അവർക്കു നല്കി. അതിപ്രകാരമാണ്:-

> ''നിങ്ങളുടെ ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരന്മാരുടെഇടയിൽ നിന്നു എഴുന്നേല്പിച്ചു തരും..........................നിങ്ങൾ അവന്റെ വാക്കു കേൾക്കണം'' (ആവർത്തനം 18:15).

അതായത് അവരുടെ പിൻതലമുറയിൽ നിന്നും വേറൊരു പ്രവാചകൻ പ്രത്യക്ഷപ്പെടുമെന്ന് സാരം. നൂറ്റാണ്ടുകൾക്കു ശേഷം യേശു മോശയെക്കുറിച്ച് സംസാരിക്കുമ്പോൾ 'അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു' എന്ന് പ്രസ്താവിക്കുകയുണ്ടായി (യോഹ. 5:46).

**ചിന്താവിഷയം:-**

ദൈവത്തിന്റെ കല്പനകൾ പഠിക്കുക! മനുഷ്യരെ സംബന്ധിച്ചിടത്തോളം അവന്റെ ഇഷ്ടം എന്താണെന്നു അവ കാണിക്കുന്നു. അവൻ വിശുദ്ധനാണെന്ന് അതു സ്പഷ്ടമാക്കുന്നു. ഇസ്രായേലിന് നൽകിയ വിടുതലിനെപ്പറ്റി ചിന്തിക്കുക! അവന്റെ അതിരറ്റ സ്നേഹം അത് വെളിപ്പെടുത്തുന്നു. അത്യുന്നതനും, വിശുദ്ധനുമായ ദൈവത്തിന് മഹത്വം ഉൺടാകട്ടെ!

## പാഠം 6
## ഇയ്യോബ്

നോഹ, അബ്രഹാം, തുടങ്ങിയ ഭക്തന്മാർക്കുപോലും പലവിധ ക്ലേശങ്ങൾ സഹിക്കേൺടിവന്ന കാരണത്തെപ്പറ്റി ചിന്തിച്ചിട്ടുൺടോ? എല്ലാ ജനങ്ങളും പ്രവാചകന്മാർ പോലും പാപികളായിരുന്നതു കൊൺട് അവരുടെ പാപത്തിന്റെ ഫലമായി അവർ കഷ്ടപ്പെടുകയാണ്. ദൈവത്തെ അനുസരിക്കുന്നവരും ചിലപ്പോൾ അഭക്തരോടൊപ്പം ദുരിതങ്ങൾ അനുഭവിക്കുന്നുൺട്. രോഗം, അഗ്നിബാധ, വെള്ളപ്പൊക്കം, യുദ്ധം, തുടങ്ങിയ ആപത്തുകൾ വിശ്വാസികളേയും, അവിശ്വാസികളേയും ഒരുപോലെ ബാധിക്കുന്നുവല്ലൊ? വിശ്വാസികൾക്ക് ദുരിതങ്ങൾ നേരിടുന്നതിനുള്ള കാരണത്തെപ്പറ്റി നൂറ്റാൺടുകളായി മനുഷ്യർ ചിന്തിച്ചുകൊൺടാണിരിക്കുന്നത്.

ചിലർ ദൈവം ഇല്ലെന്നും, ഉൺടെങ്കിൽ അവൻ മനുഷ്യരെ ശ്രദ്ധിക്കുന്നില്ല എന്നും, വേറെ ചിലർ മനുഷ്യജീവിതം വിധിയുടെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നും, തുടങ്ങിയ നിഗമനങ്ങളിൽ എത്തിച്ചേർന്നു. എന്തായാലും ഇവയൊന്നിനോടും പ്രവാചകന്മാർ യോജിക്കുന്നില്ല.

ഉത്തമ ഭക്തനായിരുന്ന ഇയ്യോബിന്റെ (അയൂബ്) ഉദാഹരണം നോക്കുക. അവന് ഒരു വലിയ കുടുഃബവും എണ്ണമറ്റ സമ്പത്തും ഉൺടായിരുന്നു. അവനും കുടുഃബവും ആത്മാർഥമായി ദൈവത്തെ സേവിക്കുകയും, അനാഥരേയും അംഗഹീനരേയും സഹായിക്കുകയും ചെയ്തു വന്നു. ലൗകീകാനുഗ്രഹങ്ങളായ ധനം, മാനം, എന്നിവ നിർല്ലോഭമായി ലഭിക്കുവാൻ വേൺടിയാണ് ഇയ്യോബ് ഈ വിധ ഭക്തി കാണിക്കുന്നതെന്ന് പിശാച് കുറ്റപ്പെടുത്തി. അപ്പോൾ ഈ ആരോപണത്തിന്റെ യാഥാർത്ഥ്യം പരീക്ഷിക്കേൺടതിന് അവനെ ദൈവം സാത്താന്റെ കയ്യിൽ ഏല്പിച്ചു. തൽഫലമായി അവന്റെ സ്വത്തെല്ലാം നഷ്ടമായി. ശരീരം പരുക്കൾ കൊൺടു നിറഞ്ഞു. മക്കൾ മരിച്ചു പോയി. ഇതെല്ലാം അറിഞ്ഞ ജനങ്ങൾ അവനെപരിഹസിക്കുകയും. കുറ്റപ്പെടുത്തുകയും ചെയ്തു. അവൻ ചെയ്ത ഏതോ കഠിന പാപമായിരിക്കും

ഇതിനു കാരണമെന്ന് അവർ പറഞ്ഞു. ഇയ്യോബിനും ജീവിതത്തോട് കയ്പ് തോന്നി. നിരാശയുടെ അഗാധതയിലേക്ക് ആൺടുപോയി. എങ്കിലും ദൈവാശ്രയത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ അവൻ തയ്യാറായില്ല. അങ്ങനെ അവനുൺടായ പരീക്ഷാഘട്ടത്തെ അവൻ വിജയപൂർവ്വം നേരിട്ടു. ഏതു പ്രാണ സങ്കടത്തിലും ദൈവത്തിലുള്ള വിശ്വാസവും, ആശ്രയവും കൈവിട്ടില്ല എന്നതാണ് ഇയ്യോബിന്റെ വിജയ രഹസ്യം. പരീക്ഷക്കു ശേഷം മുമ്പുൺടായിരുന്നതിലും അധികം നന്മകൾ നൽകി ദൈവം അവനെ അനുഗ്രഹിച്ചു. കഷ്ടതയിൽ കൂടി അവൻ അധികം അനുഗ്രഹിക്കപ്പെട്ടവനായിത്തീർന്നു എന്നും ദൈവത്തെ കൂടുതലായി അറിയുവാൻ ഇടവന്നു എന്നും ഉള്ള വസ്തുതകൾ നാം എന്നും ഓർക്കേൺടതാണ്.

മാത്രവുമല്ല നിരാശയുടെ മദ്ധ്യത്തിൽ അവന്റെ മനസ്സിൽ ഒരു പുതിയ പ്രത്യാശ ഉദിച്ചുയർന്നു. അവൻ ഈ വിധം പറഞ്ഞു:-

> ‘‘എന്നെ വീൺടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും; ഞാൻ തന്നെ അവനെ കാണും; അന്യനല്ല എന്റെ സ്വന്തം കണ്ണ് അവനെ കാണും’’ (ഇയ്യോബ് 19:25-27).

ഇയ്യോബിന്റെ ജീവിതം നമുക്ക് ഒരു ഉത്തമ മാതൃകയാണ്. നമ്മുടെ പ്രയാസങ്ങൾ വിധിയുടെ ശാപമല്ല. കഷ്ടങ്ങളിൽ കൂടെ നമ്മെ അനുഗ്രഹിക്കുവാനും തന്റെ സ്നേഹം കാണിക്കുവാനും അവനു കഴിയും. അന്ത്യ നാളിൽ നമ്മുടെ കണ്ണുകളാൽ നാം കാണാനിരിക്കുന്ന ദൈവം നമ്മുടെ വീൺടെടുപ്പുകാരനാണ്. ആ വീൺടെടുപ്പുകാരൻ ഉന്നതനും സ്നേഹവാനുമായിരിക്കുന്നു എന്ന് സ്പഷ്ടമായി ഗ്രഹിക്കുവാൻ നാം അനുഭവിക്കേൺടി വരുന്ന കഷ്ടങ്ങൾ നമ്മെ സഹായിക്കുക തന്നെ ചെയ്യും. ദൈവം ഏതു വിധത്തിൽ നമ്മുടെ വീൺടെടുപ്പുകാരനായിരിക്കുന്നു എന്നും, അന്ത്യനാളിനു വേൺടി നമ്മെ എങ്ങനെ ഒരുക്കുന്നു എന്നും തുടർന്നുള്ള പാഠങ്ങളിൽ നാം പഠിക്കുന്നതാണ്.

ചിന്താവിഷയം:-

> വിശുദ്ധനും സ്നേഹവാനുമായ ദൈവം നമ്മുടെ വീൺടെടുപ്പുകാരനാകുന്നു. ഏതു പ്രയാസമുള്ള സമയത്തും നമ്മെ സഹായിക്കുവാൻ അവനു കഴിയും. വീൺടും ഉയിർത്തെഴുന്നേറ്റ് ദൈവത്തോടു കൂടെ എന്നേക്കും ജീവിക്കുമെന്നുള്ള പ്രത്യാശ നിങ്ങൾക്കുൺടോ?

## പാഠം 7
## ദാവീദുരാജാവ്

മോശയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനങ്ങൾ പലസ്തീനാ നാട്ടിൽ എത്തുകയും താമസമുറപ്പിക്കുകയും ചെയ്തു. അനേക വർഷങ്ങൾക്കു ശേഷം യിശ്ശായിയുടെ പുത്രന്മാരിൽ ഒരുവനായ 'ദാവീദ്' അവരുടെ രാജാവായിത്തീർന്നു. അവൻ യെരുശലേമിനെ (അൽ-ഖുദുസു) തന്റെ തലസ്ഥാന നഗരിയാക്കി പണിതു. അവന്റെ കഴിവുറ്റ ഭരണത്തിൻ കീഴിൽ യിസ്രായേൽ വിപുലവും, സുശക്തവുമായ ഒരു രാഷ്ട്രമായി ഉയർന്നു. അവൻ മഹാനായ ഒരു രാജാവും, പ്രവാചകനുമായിരുന്നു എങ്കിലും പാപത്തിന്റെ മാലിന്യത്തിൽ നിന്നും സ്വതന്ത്രനായിരുന്നില്ല. പാപത്തിന്റെ ഫലമായി ദാവീദിനു വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടതായി വന്നു. പാപബോധമുണ്ടായപ്പോൾ അവൻ ഈവിധം പാടി:-

> ''ദൈവമേ നിന്റെ ദയക്കു തക്കവണ്ണം എന്നോടു കരുണയുണ്ടാകേണമേ, നിന്റെ കരുണയുടെ ബഹുത്വ പ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ; എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ. ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. അന്തർഭാഗത്തിലെ സത്യമല്ലൊ നീ ഇച്ഛിക്കുന്നത്. അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ. ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന് എന്നെ കഴുകേണമേ...........നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ. നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ. മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ''(സങ്കീർത്തനം 51:1-12).

നാമും വിശുദ്ധനായ ദൈവത്തിനെതിരായി അനേകം പാപങ്ങൾ ചെയ്തിരിക്കുന്നു എന്നു മനസ്സിലാക്കിയെങ്കിൽ! ദാവീദിനെപ്പോലെ രക്ഷിതാവായ ദൈവത്തിങ്കലേക്കു തിരിഞ്ഞുവെങ്കിൽ എത്ര ഭാഗ്യവാന്മാരാകുമായിരുന്നു! നമ്മിൽ ഒരു ശുദ്ധ ഹൃദയം സൃഷ്ടിക്കുവാനും തന്റെ ആത്മാവിനെ നല്കുവാനും ദൈവത്തിനു മാത്രമെ കഴിയുകയുള്ളു.

ദൈവം രക്ഷകനാണെന്നുള്ള വസ്തുത ദാവീദ് ഗ്രഹിച്ചു. ദൈവം ദാവീദിന് താഴെ കാണും പ്രകാരമുള്ള ഒരു പ്രത്യേക വാഗ്ദത്തം നൽകി. 'നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറച്ചിരിക്കും' (2 ശമുവേൽ 7:16). ദാവീദ് മരിക്കുകയും അവന്റെ രാജ്യസ്ഥാനം നിന്നു പോകയും ചെയ്തു. 'എന്നേക്കും ഉറച്ചിരിക്കുന്ന' സിംഹാസനമേത്? അതാണ് വരുവാനുള്ള മശിഹയുടെ രാജത്വം. അങ്ങനെ ദൈവം മശിഹയെക്കുറിച്ചുള്ള വാഗ്ദത്തം അതതു കാലങ്ങളിൽ

കൂടുതൽ വ്യക്തമായ വിധത്തിൽ ആവർത്തിച്ചു കൊൺടിരുന്നു. ആദി മാതാപിതാക്കൾക്ക് ദൈവം ഒരു രക്ഷകനെ വാഗ്ദത്തം ചെയ്തുവല്ലോ. ആ രക്ഷകൻ അബ്രഹാമിന്റെ പിൻഗാമികളിൽ ഒരുവനായിരിക്കുമെന്നും ദാവീദിന്റെ രാജകീയ വംശത്തിൽ പെട്ടവനായിരിക്കുമെന്നും ഇപ്പോൾ നാം പഠിച്ചു കഴിഞ്ഞു. മാത്രവുമല്ല അവൻ എന്നേക്കും നിലനിൽക്കുന്ന ഒരു രാജ്യത്തിലെ രാജാവായിരിക്കും. ഈ രാജാവു മുഖാന്തിരമാണ് ദൈവം മനുഷ്യവർഗ്ഗത്തെ രക്ഷിച്ചത്.

**പ്രാർത്ഥന:-**

മഹാ കരുണയുള്ള ദൈവമേ; ഞങ്ങളുടെ ഹൃദയത്തിലെ ചിന്തകളെല്ലാം നിന്റെ മുമ്പിൽ ഇരിക്കുന്നുവല്ലോ. ഞങ്ങൾ നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നതിനും, സ്തുതിക്കുന്നതിനും ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധമാക്കേണമേ.

**ചിന്താവിഷയം:-**

തങ്ങളുടെ ഹൃദയങ്ങൾ സ്വന്തം പ്രവൃത്തി കൊൺട് ശുദ്ധമാക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്ന വളരെ പേർ ഉൺട്. ആ ചിന്താഗതി തികച്ചും അബദ്ധമാണ്. ദൈവത്തിനു മാത്രമേ മനുഷ്യ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ കഴിയുകയുള്ളു. പ്രാർത്ഥിമ്പോൾ ദാവീദിനെപ്പോലെ നിങ്ങളുടെ പാപങ്ങൾ ദൈവ മുമ്പാകെ ഏറ്റു പറയുകയും അവന്റെ വിശുദ്ധാത്മ ശക്തിയാൽ നിങ്ങളുടെ ഹൃദയം ശുദ്ധമാക്കുന്നതിനു അപേക്ഷിക്കുകയും ചെയ്യുക.

## പാഠം 8

## ഹോശയ്യ

ദാവീദ്, ശലോമോൻ എന്നീ രാജാക്കന്മാരുടെ കാര്യക്ഷമമായ ഭരണത്തിൻ കീഴിൽ യിസ്രായേൽ ഒരു സമുന്നത രാഷ്ട്രമായി ഉയർന്നു. എങ്കിലും ജനങ്ങൾ ദൈവത്തോട് മത്സരിച്ചു വന്നു എന്ന വസ്തുത മറക്കാവുന്നതല്ല. അതിബുദ്ധിമാനായ ശലോമോൻ (സുലൈമാൻ) പോലും ദൈവദത്തങ്ങളായ കഴിവുകളെ ദുരുപയോഗപ്പെടുത്തിയതായി കാണുന്നു. ധനം, കീർത്തി എന്നിവ ആർജ്ജിക്കുന്നതിൽ മാത്രമാണ് ഒടുവിലത്തെ കാലഘട്ടത്തിൽ അവൻ ശ്രദ്ധിച്ചത്. സാന്മാർഗ്ഗികമായും അവൻ വളരെ അധഃപതിച്ചു. അവിശ്വാസികളായ ഭാര്യമാരോടു ചേർന്ന് വിഗ്രഹങ്ങളെ ആരാധിച്ചു. ജനങ്ങളും ദൈവ ഭയമില്ലാത്തവരായി ജീവിച്ചു. അപ്പോൾ ഹോശയ്യ എന്ന പ്രവാചകൻ മുഖേന ദൈവം താഴെ കാണും പ്രകാരം അവരെ ഉപദേശിച്ചു:-

‘‘യഹോവയുടെ വചനം കേൾപ്പിൻ ദേശത്ത് സത്യവും ഇല്ല, ദയയും ഇല്ല, ദൈവ പരിജ്ഞാനവും ഇല്ല. അവർ ആണയിടുന്നു, ഭോഷ്ക്കു പറയുന്നു, കൊല ചെയ്യുന്നു,

മോഷ്ടിക്കുന്നു, വ്യഭിചരിക്കുന്നു, വീടു മുറിക്കുന്നു, രക്തപാതകത്തോടു രക്തപാതകം കൂട്ടുന്നു'' (ഹോശയ്യ. 4:1-2).

മേൽ പ്രസ്താവിച്ച വാക്കുകളിൽ നിന്നും ദൈവത്തിനു പാപികളോടുള്ള ദൃഢതരമായ സ്നേഹത്തെ മനസ്സിലാക്കാവുന്നതാണ്. മറ്റൊരു സന്ദർഭത്തിൽ അവരെ 'എന്റെ മകൻ' എന്ന് ദൈവം അഭിസംബോധന ചെയ്യുന്നു. എങ്കിലും യിസ്രായേൽ സ്വർഗ്ഗീയ പിതാവിനോട് മത്സരിക്കുന്ന ഒരു അവിശ്വസ്ത മകനായിത്തന്നെ കഴിഞ്ഞു. വിഗ്രഹങ്ങളാകുന്ന വ്യാജ പിതാക്കന്മാരെ അവർ ഇഷ്ടപ്പെട്ടു. എന്നിട്ടും ദൈവം അവരെ സ്നേഹിച്ചു എന്ന് താഴെ കാണുന്ന വാക്കുകളിൽ നിന്നും മനസ്സിലാക്കാം.

''യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയീമിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു. അവരെ വിളിക്കുന്തോറും അവർ വിട്ടകന്നു പോയി; ബാൽ വിഗ്രഹങ്ങൾക്കും അവർ ബലി കഴിച്ചു; വിഗ്രഹങ്ങൾക്ക് ധൂപം കാട്ടി. ഞാൻ എഫ്രയീമിനെ നടപ്പാൻ ശീലിപ്പിച്ചു; ഞാൻ അവരെ എന്റെ ഭുജങ്ങളിൽ എടുത്തു, എങ്കിലും ഞാൻ അവരെ സൗഖ്യമാക്കി എന്ന് അവർ അറിഞ്ഞില്ല. മനുഷ്യ പാശങ്ങൾ കൊൺടും സ്നേഹ ബന്ധങ്ങൾ കൊൺടും തന്നെ ഞാൻ അവരെ വലിച്ചു'' (ഹോശയ്യ 11:1-4).

തുടർച്ചയായ അനുസരണക്കേടിന്റെ ഫലമായി ശത്രുരാജാക്കന്മാർ അവരെ ആക്രമിക്കുകയും പിടിച്ചു കൊൺടുപോയി അടിമവേല ചെയ്യിക്കുകയും ചെയ്തു. എന്നാലും താൻ അവരെ ഉപേക്ഷിക്കുകയില്ലെന്നും സ്വന്തം നാട്ടിലേക്ക് ആനയിച്ച് അവരോടു കൂടെ വസിക്കാമെന്നും, അവരെ സകല വിധത്തിലും അനുഗ്രഹിക്കുമെന്നും ദൈവം വാഗ്ദത്തം ചെയ്തു. തനിക്കു പാപികളോടുള്ള അഗാധമായ സ്നേഹവും വാത്സല്യവും ഹോശയ്യ പ്രവാചകൻ മുഖാന്തിരം ദൈവം വെളിപ്പെടുത്തുകയായിരുന്നു. ജനങ്ങൾ വിശ്വസ്തരായിത്തീരണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. മത്സരബുദ്ധിയുള്ള ജനങ്ങൾ ദൈവത്തിങ്കലേക്ക് തിരിയുന്ന കാലം സമാഗതമായിരിക്കുന്നു എന്നും പ്രവാചകൻ അറിയിച്ചു. 'അന്നവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും'. ദൈവം വാഗ്ദത്തം ചെയ്ത ആ സുദിനം 'ദാവീദിന്റെ വംശജൻ' നിത്യഭരണം നടത്തുന്ന കാലത്ത് വരുമെന്ന പ്രതീക്ഷ പ്രവാചകന്റെ ഉള്ളിൽ ജ്വലിച്ചു കൊൺടിരുന്നു.

**ചിന്താവിഷയം:-**

ദൈവം മഹാനാകുന്നു. പാപികളോടു പോലും അവൻ കാണിക്കുന്ന മഹൽസ്നേഹം നിമിത്തമാണ് ദൈവം മഹാനായിരിക്കുന്നത്. അവൻ സ്വർഗ്ഗീയ പിതാവും, നിങ്ങൾ അവന്റെ മക്കളും ആകേൺടതിന് നിങ്ങളിൽ ഒരു വലിയ പരിവർത്തനം ഉൺടാക്കുവാൻ അവൻ ആഗ്രഹിക്കുന്നു. യഥാർത്ഥത്തിൽ ദൈവം മഹാനത്രെ! അവന് സ്തോത്രം.

## പാഠം 9
## പ്രവാചകനായ യെശയ്യാവ്

യെശയ്യാവിനെ ദൈവം വിളിച്ച് ശുദ്ധീകരിച്ച് തന്റെ പ്രവാചകനാക്കിത്തീർത്തു. മഹാനായിത്തീർന്ന യെശയ്യാവ് പ്രവാചകൻ വളരെ കാര്യങ്ങൾ ജനങ്ങളെ അറിയിച്ചു. യിസ്രായേലിന്റെ വടക്കൻ രാജ്യത്തെ സംബന്ധിച്ച അവന്റെ പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറി. ശത്രുക്കൾ ആ രാജ്യത്തെ ആക്രമിക്കുകയും, നശിപ്പിക്കുകയും ചെയ്തു. തെക്കൻ രാജ്യമായ യഹൂദ മാത്രം അവശേഷിച്ചിരിക്കയാണ്. അവരും ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് വിഗ്രഹങ്ങളെ ആശ്രയിച്ചിരുന്നതിനാലും അന്യോന്യം കരുണയും നീതിയും കാണിക്കാതെ ജീവിച്ചു വന്നതുകൊൺടും ശത്രുക്കളാൽ നശിപ്പിക്കപ്പെടുമെന്ന് യെശയ്യാവ് പ്രവാചകൻ മുന്നറിയിപ്പു നൽകി.

ഇത്തരുണത്തിൽ മശിഹയെപ്പറ്റിയുള്ള പ്രവചനങ്ങൾ ദൈവം യെശയ്യാവ് മുഖാന്തിരം ആവർത്തിച്ചു. അവ ഇരുട്ടിൽ പ്രകാശിക്കുന്ന നക്ഷത്രം പോലെ ജനങ്ങളുടെ മനസ്സിൽ നല്ല പ്രതീക്ഷ ഉളവാകുവാൻ പര്യാപ്തമായിരുന്നു. മറ്റേതു പ്രവാചകനേക്കാളും സ്പഷ്ടമായ വിധത്തിൽ മശിഹയുടെ വ്യക്തിത്വം (Personality), പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് അവൻ വിവരിച്ചു. ചില ഉദാഹരണങ്ങൾ നോക്കാം:-

a) 'കർത്താവു തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും;കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കപ്പെടും' (യെശയ്യാവ് 7:14).

b) 'നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും' (യെശ.9:6).

c) 'അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും, ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും, മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്ത് തോടുകളും പൊട്ടി പുറപ്പെടും'(യെശ. 35:5-6).

d) 'ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ, ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും' (യെശ. 42:1).

e) ‘നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരിക്കുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരിക്കുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി. തന്നെത്താൻ വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊൺടു പോകുന്ന കുഞ്ഞാടിനെപ്പോലെയും; രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിൺടാതിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നിട്ടും അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു. ജീവനുള്ളവരുടെ ദേശത്തു നിന്ന് അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവന് ദണ്ഡനം വന്നു എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു?’ (യെശ. 53:6–8).

ദൈവം ‘വീൺടെടുപ്പുകാരൻ’ ആകുന്നുവെന്നും ‘തന്റെ ജനത്തെ സന്ദർശിച്ച് അവരെ വീൺടെടുക്കുമെന്നും’ യെശയ്യാവ് ദർശിച്ചു. ‘സ്വർഗ്ഗം തുറന്നു നീ ഇറങ്ങി വന്നിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു’ എന്ന് അവൻ പ്രാർത്ഥിച്ചു. ചില നൂറ്റാൺടുകൾക്കു ശേഷമാണ് ഈ പ്രാർത്ഥന നിറവായത്. മശിഹ (ക്രിസ്തു) കന്യകയിൽ ജനിച്ച് പരിശുദ്ധാത്മാവിനാൽ പരിപൂരിതനായി രോഗികളെ സുഖപ്പെടുത്തുകയും നമ്മുടെ ഏവരുടേയും അകൃത്യം വഹിക്കുകയും ചെയ്തുവല്ലൊ!

**പ്രാർത്ഥന:–**

വീൺടെടുപ്പുകാരനായ ദൈവമേ, രക്ഷിതാവിനെക്കുറിച്ചുള്ള വാഗ്ദത്തങ്ങൾ വിശ്വാസത്തോടും, നന്ദിയോടും സ്വീകരിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവു കൊൺടു നിറക്കേണമേ. ഞങ്ങളുടെ രാജാവും, രക്ഷിതാവുമായ മശിഹയുടെ നാമത്തിൽ താഴ്മയോടെ പ്രാർത്ഥിക്കുന്നു. ആമേൻ.

**ചിന്താവിഷയം:–**

ദൈവം പാപികളെ സ്നേഹിക്കുകയും, അവരുടെ ഹൃദയപരിവർത്തനത്തിനു വേൺടി പ്രവർത്തിക്കുകയും ചെയ്യുന്നു. ദൈവസ്നേഹത്തിന്റെ അഗാധതയെക്കുറിച്ച് പഠിക്കുമ്പോൾ മാത്രമേ നമുക്ക് ‘ദൈവം മഹാനാകുന്നു’ എന്നതിന്റെ അർത്ഥം ശരിയായി മനസ്സിലാക്കുവാൻ കഴിയുകയുള്ളു. തീർച്ചയായും അവൻ അതുല്യനാണ്.

## പാഠം 10
## പ്രവാചകനായ യിരെമ്യാവ്

പ്രവാചകനാകുവാൻ താല്പര്യമില്ലാതിരുന്ന ഒരു പ്രവാചകനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ആ വിധത്തിലുള്ള ഒരാളായിരുന്നു യിരെമ്യാവ്. ദൈവം അവനെ വിളിച്ച് ഇപ്രകാരം കല്പിച്ചു:-

''ഞാൻ ബാലൻ എന്നു നീ പറയരുത്; ഞാൻ നിന്നെ അയക്കുന്ന ഏവരുടേയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാരിക്കയും വേണം. നീ അവരെ ഭയപ്പെടരുത്. നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോടുകൂടെ ഉണ്ടെന്ന് യഹോവയുടെ അരുളപ്പാട്'' (യിരെ. 1:78).

ദൈവം എപ്പോഴും അവനോടു കൂടെ ഉണ്ടായിരുന്നു. വളരെ കഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നു എങ്കിലും അവൻ ദൈവ ഇഷ്ടം സധൈര്യം ജനങ്ങളെ അറിയിക്കുക തന്നെ ചെയ്തു. അവരുടെ രാജ്യം നശിപ്പിക്കപ്പെടുമെന്നും, ശത്രുനാടായ ബാബിലോണിലേക്ക് നിരവധി പേരെ അടിമകളാക്കി കൊണ്ടു പോകുമെന്നും, അതിനാൽ ശത്രുക്കൾക്ക് കീഴടങ്ങുന്നതാണ് ഉത്തമമെന്നും, വിഗ്രഹങ്ങളെ സേവിക്കയും, ദുർവൃത്തികളിൽ ഏർപ്പെടുകയും ചെയ്തതു കൊണ്ട് ഈ വിധം സംഭവിക്കുക തന്നെ ചെയ്യുമെന്നും അവൻ ജനങ്ങളോട് പറഞ്ഞു. അതുകൊണ്ട് ജനങ്ങൾ അവനെ ഒരു രാജ്യദ്രോഹിയായി മുദ്ര കുത്തി. മാത്രവുമല്ല അവനെ തടവിലാക്കുവാനും, വധിക്കുവാനും അവർ ശ്രമിച്ചു. ജനങ്ങളുടെ മേൽ വരുന്ന ശിക്ഷാവിധിയെക്കുറിച്ച് പ്രസംഗിക്കുവാൻ അവനെ പ്രേരിപ്പിച്ചത് അവരോടുള്ള അവന്റെ സ്നേഹമാണ്. മനുഷ്യർ ഇത്രക്ക് അഹങ്കാരികളും അനുസരണമില്ലാത്തവരും ആയിത്തീരുവാൻ കാരണം അവരുടെ പാപസമ്പൂർണ്ണമായ ഹൃദയമാണ് എന്നു ദൈവം വ്യക്തമാക്കുന്നു:-

''ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷവുമുള്ളത്. അത് ആരാഞ്ഞറിയുന്നവൻ ആർ?'' (യിരെ. 17:9).

ഈ വിധം ഹീനമായ മനുഷ്യഹൃദയത്തെ സുഖപ്പെടുത്തുവാനും, ശുദ്ധീകരിക്കുവാനും മനുഷ്യനു കഴിയുന്നില്ല എന്നും, ദൈവത്തിനു മാത്രമേ അതു സാദ്ധ്യമാകയുള്ളു എന്നും യിരെമ്യാവ് ഗ്രഹിച്ചു. വി.ബൈബിൾ ഇപ്രകാരം രേഖപ്പെടുത്തുന്നു:-

''യഹോവേ, മനുഷ്യനു തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടികളെ നേരെ ആക്കുന്നതും, സ്വാധീനമല്ലയെന്ന് ഞാൻ, അറിയുന്നു. യഹോവെ ഞാൻ ഇല്ലാതെയായി പോകാതിരിക്കേണ്ടതിന് നീ എന്നെ കോപത്തോടെയല്ല ന്യായത്തോടെയത്രേ ശിക്ഷിക്കേണമേ'' (യിരെ. 10:23-24).

പാപമായ മനുഷ്യ ഹൃദയങ്ങളെ വിശുദ്ധമാക്കിത്തീർക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. അതുകൊൺടാണ് ഞാൻ നമുഷ്യഹൃദയങ്ങളിൽ നിന്നും പാപത്തെ ദൂരീകരിച്ച് അവർക്ക് പുതു ജീവൻ നൽകുമെന്ന് ദൈവം പ്രസ്താവിക്കുന്നത്. ദാവീദിന്റെ വംശത്തിൽ നിന്നും അവതരിക്കുവാനുള്ള മശിഹ മനുഷ്യ ഹൃദയങ്ങളിലെ പാപം ദൂരീകരിക്കുമെന്ന വാഗ്ദത്തം യിരെമ്യാവും ആവർത്തിച്ചു.

താഴെ കാണുന്ന ഭാഗം വായിച്ചു ധ്യാനിക്കുക:-

''യഹോവേ നിന്റെ വഴികളെ എന്നെ അറിയിക്കേണമെ; നിന്റെ പാതകളെ എനിക്ക് ഉപദേശിച്ചു തരേണമെ; നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലൊ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശ വെക്കുന്നു'' (സങ്കീർത്തനം 25:4-5).

**ചിന്താവിഷയം:-**

നാം അനുതപിക്കുകയും ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യുമ്പോൾ അവൻ നമ്മുടെ രക്ഷകൻ എന്നു നാം ഗ്രഹിക്കുന്നു. ഈ രക്ഷകൻ നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നു എങ്കിൽ നിങ്ങളുടെ രാജ്യത്തെ കൂടുതലായി സേവിക്കുവാൻ കഴിവുൺടാകും എന്നു തോന്നുന്നില്ലേ?

## പാഠം 11
## ദാനിയേൽ

ബാബിലോണിലെ രാജാവായ നെബുക്കദ്നേസർ യിസ്രായേൽ രാജ്യത്തെ യുദ്ധത്തിൽ തോല്പിക്കുകയും അനേകം പേരെ തടവുകാരാക്കി ബാബേലിൽ അടിമവേല ചെയ്യിക്കുകയും ചെയ്തു. യിരെമ്യാ പ്രവാചകന്റെ തുടർച്ചയായ താക്കീതുകളെ മനഃപൂർവ്വം അവഗണിച്ച് ദൈവത്തോടുള്ള അവിശ്വാസത്തിൽ അടിയുറച്ച് നിന്നതു കൊൺടാണ് അവർക്ക് ഈ ഗതികേട് നേരിട്ടത്. തടവുകാരുടെ കൂട്ടത്തിൽപ്പെട്ട ദാനിയേൽ എന്നവൻ വളരെ ജ്ഞാനിയും, ഭക്തനുമായിരുന്നതു കൊൺട് ആ രാജ്യത്തിലെ മുഖ്യമന്ത്രിയായി ഉയരുവാൻ അവസരം ലഭിച്ചു. വിദേശിയും യഹൂദനുമായ ഒരുവൻ മുഖ്യമന്ത്രിയായിരിക്കുന്നത് സഹമന്ത്രിമാരിൽ അസൂയയും, വിദ്വേഷവും ഉളവാക്കി, അവനെ ദ്രോഹിക്കുവാനായി ഒരു പദ്ധതി അവർ ആസൂത്രണം ചെയ്തു. അതനുസരിച്ച് രാജാവിനോടല്ലാതെ മറ്റ് ആരോടെങ്കിലും പ്രാർത്ഥിക്കുന്നവനെ സിംഹങ്ങളുടെ ഗുഹയിൽ ഇടുമെന്ന ഒരു വിജ്ഞാപനം രാജാവ് പ്രസിദ്ധീകരിച്ചു. എന്തു തന്നെ

ആയാലും ദാനിയേൽ സത്യദൈവത്തോടു മാത്രമേ പ്രാർത്ഥിക്കുകയുള്ളൂ. ആ രാജകല്പനക്കു ശേഷവും അവൻ അത് തുടരുക തന്നെ ചെയ്തു. രാജകല്പന ലംഘിച്ച ദാനിയേലിന് തക്കതായ ശിക്ഷ നൽകണമെന്ന് സഹമന്ത്രിമാർ രാജാവിനെ നിർബന്ധിച്ചു. ഗത്യന്തരമില്ലായ്കയാൽ അപ്രകാരം ചെയ്യുവാൻ രാജാവ് കല്പിച്ചു. അതെ, ദാനിയേൽ സിംഹങ്ങളുടെ ഗുഹയിൽ ഇടപ്പെട്ടു. രാത്രി മുഴുവൻ മനോവേദനയിൽ കഴിച്ചു കൂട്ടിയ രാജാവ് പ്രഭാതത്തിൽ ഗുഹയരികിൽ ചെന്ന് വിളിക്കുകയും ദാനിയേലിന്റെ ശബ്ദം കേട്ട് സന്തോഷഭരിതനായിത്തീരുകയും ചെയ്തു. എന്തൊരത്ഭുതം! ദൈവം തന്റെ ഭക്തനെ രക്ഷിച്ചിരിക്കുന്നു! തൽക്ഷണം ദാനിയേൽ ഗുഹയിൽ നിന്നും കയറ്റപ്പെട്ടു. രാജാവ് ഇപ്രകാരം ഒരു വിജ്ഞാപനം തന്റെ സാമ്രാജ്യത്തിലെങ്ങും പ്രസിദ്ധീകരിച്ചു.

'നിങ്ങൾക്കു ശുഭം വർദ്ധിച്ചു വരട്ടെ! എന്റെ രാജാധിപത്യത്തിൽ ഉൾപ്പെട്ട ഏവരും ദാനിയേലിന്റെ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയോടിരിക്കണമെന്ന് ഞാൻ ഒരു തീർപ്പ് കല്പിക്കുന്നു. അവൻ ജീവനുള്ള ദൈവവും, എന്നേക്കും നിലനിൽക്കുന്നവനും, അവന്റെ രാജത്വം നശിച്ചു പോകാത്തതും, അവന്റെ ആധിപത്യം അവസാനം വരാത്തതും ആകുന്നു. അവൻ രക്ഷിക്കുകയും, വിടുവിക്കുകയും ചെയ്യുന്നു. അവൻ ആകാശത്തിലും, ഭൂമിയിലും അടയാളങ്ങളും, അത്ഭുതങ്ങളും പ്രവർത്തിക്കുന്നു; അവൻ ദാനിയേലിനെ സിംഹങ്ങളുടെ വായിൽ നിന്നും രക്ഷിച്ചിരിക്കുന്നു' (ദാനിയേൽ 6:26-27).

ദാനിയേൽ ഒരു പ്രവാചകനും കൂടെ ആയിരുന്നു. നിത്യവും, സ്വർഗ്ഗീയവുമായ രാജ്യത്തെപ്പറ്റിയുള്ള അവന്റെ ദർശനങ്ങളെ വി.ബൈബിളിൽ ഈ വിധം രേഖപ്പെടുത്തിയിരിക്കുന്നു:-

> 'രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുവൻ ആകാശമേഘങ്ങളോടെ വരുന്നത് കൺടു. സകല വംശങ്ങളും, ജാതികളും, ഭാഷക്കാരും അവനെ സേവിക്കേൺടതിന് അവന് ആധിപത്യവും, മഹത്വവും, രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യമായ ആധിപത്യവും, അവന്റെ രാജത്വം നശിച്ചു പോകാത്തതും ആകുന്നു' (ദാനിയേൽ 7:13-14).

ആകാശ മേഘങ്ങളിൽ വന്ന ആ 'മനുഷ്യപുത്രൻ' ആരാകുന്നു? അവൻ ഭരിക്കുന്ന നിത്യ രാജ്യം ഏത്? പ്രിയ വായനക്കാരെ, ക്ഷമയോടു കൂടി വായന തുടരുക. വരുന്ന പാഠങ്ങളിൽ നിന്നും ഈ ചോദ്യങ്ങൾക്ക് ഉത്തരം ഗ്രഹിക്കാവുന്നതാണ്. താഴെ കാണുന്ന ഭാഗം വായിച്ച് ധ്യാനിക്കാം:-

> ''ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊൺട് ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും നാം ഭയപ്പെടുകയില്ല'' (സങ്കീർത്തനം.46: 1-2).

**ചിന്താവിഷയം:-**

ദാനിയേലിന്റെ ധൈര്യത്തെക്കുറിച്ച് ചിന്തിക്കുക! നോഹയെപ്പോലെ അവൻ അനേകം വൈരികളുടെ ഇടയിൽ വിശ്വാസത്തിൽ ഉറച്ചു നിന്നു. നിങ്ങളും ദൈവത്തിൽ ആശ്രയിക്കുകയും ഒറ്റപ്പെട്ടു പോകുന്ന അവസരങ്ങളിൽ പോലും വിശ്വസ്തനും, ധൈര്യവാനും ആയിരിക്കുമോ? മനുഷ്യർ പലപ്പോഴും ഉത്തമമായ കാര്യങ്ങൾ ഗ്രഹിക്കുന്നുവെങ്കിലും, ജനസ്വാധീനം നേടുവാൻ വേൺടിയോ, അവരെ ഭയപ്പെടുന്നതു നിമിത്തമോ മറ്റു ജനങ്ങളോടൊത്ത് തിന്മ പ്രവർത്തിച്ചു കൊൺടിരിക്കുന്നത് കഷ്ടതരമായ സ്ഥിതി വിശേഷമാണ്.

## പാഠം 12
## സെഖര്യാവ്

മോശയുടെ കാലത്ത് ദൈവം യിസ്രായേൽ ജനങ്ങളെ ഈജിപ്റ്റിൽ നിന്നും വിടുവിച്ച ചരിത്രം നാം പഠിച്ചുവല്ലോ (പാഠം 5). ഇപ്പോൾ ദൈവം അവരെ ബാബിലോണിൽ നിന്നുമാണ് മോചിപ്പിക്കുന്നത്. അവർ പാലസ്റ്റീനിലേക്ക് മടങ്ങുകയും യെരുശലേമിലുള്ള ദൈവാലയം പുതുക്കിപ്പണിയുകയും ചെയ്തു. ഒരു സ്വതന്ത്ര ജനതയായിത്തീർന്നതിനാൽ അവർ ദൈവത്തെ സ്തുതിച്ചു. ഈ കാലഘട്ടത്തിലാണ് ജനങ്ങളുടെ ഗുരുവും, പ്രവാചകനുമായിരിക്കുവാൻ സെഖര്യാവിനെ ദൈവം വിളിച്ചത്. ദൈവം ജനങ്ങൾക്ക് കൊടുത്തിരുന്ന കല്പനകളേയും, അവർ മുമ്പ് ദൈവത്തോട് മത്സരിച്ചതും തൽഫലമായി അവരുടെ മേൽ വന്ന ശിക്ഷയേയും, അവൻ അവരെ ഓർമ്മപ്പെടുത്തി. അതിനെ വി.ബൈബിൾ ഈ വിധം രേഖപ്പെടുത്തുന്നു:-

a) 'നേരോടെ ന്യായം പാലിക്കുകയും ഓരോരുത്തൻ താന്താന്റെ സഹോദരനോട് ദയയും കരുണയും കാണിക്കയും ചെയ്‌വിൻ. വിധവയേയും, അനാഥനേയും, പരദേശിയേയും, ദരിദ്രനേയും പീഡിപ്പിക്കരുത്. നിങ്ങളിൽ ആരും തന്റെ സഹോദരന്റെ നേരെ ഹൃദയത്തിൽ ദോഷം നിരൂപിക്കുകയും അരുത്. എന്നാൽ ചെവികൊടുപ്പാൻ അവർക്കു മനസ്സില്ലായിരുന്നു; അവർ ദുശ്ശാഠ്യം കാണിക്കുകയും, കേൾക്കാത വണ്ണം ചെവി പൊത്തിക്കളകയും ചെയ്തു. അവർ ന്യായപ്രമാണവും, സൈന്യങ്ങളുടെ യഹോവ തന്റെ ആത്മാവിനാൽ പൺടത്തെ പ്രവാചകന്മാർ മുഖാന്തിരം അയച്ച വചനങ്ങളും കേട്ടനുസരിക്കാതവണ്ണം ഹൃദയങ്ങളെ വജ്രം പോലെ കടുപ്പമാക്കി. അങ്ങനെ സൈന്യങ്ങളുടെ യഹോവയിങ്കൽ നിന്ന് ഒരു മഹാ കോപം വന്നു (സെഖര്യാവ് 7:9-12). കൂടാതെ ദൈവം ജനങ്ങളോട് മുമ്പു ചെയ്തിരുന്ന ഉടമ്പടിയും ഈ സന്ദർഭത്തിൽ പുതുക്കപ്പെട്ടു' .

b) ‘ഈജിപ്റ്റിൽ നിന്നും, ബാബിലോണിൽ നിന്നും അവർക്കുൺടായ സ്വാതന്ത്ര്യ ദിനത്തേക്കാൾ മഹത്വമുള്ള ഒരു ദിവസം വരും. ആ നാളിൽ കർത്താവ് താൻ തന്നെ തന്റെ ജനത്തിന്റെ മദ്ധ്യേ വസിക്കുകയും അനേകം രാഷ്ട്രങ്ങൾ ഒരുമിച്ച് കർത്താവിനോടു ചേരുകയും ചെയ്യും’ .

വിജയശ്രീലാളിതനായ ഈ രാജാവിന്റെ വരവിനെ അവൻ ഇങ്ങനെ വിവരിച്ചു:-

c) ‘ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും, ജയശാലിയും, താഴ്മയുള്ളവനുമായി കഴുതപ്പുറത്തും, പെൺകഴുതയുടെ കുട്ടിയായ ചെറു കഴുതപ്പുറത്തും കയറി വരുന്നു............................അവൻ ജാതികളോടു സമാധാനം കല്പിക്കും; അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും, നദി മുതൽ ഭൂമിയുടെ അറ്റങ്ങളോളവും ആയിരിക്കും’ (സെഖര്യാവ് 9:9-10).

നിങ്ങളുടെ അടുക്കലേക്ക് വരുന്ന ഈ ‘രാജാവിന് ’ ചില പ്രത്യേകതകൾ കാണുന്നു. അവന്റെ രാജ്യം സാർവ്വത്രികമാണ്. സമാധാനമാണ് അവന്റെ ആയുധം. താഴ്മ ധരിച്ച് സൗമ്യതയുള്ളവനായിട്ടാണ് അവൻ എഴുന്നള്ളുന്നത്. തികച്ചും അസാധാരണനായ ഈ രാജാവു ആരാണ്? മശിഹയാകുന്ന യേശുവല്ലാതെ മറ്റാരുമായിരുന്നില്ല അത്! ഇതുവരെയുള്ള പാഠങ്ങളിൽ ദൈവത്തിന്റെ അത്ഭുതാവഹമായ വാഗ്ദത്തങ്ങളും പ്രവർത്തനങ്ങളും നാം പഠിച്ചുവല്ലൊ? മനുഷ്യ രക്ഷക്കായുള്ള പ്രസ്തുത വാഗ്ദത്തങ്ങൾക്ക് നാം എന്നും നന്ദിയുള്ളവരാണ്. മശിഹയായ യേശുവിൽക്കൂടെ ദൈവം തന്റെ വാഗ്ദത്തങ്ങളെ എങ്ങിനെ നിറവേറ്റി എന്ന് തുടർന്നുള്ള പാഠങ്ങൾ വഴി നാം പഠിക്കുന്നതാണ്.

**ചിന്താവിഷയം:-**

സെഖര്യാവു മുഖാന്തിരം ദൈവം നൽകിയ പ്രവചനങ്ങളെപ്പറ്റി ചിന്തിക്കുക! സാർവ്വത്രികമായ രാജ്യം സ്ഥാപിക്കുവാനായി വരുന്ന രാജാവിന്റെ പ്രജയായിരിക്കുന്നത് വളരെ സന്തോഷകരമായ ഒരനുഭവമായിരിക്കും. നമ്മെയും തന്റെ രാജ്യത്തിലേക്കും അതിന്റെ സകല നന്മയിലേക്കും ക്ഷണിക്കുവാനായി അവൻ വരുന്നു. ദൈവം വിശ്വസ്തനും മഹാനുമത്രെ!

## പാഠം 13
## പ്രവാചകനായ യോഹന്നാൻ

സെഖര്യാവ് പ്രവാചകനു ശേഷം (പാഠം 12) നൂറ്റാൺടുകൾ പലതു കടന്നു പോയി. ദൈവം ചെയ്ത നന്മകൾ പുതിയ തലമുറ മറന്നു കഴിഞ്ഞു. ചിലർ സത്യദൈവത്തിൽ തന്നെ ഉറച്ചു നിന്നുവെങ്കിലും മറ്റുള്ളവർ വിഗ്രഹങ്ങളെ ആരാധിക്കുവാൻ തുടങ്ങി. ക്രമേണ ദുഷ്ട തയും അവിശ്വാസവും അവരുടെ ഇടയിൽ വർദ്ധിച്ചു. അതുകൊൺട് ദൈവം അവരെ വീൺടും ശിക്ഷിച്ചു. റോമാക്കാർ വന്ന് അവരെ തോല്പിക്കുകയും പല വിധത്തിലുള്ള മർദ്ദന നടപടി കൾ അഴിച്ചു വിടുകയും ചെയ്തു. ഭക്തന്മാരായിട്ടുള്ള ജനങ്ങളാകട്ടെ ദൈവം മുമ്പ് നൽകിയി ട്ടുള്ള വാഗ്ദത്തങ്ങളിൽ വിശ്വസിച്ച് അവ നിറവേറ്റപ്പെടുന്ന സുദിനം പ്രതീക്ഷിച്ചിരിക്കുകയും ചെയ്തു. ആ വിഭാഗത്തിൽപ്പെട്ട ഒരാളായിരുന്നു 'പുരോഹിതനായ സെഖര്യാവ്'. വൃദ്ധനായ സെഖര്യാവിന് മക്കൾ ഇല്ലാത്ത വ്യസനവും ഉൺടായിരുന്നു. ഒരു ദിവസം ദൈവാലയത്തിൽ തനിക്കുള്ള പൗരോഹിത്യ ജോലികളിൽ വ്യാപൃതനായിരിക്കുമ്പോൾ ഗബ്രിയേൽ (ജിബിരി യേൽ) എന്ന ദൈവദൂതൻ പ്രത്യക്ഷനാവുകയും 'നിന്റെ പ്രാർത്ഥനക്കുത്തരമായി നിനക്ക് ഒരു മകൻ ജനിക്കും. അവന് യോഹന്നാൻ (യാഹ്‌യ) എന്ന് പേർ ഇടണം' എന്ന് പറയുകയും ചെയ്തു. അവനും ഭാര്യയായ എലിശബെത്തും അതിൽ വളരെ സന്തോഷിച്ചു. ദൈവ വചനം അനുസരിച്ച് പൈതൽ ജനിച്ചപ്പോൾ സെഖര്യാവ് ഇങ്ങനെ പ്രവചിച്ചു:-

'നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും, നമ്മുടെ ദൈവത്തിന്റെ ആർദ്ര കരുണയാൽ അവന്റെ ജനത്തിനു പാപ മോചനത്തിൽ രക്ഷാ പരിജ്ഞാനം കൊടുപ്പാനുമായി നീ അവനു മുമ്പായി നടക്കും'.
(ലൂക്കൊസ്. 1:76-77).

ഏകദേശം 30 വയസ്സായപ്പോൾ യോഹന്നാൻ തന്റെ പ്രവാചക ജോലി ആരംഭിച്ചു. മുൻ പ്രവാചകന്മാർ 'ദൈവരാജ്യം വരും എന്നു പ്രസ്താവിച്ചു എങ്കിൽ യോഹന്നാൻ ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസ്സാന്തരപ്പെടുവിൻ' എന്നാണ് പ്രസംഗിച്ചത്. തെറ്റായ മാർഗ്ഗങ്ങളെ ഉപേക്ഷിക്കുവാൻ അവൻ ജനങ്ങളെ ഉത്ബോധിപ്പിച്ചു. അവന്റെ പ്രവർത്തനങ്ങളും, പ്രസംഗ ങ്ങളും കൺടപ്പോൾ അവൻ വരുവാനുള്ള മശിഹയായിരിക്കും എന്ന് ചിലർ സംശയിച്ചു. താൻ ക്രിസ്തു (മശിഹ) അല്ലെന്നും, തന്റെ പിന്നാലെ വരുന്ന മഹാനാണ് ക്രിസ്തു എന്നും യോഹ ന്നാൻ വ്യക്തമാക്കി.

മറ്റൊരു സന്ദർഭത്തിൽ ക്രിസ്തു നടന്നു വരുന്നതു കൺടിട്ട് അവന്റെ നേരെ കൈ ചൂൺടി ക്കൊൺട് യോഹന്നാൻ ഇപ്രകാരം വിളിച്ചു പറഞ്ഞു. ''ഇതാ! ലോകത്തിന്റെ പാപം ചുമ ക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ''. 'കുഞ്ഞാട്' എന്ന വാക്കു കൊൺട് മശിഹയാകുന്ന ക്രിസ്തു, സകല മനുഷ്യർക്കും വേൺടിയുള്ള ദൈവ സ്നേഹത്തിന്റെ ബലിയായിത്തീരും

എന്ന് യോഹന്നാൻ സൂചിപ്പിക്കുകയാണ്! പ്രവാചകന്റെ വാക്കുകൾ അനുസരിച്ച് മശിഹ എപ്പോൾ, എങ്ങിനെ ലോകത്തിന്റെ പാപം ചുമക്കുന്നു എന്നു നാം തുടർന്നുള്ള പാഠങ്ങളിൽ പഠിക്കുന്നതാണ്.

**ചിന്താവിഷയം:-**

നമ്മുടെ രാഷ്ട്രത്തിന്റെ പ്രസിഡന്റിനേയോ, പ്രധാന മന്ത്രിയേയോ സ്വീകരിക്കുവാൻ നാം വളരെ ഒരുക്കങ്ങൾ ചെയ്യുമല്ലോ. രക്ഷിതാവായ മശിഹയെ സ്വീകരിക്കുന്നതിന് അനുതാപത്തോടെ ദൈവ സന്നിധിയിൽ പാപം ഏറ്റു പറഞ്ഞും, അവനിൽ പരിപൂർണ്ണ മായി ആശ്രയിച്ചും നിങ്ങളുടെ ഹൃദയങ്ങളെ ഒരുക്കേണ്ടതാകുന്നു.

## പാഠം 14
## വാഗ്ദത്ത മശിഹ വരുന്നു

പാലസ്റ്റയിന്റെ വടക്കു ഭാഗത്ത് 'നസറത്ത്' എന്ന ഗ്രാമത്തിൽ 'മറിയ' എന്നു പേരുള്ള ഒരു കന്യക വസിച്ചിരുന്നു. അവൾ ദാവീദു രാജാവിന്റെ വംശത്തിൽ പെട്ടവളാണ്. മശിഹ വരും എന്ന് അവളും ബലമായി വിശ്വസിച്ചു. സെഖര്യാവിന് പ്രത്യക്ഷനായി 6 മാസത്തിനു ശേഷം ഗബ്രിയേൽ ദൂതൻ മറിയക്കു പ്രത്യക്ഷനായി; സകലരും പ്രതീക്ഷിക്കുന്ന മശിഹ ലോക ത്തിൽ ജനിക്കുവാൻ പോകുന്നുവെന്നും, മറിയ മശിഹയുടെ മാതാവായിരിക്കുമെന്നുമുള്ള അത്ഭുതകരമായ വാർത്തകൾ അവളെ അറിയിച്ചു. ഇങ്ങിനെ ലോകം നാളിതു വരെ കേട്ടിട്ടു ള്ളതിൽ വെച്ച് ഏറ്റവും ആശ്ചര്യകരമായ സന്ദേശം മറിയക്കു ലഭിച്ചു. 'ഞാൻ ഒരു പുരുഷനെ അറിയുന്നില്ലല്ലോ' എന്ന ഒരു സംശയം മറിയ ഉന്നയിച്ചു. 'ദൈവത്തിന് ഒരു കാര്യവും അസാ ദ്ധ്യമല്ല' എന്നും 'ദൈവത്തിന്റെ പരിശുദ്ധാത്മ ശക്തിയാൽ അവളിലുണ്ടാകുന്ന പ്രജ വിശുദ്ധ പൈതൽ ആയിരിക്കും' എന്നും ദൂതൻ മറുപടിയായി പറഞ്ഞു. ദൈവത്തിന്റെ വാക്കുകളെ അവൾ സർവ്വാത്മനാ സ്വീകരിക്കുകയാണ് ചെയ്തത്. ദൈവ വചനത്തെ തന്റെ ഉദരത്തിൽ ഒരു ശിശുവായി ഉരുവാക്കുവാൻ പരിശുദ്ധാത്മാവിന് കഴിയുമെന്ന് അവൾ ഗ്രഹിച്ചു. അനേകം നൂറ്റാണ്ടുകൾക്കു മുമ്പ് യെശയ്യാ പ്രവാചകൻ, 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവി ക്കു' മെന്ന് പ്രവചിച്ചിരുന്നത് നിങ്ങൾ ഓർക്കുന്നുവല്ലൊ?(പാഠം 9a).

മശിഹയാകുന്ന യേശുവിന്റെ ജനനത്തെക്കുറിച്ച് വി. സുവിശേഷങ്ങൾ (ഇൻജിൽ) താഴെ കാണും പ്രകാരം വിവരിച്ചിരിക്കുന്നു:-

'എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈവിധം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരും മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കൺടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാക കൊൺടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവനു മനസ്സില്ലായ്ക കൊൺടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി. ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തു കൊൾവാൻ ശങ്കിക്കേൺട; അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊൺട് നീ അവനു യേശു എന്ന് പേർ ഇടണം' എന്നു പറഞ്ഞു. 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേർ വിളിക്കും' എന്നു കർത്താവ് പ്രവാചകൻ മുഖാന്തിരം അരുളി ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു (മത്തായി. 1:18-23). മശിഹയായ യേശുവിന്റെ അവതാരത്തെക്കുറിച്ച് വിവരിക്കുന്നത് നോക്കുക:-

ആദിയിൽ വചനം ഉൺടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി. ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉൺടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല...................... വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (യോഹന്നാൻ 1:1-14).

ദൈവത്തിന്റെ നിത്യ വചനമാകുന്ന ക്രിസ്തു ദൈവത്തിൽ നിന്ന് നമ്മുടെ ലോകത്തിലേക്കു വന്നു. അതെ, അവൻ മനുഷ്യനായി അവതരിച്ചു. യേശു ദൈവത്തിന്റെ നിത്യവചനം ആയതിനാൽ അവനെ 'ദൈവപുത്രൻ' എന്നും കൂടെ വിളിക്കുന്നു. മശിഹയായ യേശു മുഖാന്തിരം ദൈവം വാസ്തവത്തിൽ നമ്മോടു കൂടെ ഉൺടെന്ന് അറിയുന്നത് എത്രയും സന്തോഷകരമത്രേ! വി. ഇൻജലിൽ രേഖപ്പെടുത്തിയിരിക്കുന്ന മറിയയുടെ സ്തോത്ര ഗീതം നമുക്കും പാടാം.

'എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു' (ലൂക്കോസ് 1:46-47).

**ചിന്താവിഷയം:-**

പാട്ടു പാടി ദൈവത്തിന് സ്തോത്രങ്ങൾ അർപ്പിക്കുന്നതിൽ മറിയ വളരെ സന്തോഷിച്ചു. മറിയയെപ്പോലെ പാട്ടുപാടി ദൈവത്തിന് സ്തോത്രം പറയുവാൻ നിങ്ങൾക്കു സന്തോഷം ഉൺടോ?

## പാഠം 15
## ജാതികൾക്കുള്ള പ്രകാശം

'നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും' എന്ന് അബ്രഹാമിനോട് ദൈവം വാഗ്ദത്തം ചെയ്തിരുന്നത് ഓർക്കുന്നുവല്ലൊ (പാഠം 4, 11 നോക്കുക). യേശു അബ്രഹാമിന്റേയും, ദാവീദിന്റേയും വംശജനായിരുന്നു. മശിഹയുടെ ജനന ശേഷം വിദൂര ദേശങ്ങളിൽ നിന്ന് വിദ്വാന്മാർ അവനെ കാണുവാൻ വന്നു. ഈ സംഭവത്തെപ്പറ്റി സുവിശേഷത്തിൽ (വി. ഇൻജിൽ) കാണുന്ന ഭാഗം ഉദ്ധരിക്കാം:-

'ഹെരോദാ രാജാവിന്റെ' കാലത്ത് യേശു യെഹൂദ്യയിലെ ബെത്ലഹേമിൽ ജനിച്ച ശേഷം കിഴക്കു നിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തി. യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു. അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു............'യെഹൂദ്യാ ദേശത്തിലെ ബെത്ലഹേമേ, നീ യെഹൂദ്യാ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽ നിന്നു പുറപ്പെട്ടു വരും' എന്നിങ്ങനെ പ്രവാചകൻ മുഖാന്തിരം എഴുതിയിരിക്കുന്നു എന്ന് ശാസ്ത്രിമാർ പറഞ്ഞു. 'ഹെരോദാവ് വിദ്വാന്മാരെ രഹസ്യമായി വിളിച്ചു'. നിങ്ങൾ ചെന്ന് ശിശുവിനെക്കുറിച്ച് സ്പഷ്ടമായി അന്വേഷിപ്പിൻ. കൺടെത്തിയാൽ ഞാൻ ചെന്ന് അവനെ നമസ്ക്കരിക്കേൺടതിന് വന്നു എന്നെ അറിയിപ്പിൻ എന്നു പറഞ്ഞു................നക്ഷത്രം കൺടതുകൊൺട് അവർ അത്യന്തം സന്തോഷിച്ചു; ആ വീട്ടിൽ ചെന്നു, ശിശുവിനെ അമ്മയായ മറിയയോടു കൂടെ കൺടു, വീണു അവനെ നമസ്കരിച്ചു; നിക്ഷേപ പാത്രങ്ങളെ തുറന്നു അവനു പൊന്നും, കുന്തുരുക്കവും, മൂരും കാഴ്ച വെച്ചു. ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുത് എന്ന് സ്വപ്നത്തിൽ അരുളപ്പാടുൺടായിട്ട് അവർ വേറെ വഴിയായി സ്വദേശത്തേക്കു മടങ്ങിപ്പോയി (മത്തായി. 2:1-12).

അബ്രഹാമിന്റെ വംശജനായ മശിഹയെ കൺടതിൽ വിദ്വാന്മാർ അത്യധികം സന്തോഷിച്ചു. എന്നാൽ യേശുവിന്റെ ജനനം ഹെരോദാവിനെ വേദനിപ്പിച്ചു. തന്റെ രാജ്യത്തിൽ ഇനി ഒരു രാജാവിനെ പൊറുപ്പിക്കുകയില്ല എന്ന് അവൻ ശപഥം ചെയ്തു. യേശു പൈതലിനെ വധിക്കുവാനുള്ള അവന്റെ ഉദ്യമങ്ങൾ എല്ലാം പരാജയമടഞ്ഞു. എന്തൊരു വിരോധാഭാസം! അന്യ നാട്ടുകാർ യേശുവിനെ വന്ദിക്കുന്നു, സ്വന്തം നാട്ടുകാർ വധിക്കുവാൻ ശ്രമിക്കുന്നു. വിദ്വാന്മാരോടു കൂടെ നമുക്കും നമ്മുടെ ഹൃദങ്ങൾ മശിഹയുടെ സന്നിധിയിൽ അർപ്പിക്കാം. എല്ലാ ദേശങ്ങളുടേയും രക്ഷിതാവായി ദൈവത്തെ വർണ്ണിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന സങ്കീർത്തനം താഴെ കൊടുത്തിരിക്കുന്നതു നോക്കുക-

''ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും; സകല ജാതികളും നിന്നെ സ്തുതിക്കും.

ജാതികൾ സന്തോഷിച്ച് ഘോഷിച്ചുല്ലസിക്കും. നീ വംശങ്ങളെ നേരോടെ വിധിച്ച് ഭൂമിയിലെ ജാതികളെ ഭരിക്കുന്നുവല്ലോ. ദൈവമേ ജാതികൾ നിന്നെ സ്തുതിക്കും. സകല ജാതികളും നിന്നെ സ്തുതിക്കും'' (സങ്കീർത്തനം 67:1-5).

ചിന്താവിഷയം:-

ദൈവത്തിന്റെ 'രക്ഷ' ഒരുപ്രത്യേക രാജ്യത്തിനോ, വംശത്തിനോ വേൺടിയുള്ളതല്ല. മുഴുമനുഷ്യ വർഗ്ഗത്തിന്റേയും രക്ഷിതാവായി മശിഹ ഈ ലോകത്തിലേക്ക് വന്നു. നിങ്ങളും ആ സമയത്ത് യെരുശലേമിൽ ഉൺടായിരുന്നെങ്കിൽ നിങ്ങൾക്കും ബത്‌ലഹേമിൽ ചെന്ന് ആ ശിശുവിനെ നമസ്ക്കരിക്കുവാൻ താല്പര്യം തോന്നുമായിരുന്നില്ലേ?

## പാഠം 16
## മശിഹ തന്റെ ജോലിക്കായി ഒരുങ്ങുന്നു

A. യേശു പന്ത്രൺടാമത്തെ വയസ്സിൽ:-

പെസഹ ഉത്സവത്തിൽ പങ്കു കൊള്ളുവാനായി യേശു അമ്മയായ മറിയയോടും വളർത്തു പിതാവായ യോസേഫിനോടും കൂടെ യെരുശലേമിലേക്കു പോയി. അവിടെ യേശു എന്തു ചെയ്തുകൊൺടിരുന്നു എന്നതിനെപ്പറ്റി ഈ വിധം വിവരിച്ചിരിക്കുന്നു:-

'അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും, അവരുടെ ഉപദേശം കേൾക്കുകയും, അവരോടു ചോദിക്കുകയും ചെയ്യുന്നതും കൺടു. അവന്റെ വാക്കു കേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും, ഉത്തരങ്ങളിലും വിസ്മയം തോന്നി. അവനെ കൺടിട്ട് അവർ അതിശയിച്ചു' (ലൂക്കോസ് 2:46-47).

വി.ബൈബിൾ പാരായണം ചെയ്യുന്നതിൽ മശിഹ വളരെ താല്പര്യം പ്രകടിപ്പിച്ചു. നമ്മിലും നമ്മുടെ കുടുംബങ്ങളിലും എത്ര പേരാണ് ദൈവത്തെക്കുറിച്ച് പഠിക്കുവാൻ താല്പര്യം കാണിക്കുന്നതെന്ന് ചിന്തിക്കുക! നോവലുകൾ, വർത്തമാന പത്രങ്ങൾ തുടങ്ങിയവ വായിക്കുവാൻ സമയമുൺടെന്നും, ബൈബിൾ പഠിക്കുവാൻ സമയം ഇല്ലെന്നും വരുന്നത് പരിതാപകരമായ വസ്തുതയല്ലേ? താൻ സകല മനുഷ്യർക്കും വേൺടിയുള്ള 'ദൈവത്തിന്റെ വചന' മാണെന്ന് അറിഞ്ഞിരുന്നതു കൊൺടാണ് തന്റെ സ്വർഗ്ഗീയ പിതാവിന്റെ ആലയത്തിൽ ഇരിക്കുന്നതിൽ മശിഹ സന്തോഷിച്ചത്.

B. മശിഹ സ്നാനം ഏല്ക്കുന്നു:-

ദൈവം നമ്മെ സ്നേഹിക്കുന്നതുകൊൺട് മശിഹ എന്ന തന്റെ നിത്യവചനത്തെ ഈ

ലോകത്തിൽ അയച്ചു. ദൈവത്തിന്റെ ആ വചനം ഒരു മനുഷ്യനായി ഈ ലോകത്തിൽ അവതരിച്ചു. നമ്മോടു സംസാരിക്കുന്നതിനും, തന്നെ സ്വയം മനുഷ്യർക്കു വെളിപ്പെടുത്തുന്നതിനും, മനുഷ്യർക്കു വേൺടി താൻ എന്തു ചെയ്യുവാൻ പോകുന്നു എന്ന് അറിയിക്കുന്നതിനുമാണ് അവൻ വന്നത്. അവൻ വളർന്ന് ഒരു പൂർണ്ണ മനുഷ്യനായി. അവൻ ഭക്ഷണം കഴിക്കുകയും, ഉറങ്ങുകയും, അദ്ധ്വാനിക്കുകയും ചെയ്തു. മനുഷ്യർ അനുഭവിക്കുന്ന സന്തോഷം, ദുഃഖം, എന്നിവയും അവൻ അനുഭവിച്ചു. ഇങ്ങനെ ഈ ലോകത്തിൽ അവതരിച്ച‘ ദൈവവചനം’ ഒരു യഥാർത്ഥ മനുഷ്യൻ തന്നെ ആയിരുന്നു. എന്നാൽ തികഞ്ഞവനും, പരിപൂർണ്ണ അനുസരണമുള്ളവനും, പാപരഹിതനും ആയിരുന്നു എന്ന ഒരു സുപ്രധാന വ്യത്യാസം അവനുൺടായിരുന്നു. എന്നിട്ടും അവൻ നമുക്കു വേൺടി ‘സ്നാനം’ഏല്ക്കുവാൻ തയ്യാറായി. പാപരഹിതനായവനെ സ്നാനപ്പെടുത്തുകയില്ല എന്ന് യോഹന്നാൻ ശഠിച്ചു. എങ്കിലും പാപികളോടൊപ്പം സ്നാനപ്പെടേൺടതാണെന്ന വസ്തുത മശിഹയിൽ നിന്ന് തന്നെ ഗ്രഹിക്കുകയും അങ്ങനെ അവൻ സ്നാനം കഴിപ്പിക്കുകയും ചെയ്തു. യേശു സ്നാനം ഏറ്റപ്പോൾ ഉൺടായ അപൂർവ്വ സംഭവത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:-

‘യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കൺടു. ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉൺടായി’ (മത്തായി. 3:16-17).

കന്യകയായ മറിയയിൽ യേശുവിനെ ഉല്പാദിപ്പിക്കുവാൻ പ്രവർത്തിച്ച ദൈവ ശക്തിയായ വിശുദ്ധാത്മാവ് മശിഹയുടെ മേൽ പ്രകാശിച്ചു. ഇതിനെപ്പറ്റി പ്രവാചകൻ വിവരിച്ചിരിക്കുന്നതു നോക്കുക (പാഠം 9d)). പ്രസ്തുത പ്രവചനമനുസരിച്ച് മനുഷ്യവർഗ്ഗത്തെ ശുശ്രൂഷിക്കുവാനായി മശിഹ ദൈവത്തിന്റെ ദാസനായി വന്നു എന്നത് എത്രയോ സന്തോഷകരമായ വസ്തുതയാണ്.

C. പിശാച് യേശുവിനെ സമീപിക്കുന്നു:-

ഏദെൻ തോട്ടത്തിൽ അനുഗ്രഹീതമായ ജീവിതം നയിച്ചു വന്ന മനുഷ്യരെ പാപത്തിലേക്ക് വശീകരിച്ച കഥ നാം പഠിച്ചുവല്ലോ (പാഠം 2). പാപത്തിനുള്ള ശിക്ഷ വരുന്നതിന് മുമ്പ് ദൈവം ഒരു രക്ഷിതാവിനെ നൽകുമെന്ന് വാഗ്ദത്തം ചെയ്തു. ആ രക്ഷിതാവ് പരീക്ഷകനുമായി ഏറ്റു മുട്ടും എന്ന പ്രവചനം നിറവേറുവാൻ പോകയാണ്. തന്ത്രശാലിയായ സാത്താൻ (ഷെയ്ത്താൻ) മശിഹയേയും സമീപിച്ചു. മശിഹക്കുള്ള ദൈവീക ശക്തി ഉപയോഗിച്ച് ഉയർന്ന സ്ഥാനങ്ങൾ കരസ്ഥമാക്കണമെന്ന് അവൻ ഉപദേശിച്ചു. മന്ത്രം, വിനോദം, യുദ്ധം എന്നീ മാർഗ്ഗങ്ങളിൽ കൂടി ഒരു രാജാവായിത്തീരുവാൻ അവൻ യേശുവിനെ പ്രേരിപ്പിച്ചു
(മത്തായി. 4:1-11).

എന്നാൽ മനുഷ്യരെ എന്നപോലെ യേശുവിനെ തോല്പിക്കുവാൻ അവന് കഴിഞ്ഞില്ല. അവന് മശിഹയുടെ മുമ്പിൽ നിന്നും തോറ്റ് ഓടേണ്ടതായി വന്നു. ആദാം പിശാചിന്റെ മുമ്പിൽ തോറ്റു പോയി എങ്കിലും മശിഹ ജയിക്കുക തന്നെ ചെയ്തു. സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ട ത്തിൽ നിന്നും ഒരണുവെങ്കിലും വ്യതിചലിക്കാത്ത മശിഹ താൻ ഏറ്റിട്ടുള്ള ജോലി ആരംഭി ക്കുന്നതിനായി മനുഷ്യ മദ്ധ്യേ പ്രവേശിക്കുകയാണ്.

സ്നേഹിതാ, പിശാച് നമ്മിൽ ഉണ്ടാക്കുന്ന പരീക്ഷകളെ ജയിക്കേണ്ടതിന് വേണ്ട സഹായം നൽകുവാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**ചിന്താവിഷയം:-**

സ്വർഗ്ഗീയ പിതാവിൽ നിന്ന് നമ്മെ അകറ്റുന്നതിനും, നമ്മെ പാപത്തിലേക്കു പരീക്ഷി ക്കുന്നതിനും സാത്താൻ സദാസമയവും ശ്രമിച്ചു കൊണ്ടിരിക്കുന്നു. മശിഹയാകുന്ന യേശുവിന്റെ ശക്തിയാൽ നിങ്ങൾക്കും സാത്താനോട് പോരാടുവാനും അവനെ ജയി ക്കുവാനും കഴിയും. യേശു മശിഹക്ക് നിങ്ങളുടെ ഹൃദയം തുറന്നു കൊടുക്കുക. എത്രയും വേഗത്തിൽ സാത്താൻ നിങ്ങളെ വിട്ടകന്നു പോകും.

## പാഠം 17
## മശിഹ രോഗികളെ സുഖപ്പെടുത്തുന്നു

മശിഹയായ യേശു തന്റെ ജീവിതത്തിൽ അധിക സമയവും ഗലീലയിലുള്ള നസറെത്ത് പട്ടണത്തിൽ ചിലവഴിച്ചു. മുപ്പതാം വയസ്സിൽ അവൻ ആരംഭിച്ചതായ പ്രവർത്തനങ്ങളെ വി. ഇൻജിൽ ഈ വിധം വിവരിക്കുന്നു :-

a) പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുറ്റി സഞ്ചരിച്ചു കൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും, ജനത്തിലുള്ള സകല ദീനത്തേയും, വ്യാധിയേയും സൗഖ്യമാക്കുകയും ചെയ്തു. അവന്റെ ശ്രുതി സുറിയയിൽ ഒക്കെയും പരന്നു. നാനാ വ്യാധികളാലും, ബാധ കളാലും വലഞ്ഞവർ, ഭൂതഗ്രസ്തർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകലവിധ ദീനക്കാരേയും അവന്റെ അടുക്കൽ കൊണ്ടു വന്നു. അവൻ അവരെ സൗഖ്യമാക്കി (മത്തായി. 4:23-24).

വി. ഇൻജിൽ മാത്രമാണ് യേശുവിന്റെ രോഗശാന്തി ശുശ്രൂഷയെക്കുറിച്ചുള്ള പൂർണ്ണ വിവരം നല്കുന്നത്. ചില ഉദാഹരണങ്ങൾ നോക്കാം :-

b) യേശു അവിടെ നിന്ന് പോകുമ്പോൾ രണ്ടു കുരുടന്മാർ ദാവീദു പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു കൊണ്ട് പിന്തുടർന്നു. അവൻ വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ അവന്റെ അടുക്കൽ വന്ന് ഇതു ചെയ്‌വാൻ എനിക്കു കഴിയും എന്ന് വിശ്വസിക്കുന്നുവോ എന്നു യേശു ചോദിച്ചതിന്; ഉവ്വ്, എന്നു അവർ പറഞ്ഞു. അവൻ അവരുടെ കണ്ണു തൊട്ടു, നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ഉടനെ അവരുടെ കണ്ണു തുറന്നു (മത്തായി. 9:27–29).

പ്രവാചകന്മാർ യേശു ദാവീദിന്റെ വംശജനായിരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതു കൊണ്ടാണ് കുരുടന്മാർ യേശുവിനെ ‘ദാവീദുപുത്രൻ’എന്നു സംബോധന ചെയ്തത്.

c) അവർ പോകുമ്പോൾ ചിലർ ഭൂതഗ്രസ്ഥനായ ഒരു ഊമനെ അവന്റെ അടുക്കൽ കൊണ്ടു വന്നു. അവൻ ഭൂതത്തെ പുറത്താക്കിയ ശേഷം ഊമൻ സംസാരിച്ചു. ഇസ്രായേലിൽ ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്ന് പുരുഷാരം അതിശയിച്ചു (മത്തായി. 9:32–33).

d) യേശു പത്രൊസിന്റെ വീട്ടിൽ വന്നപ്പോൾ അവന്റെ അമ്മാവിയമ്മ പനി പിടിച്ച് കിടക്കുന്നതു കണ്ടു. അവൻ അവളുടെ കൈ തൊട്ടു; പനി അവളെ വിട്ടു; അവൾ എഴുന്നേറ്റു അവർക്കു ശുശ്രൂഷ ചെയ്തു (മത്തായി. 8:14–15).

മശിഹയായ യേശുക്രിസ്തു ഈ കാര്യങ്ങൾ പ്രവർത്തിക്കുവാനുള്ള കാരണമെന്ത് എന്ന് വി. ഇൻജിൽ (സുവിശേഷങ്ങൾ) പ്രസ്താവിക്കുന്നുണ്ട്.

‘അവൻ നമ്മുടെ ബലഹീനതകളെ എടുത്തു, വ്യാധികളെ ചുമന്നു എന്നിങ്ങനെ യെശയ്യാവ് പ്രവാചകൻ പറഞ്ഞത് നിവൃത്തിയാകുവാൻ തന്നെ’ (മത്തായി. 8:17).

മശിഹയുടെ ഈവിധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള യെശയ്യാവു പ്രവാചകന്റെ വിവരണം നോക്കുക (പാഠം 9c).

ഈ ചരിത്രം വായിക്കുമ്പോൾ യേശുവിന്റെ ഭക്തന്മാർ ഇന്ന് പലവിധത്തിലുള്ള ആശുപത്രികൾ സ്ഥാപിച്ച് സകലവിധ രോഗങ്ങളേയും ചികിത്സിക്കുവാൻ ശ്രമിക്കുന്നതിനുള്ള കാരണം നിങ്ങൾക്കു മനസ്സിലാകുമല്ലോ. മശിഹയായ യേശു ക്രിസ്തുവിന് മഹത്വവും, സ്തോത്രവും ഉണ്ടാകുന്നതിനാണ് അവ നടത്തുവാൻ ദൈവം ഇടനൽകിയിരിക്കുന്നത്. പ്രവാചകൻ മുഖാന്തിരം ദൈവം നിങ്ങൾക്കു നൽകിയിരിക്കുന്ന വാഗ്ദത്തങ്ങൾ നോക്കുക:–

‘അതുകൊൺട് യഹോവ നിങ്ങളോടു കൃപ കാണിക്കുവാൻ താമസിക്കുന്നു; അതു കൊൺട് അവൻ നിങ്ങളോട് കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായ ത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ’ (യെശ. 30:18)

**ചിന്താവിഷയം:-**

സ്വന്തം ആവശ്യങ്ങൾക്കു വേൺടിയോ, വിനോദത്തിനായോ യേശു ഒരിക്കലും അത്ഭു തങ്ങൾ പ്രവർത്തിച്ചിട്ടില്ല. ദുഃഖത്തിലും, വേദനയിലും ഇരുന്നവരെ സഹായിക്കുക മാത്ര മാണ് അവന്റെ ലക്ഷ്യം. സ്വന്തം ശരീരത്തെക്കുറിച്ച് നിങ്ങൾക്ക് വിചാരമുൺടോ? ശരീ രത്തെ സംരക്ഷിക്കുന്നതിൽ മറ്റുള്ളവരെ നിങ്ങൾ സഹായിക്കാറുൺടോ? ദൈവത്തിന്റെ ദാനമായ നമ്മുടെ ശരീരങ്ങളെ നാം സൂക്ഷിക്കേൺടതും നല്ല കാര്യങ്ങൾ പ്രവർത്തി ക്കുവാനായി ഉപയോഗിക്കേൺടതുമാകുന്നു.

## പാഠം 18
## മശിഹ ഹൃദയത്തെ സുഖപ്പെടുത്തുന്നു

ഈ ലോകത്തിൽ നമുക്ക് ഏറ്റവും ആവശ്യമായിരിക്കുന്നത് ശുദ്ധമുള്ള ഹൃദയമാണെന്ന് വി. ബൈബിൾ പറയുന്നു. നമ്മുടെ ഹൃദയങ്ങൾ പാപമാലിന്യങ്ങൾ കൊൺട് നിറയപ്പെട്ടിരി ക്കുന്നതിനാൽ വിശുദ്ധനായ ദൈവത്തെ ആരാധിക്കുവാനും, അവനുമായി സംസർഗ്ഗം പുലർത്തുവാനും നമുക്കു കഴിയുന്നതല്ല.

ശാരീരിക രോഗത്തെ സുഖമാക്കുവാൻ മാത്രമല്ല; പ്രത്യുത മനുഷ്യവർഗ്ഗത്തെ പാപ ത്തിൽ നിന്ന് മോചിപ്പിച്ച് അവർക്ക് പുതു ഹൃദയവും, ജീവിതവും നൽകുന്നതിനും കൂടിയാണ് യേശു വന്നത് എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. ‘യേശു’ എന്ന പദത്തിന്റെ അർത്ഥം ‘രക്ഷിതാവ്’എന്നാകുന്നു. മശിഹ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നത് നോക്കുക:-

‘ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊൺടു വന്നു; യേശു അവരുടെ വിശ്വാസം കൺടിട്ടു പക്ഷവാതക്കാരനോട്, മകനെ ധൈര്യമായി രിക്ക; നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ശാസ്ത്രിമാരിൽ ചിലർ ഇവൻ ദൈവ ദൂഷണം പറയുന്നു എന്ന് ഉള്ളം കൊൺടു പറഞ്ഞു. യേശുവോ അവ രുടെ നിരൂപണം ഗ്രഹിച്ചു. നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നതെന്ത്? നിന്റെ പാപ ങ്ങൾ മോചിച്ചിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു. എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരം ഉൺട് എന്നു നിങ്ങൾ അറിയേൺടതിന്നു അവൻ പക്ഷവാതക്കാ രനോട് എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു വീട്ടിൽ പോയി’ (മത്തായി. 9:2-7).

തനിക്ക് 'ഭൂമിയിൽ പാപങ്ങളെ മോചിക്കാൻ അധികാരമുൺടെന്ന്'യേശു (മനുഷ്യ പുത്രൻ) പ്രസ്താവിക്കുകയും; പക്ഷവാതം എന്ന കഠിന രോഗത്തെ ഒരു വാക്കു കൊൺട് മാറ്റിയതു നിമിത്തം അത് തെളിയിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ പാപം ക്ഷമിക്കുന്നതും, രോഗം സുഖപ്പെടുത്തുന്നതും ദൈവത്തിന്റെ പ്രവൃത്തികളാണ്. ഇവ അനുഷ്ഠിക്കുന്ന 'മനുഷ്യപുത്രൻ' 'ദൈവവചന'മാണെന്ന് അവർ മനസ്സിലാക്കിയില്ല. മശിഹ തന്നെക്കുറിച്ച് 'മനുഷ്യപുത്രൻ' എന്ന് പലപ്പോഴും പറഞ്ഞിട്ടുൺട്. ദാനിയേൽ പ്രവാചകൻ മശിഹയെക്കുറിച്ച് 'മനുഷ്യപുത്രൻ' എന്നും അവന്റെ രാജ്യം 'നിത്യരാജ്യ'മായിരിക്കും എന്നും രേഖപ്പെടുത്തിയിരിക്കുന്നു (പാഠം 11 നോക്കുക). അതനുസരിച്ചാണ് മശിഹയായ യേശു ക്രിസ്തു ഈ നാമധേയം സ്വയം സ്വീകരിച്ചത്.

നിങ്ങൾക്കും പാപമോചനം ആവശ്യമാണെന്ന് ഇപ്പോൾ തോന്നുന്നില്ലേ? ദൈവം ഈ മഹൽ ദാനം നൽകുന്ന മാർഗ്ഗത്തെക്കുറിച്ച് നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുന്നുൺടോ? നമ്മെ രോഗത്തിൽ നിന്നും പാപത്തിൽ നിന്നും വിടുവിക്കുന്ന ദൈവത്തിന് താഴെ ചേർത്ത സങ്കീർത്തനം വായിച്ച് നന്ദി പറയാം :-

'എൻ മനമേ യഹോവയെ വാഴ്ത്തുക........................................ അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു, നിന്റെ സകല രോഗങ്ങളേയും സൗഖ്യമാക്കുന്നു. അവൻ നിന്റെ ജീവനെ നാശത്തിൽ നിന്ന് വീൺടെടുക്കുന്നു. അവൻ ദയയും, കരുണയും നിന്നെ അണിയിക്കുന്നു' (സങ്കീർത്തനം 103:1-4).

ചിന്താവിഷയം:-

കണ്ണിനു രോഗം ബാധിക്കുമ്പോൾ കാഴ്ചക്കുറവ് സംഭവിക്കുന്നതു പോലെ, രോഗമുള്ള ഹൃദയങ്ങൾക്കു ദൈവ വചനത്തിന്റെ പ്രകാശത്തെ ശരിയായി കാണുവാൻ കഴിയുന്നതല്ല. സാത്താന്റെ ഇരുളിനേയും, തിന്മയേയും ഉപേക്ഷിക്കുവാനും, ദൈവ വചനത്തിന്റെ പ്രകാശത്തെ സ്നേഹിക്കുവാനും നാം പ്രാപ്തരാകേൺടതിന് നമ്മുടെ രോഗമുള്ള ഹൃദയങ്ങളെ സുഖപ്പെടുത്തുവാൻ യേശു ആഗ്രഹിക്കുന്നു.

## പാഠം 19

## മശിഹ മരിച്ചവരെ ജീവിപ്പിക്കുന്നു

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം ദൈവത്തിൽ നിന്നുള്ള പാപക്ഷമയാണല്ലോ. പാപ ഹൃദയമുള്ളവർക്ക് ദൈവ കല്പനകൾ അനുസരിക്കുവാനോ, ന്യായവിധി നാളിൽ ദൈവസന്നിധിയിൽ നില്ക്കുവാനോ സാദ്ധ്യമാകയില്ല. 'പാപം ചെയ്യുന്ന ദേഹി മരിക്കും'

(യെഹസ്ക്കേൽ 13:20) എന്ന് പുതാതന കാലത്ത് പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നു. ‘തീയിൽ തൊട്ടാൽ പൊള്ളും ’എന്നത് എത്രത്തോളം വാസ്തവമായിരിക്കുന്നവോ അതുപോലെ പാപം നമ്മെ നാശത്തിലേക്കു നയിക്കും എന്നത് വാസ്തവമായിരിക്കുന്നു. അത് നമ്മെ സാത്താന്റെ അടിമകളാക്കുന്നതു കൊൺട് അവന്റെ ദുഷിച്ച ഇഷ്ടങ്ങൾക്ക് നാം അടിമപ്പെട്ടു പോക തന്നെ ചെയ്യും. ഇങ്ങനെ പാപം എപ്പോഴും നമ്മിൽ നിത്യമരണത്തിന്റെ വിത്ത് വിതച്ചു കൊൺടിരിക്കുകയാണ്. ഈ സ്ഥിതിയിൽ നിന്ന് സ്വയം രക്ഷപ്പെടുവാൻ ആർക്കും കഴിയുക യില്ല. അതിനാൽ നമ്മുടെ സ്ഥിതി ഇത്രക്ക് ഗുരുതരമാണെങ്കിലും നിരാശപ്പെടേൺടതില്ല. ദൈവം ഒരു മഹത്തായ രക്ഷാ മാർഗ്ഗം നമുക്കായി ഒരുക്കിയിട്ടുൺട്. യേശുവിന് പാപം ക്ഷമിക്കു വാനും , മരണത്തിന്റെ വിഷപ്പല്ല് നീക്കുവാനും ശക്തിയുൺട്. മരണമാകുന്ന മാരക ശത്രുവി ന്മേൽ അവന് അധികാരമുൺടെന്ന് കാണിക്കുന്ന ഒരു സംഭവം വി. ഇൻജിലിൽ നിന്നും ഉദ്ധരിക്കാം :-

‘‘അവൻ പട്ടണത്തിന്റെ വാതിലോടു അടുത്തപ്പോൾ മരിച്ചു പോയ ഒരുത്തനെ പുറത്തു കൊൺടു വരുന്നു. അവൻ അമ്മക്ക് ഏകജാതനായ മകൻ. അവളോ വിധവ ആയിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരവും അവളോടു കൂടെ ഉൺടായിരുന്നു. അവളെ കൺടിട്ടു കർത്താവ് മനസ്സലിഞ്ഞു അവളോടു കരയേൺടാ എന്നു പറഞ്ഞു. അവൻ അടുത്തു ചെന്നു മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ, എഴുന്നേല്ക്ക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റു ഇരുന്നു സംസാരിപ്പാൻ തുടങ്ങി. അവൻ അവനെ അമ്മക്കു ഏല്പിച്ചു കൊടുത്തു ’’(ലൂക്കൊസ്. 7:12-15).

നമ്മുടെ കണ്ണുനീർ തുടച്ചു കളയുവാൻ അവന് കഴിയും. അജയ്യമായ മരണം പോലും അവന്റെ കല്പന അനുസരിച്ചുവല്ലൊ. മോശ പ്രവചിച്ചിരുന്ന മശിഹ (പാഠം 5) യേശു തന്നെ യെന്ന് ജനങ്ങൾ മനസ്സിലാക്കി. അവൻ ദൈവത്തിന്റെ വചനമായിരിക്കുന്നതു കൊൺട് ജീവന്റെ വചനങ്ങളെ പ്രസ്താവിക്കുവാനും അവനു കഴിയുമല്ലോ!

ഒരിക്കൽ യേശു ‘ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസി ക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല’ എന്ന് പറയുകയുൺടായി (യോഹന്നാൻ 11:25-26). ദുഃഖത്തിലും നിരാശ യിലും മരണത്തിൽ പോലും മശിഹ പ്രത്യാശയുടേയും രക്ഷയുടേയും വാഗ്ദത്തങ്ങൾ നൽകു കയാണ്. താഴെ കാണുന്ന വാക്യം മനഃപാഠമാക്കുന്നത് പ്രയോജനകരമാണ്. ‘പാപത്തിന്റെ ശമ്പളം മരണമത്രേ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ’ (റോമർ. 6:23).

**ചിന്താവിഷയം:-**

മനുഷ്യർ മരണത്തെ അധികം ഭയപ്പെടുന്നതിനുള്ള കാരണത്തെപ്പറ്റി ചിന്തിക്കുക! എന്നാൽ മശിഹയിൽ ആശ്രയം വെക്കുന്ന നമ്മോട് 'മരണം വെറും ഒരു നിദ്ര'യാണെന്ന് അവൻ പറയുന്നു. അവന്റെ ശക്തി മരണത്തിന്റെ ശക്തിയേക്കാൾ വലുതാണ്. ജീവനുള്ള ദൈവത്തെ നമുക്ക് സ്തുതിക്കാം!

## പാഠം 20
## മശിഹ കൊടുങ്കാറ്റിനെ ശാസിക്കുന്നു

ദൈവം പ്രകൃതിയിൽ കൂടിയാണ് ഭക്ഷണം, വസ്ത്രം, എന്നിങ്ങനെ നമുക്ക് ആവശ്യമായിരിക്കുന്നതെല്ലാം നൽകിവരുന്നത്. എങ്കിലും കൊടുങ്കാറ്റ്, ക്ഷാമം തുടങ്ങിയ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോൾ നാം വിധിയുടെ കൈകളിലാണ് എന്നും, ദൈവം നമ്മെക്കുറിച്ച് വിചാരപ്പെടുന്നില്ല എന്നും നാം ചിന്തിച്ചു പോകുന്നില്ലേ? മശിഹക്കു പ്രകൃതിയുടെ മേൽ ഉള്ള അധികാരത്തെ കാണിക്കുന്ന ഒരു സംഭവം വി. ഇൻജിലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം നമ്മെക്കുറിച്ച് വിചാരപ്പെടുന്നു എന്നും, നാം അവനിൽ ആശ്രയിക്കുക മാത്രമാണ് വേണ്ടതെന്നും അത് നമ്മെ പഠിപ്പിക്കുന്നു.

'അവൻ ഒരു പടകിൽ കയറിയപ്പോൾ അവന്റെ ശിഷ്യന്മാർ കൂടെ ചെന്നു. പിന്നെ കടലിൽ വലിയ ഓളം ഉണ്ടായിട്ട് പടക് തിരകളാൽ മുങ്ങുമാറായി; അവനോ ഉറങ്ങുകയായിരുന്നു. അവർ അടുത്തു ചെന്നു; കർത്താവേ, രക്ഷിക്കേണമേ; ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞു അവനെ ഉണർത്തി. അവൻ അവരോട്: അല്പ വിശ്വാസികളെ നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത് എന്നു പറഞ്ഞ ശേഷം എഴുന്നേറ്റു കാറ്റിനേയും, കടലിനേയും ശാസിച്ചപ്പോൾ വലിയ ശാന്തത ഉണ്ടായി. ആ മനുഷ്യർ അതിശയിച്ചു. ഇവൻ എങ്ങിനെയുള്ളവൻ? കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ എന്നു പറഞ്ഞു
(മത്തായി. 8:23-27).

യേശു അവരോടു കൂടെ ഉണ്ടായിരുന്നുവെങ്കിലും അവനെ വിശ്വസിക്കായ്ക കൊണ്ട് അവർ ഭയമുള്ളവരായിത്തീർന്നു.നമ്മുടെ ഹൃദയങ്ങളിൽ വാശ്വാസമുണ്ടോ എന്ന് നോക്കുക. കാറ്റും കടലും കൂടെ അനുസരിക്കുന്ന മശിഹ നമ്മോടു കൂടെ ഉണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ കൊടുങ്കാറ്റുകൾ ഉണ്ടാകുമ്പോൾ ഭയപ്പെടേണ്ട ആവശ്യമുണ്ടോ? വിധിയല്ല ദൈവമാണ് സകലത്തേയും നമ്മെയും ഭരിച്ചു കൊണ്ടിരിക്കുന്നത്.

പ്രവാചകന്മാർ മുഖാന്തിരം ദൈവം വാഗ്ദത്തം ചെയ്തിരുന്ന മശിഹയാണ് യേശു എന്ന് അവന്റെ അത്ഭുത പ്രവൃത്തികൾ ചൂണ്ടിക്കാണിക്കുന്നു. ദുർപ്രവൃത്തികളും, അവിശ്വാസവും ഉപേക്ഷിച്ച് അവനിലേക്ക് തിരിയുന്നതിന് അവൻ മനുഷ്യരെ മാടിവിളിക്കുകയാണ്! ആ ക്ഷണം

സ്വീകരിച്ച് ദൈവത്തിലും അവന്റെ രക്ഷാവചനത്തിലും ആശ്രയിക്കുന്നതിന് നാം മുമ്പോട്ടു വരിക.

ദുഃഖവും, സംശയവും നിരാശയും നേരിടുന്ന അവസരങ്ങളിൽ വി.ഇൻജിലിലെ വാക്കുകൾ അതിരറ്റ സന്തോഷം നമുക്ക് പ്രദാനം ചെയ്യുമെന്നതിൽ സംശയമില്ല. 'മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ , വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റ് യാതൊരു സൃഷ്ടിക്കോ, നമ്മുടെ കർത്താവായ യേശുവിലുള്ള ദൈവ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴിയുകയില്ല' എന്ന് ഞാൻ ഉറച്ചിരിക്കുന്നു (മോമർ 8:38-39).

ചിന്താവിഷയം:-

കൊടുങ്കാറ്റോ, കൂരിരുട്ടോ, ഏകാന്തതയോ, നിങ്ങളെ ഭയപ്പെടുത്തിയിട്ടുൺടോ? ഏതവസരത്തിലും അഭയം പ്രാപിക്കുവാനായി യേശു തന്റെ കൈകൾ നിങ്ങളുടെ നേർക്കു നീട്ടുന്നു. ഭയത്തെ ദൂരീകരിച്ച് നിങ്ങളെ ധൈര്യപ്പെടുത്തുവാൻ അവൻ ശക്തനാണ്. വി. ഇൻജിൽ ഈ വിധം പ്രസ്താവിക്കുന്നു. 'തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു'. എപ്പോഴും ഓർക്കേൺടതിന് ഈ വാക്യത്തെ മനഃപാഠമാക്കുക.

## പാഠം 21
## യേശു ശിഷ്യന്മാരെ ഉപദേശിക്കുന്നു

മനുഷ്യനായി വന്ന ദൈവത്തിന്റെ നിത്യവചനം ആകുന്നുവല്ലോ മശിഹ. അവൻ സ്വർഗ്ഗരാജ്യത്തെപ്പറ്റി അനേകം വസ്തുതകൾ മനുഷ്യരെ പഠിപ്പിച്ചു. അവയിൽ ചിലതിനെപ്പറ്റി ചിന്തിക്കാം :-

A. ദൈവത്തിലുള്ള ആശ്രയം :-

'രൺടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തേയും മാമോനേയും (വിഗ്രഹമോ, ധനമോ) സേവിപ്പാൻ കഴികയില്ല (മത്തായി. 6:24)

B. കൊലപാതകവും വിരോധവും :-

'കൊലചെയ്യരുത് എന്നും, ആരെങ്കിലും കൊലചെയ്താൽ ന്യായവിധിക്കു യോഗ്യനാകും

എന്നും പൂർവ്വികരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുൺടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: സഹോദരനോടു നിസ്സാരാ എന്നു പറഞ്ഞാലോ, ന്യായാധിപ സഭയുടെ മുന്നിൽ നിൽക്കേൺടി വരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിന്നു യോഗ്യനാകും' (മത്തായി. 5:21–22).

C. വ്യഭിചാരം :-

'വ്യഭിചാരം ചെയ്യരുത് എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുൺടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയെ മോഹിക്കേൺടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊൺട് അവളോടു വ്യഭിചാരം ചെയ്തു പോയി' (മത്തായി. 5:27–28).

D. പ്രാർത്ഥന :-

'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപട ഭക്തിക്കാരെപ്പോലെ ആകരുത്.......................നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും' (മത്തായി. 6:5–6).

E. ഉപവാസം :-

'ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്; അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് വിളങ്ങേൺടതിനു മുഖം വിരൂപമാക്കുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേൺടതിനു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും' (മത്തായി 6:16–18).

കുറിപ്പ്:-

മത്തായി 6,7,8 ഭാഗങ്ങൾ വായിച്ചാൽ കൂടുതൽ ഉപദേശങ്ങൾ ഗ്രഹിക്കാവുന്നതാണ്.

ഉപദേശമനുസരിച്ച് ജീവിച്ചു എന്നത് മശിഹയിൽ മാത്രം കാണുന്ന ഒരു പ്രത്യേകതയാണ്. അവൻ നമുക്കു വേൺടി ദൈവ കല്പനകൾ പരിപൂർണ്ണമായി നിവർത്തിക്കുകയും, ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നമ്മെ അറിയിക്കുകയും ചെയ്തു. മശിഹ തന്നെപ്പറ്റി പറഞ്ഞ ഒരു വാക്യം കൂടി ഉദ്ധരിക്കാം :-

'ഞാൻ ന്യായപ്രമാണത്തേയോ, പ്രവാചകന്മാരേയോ നീക്കേണ്ടതിന് വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ വന്നത് '(മത്തായി. 5:17).

**പ്രാർത്ഥന:-**

സ്വർഗ്ഗീയ പിതാവേ, വിശുദ്ധ ബൈബിൾ ഞങ്ങളുടെ ഭാഷയിൽ ലഭിക്കത്തക്കവണ്ണം പ്രവർത്തിച്ചതിന് നന്ദി പറയുന്നു. നിന്റെ രക്ഷാസന്ദേശം വായിച്ചു ഗ്രഹിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. നിന്നേയും ഞങ്ങളുടെ അയല്ക്കാരേയും ഹൃദയപൂർവ്വം സ്നേഹിക്കുവാൻ മശിഹനിമിത്തം ഞങ്ങളെ കഴിവുള്ളവരാക്കേണമേ, ആമേൻ.

## പാഠം 22

## മശിഹ നഷ്ടപ്പെട്ടു പോയവരെ അന്വേഷിക്കുന്നു

മറ്റുള്ളവരേക്കാൾ നല്ലവരും പ്രാധാന്യമർഹിക്കുന്നവരുമാണ് തങ്ങൾ എന്ന് സ്വയം അഭിമാനിച്ചവരാണ് പരീശന്മാർ. തങ്ങൾ അബ്രഹാമിന്റെ വംശത്തിൽ നിന്നും ജനിച്ചിരിക്കുന്നു; ദൈവ കല്പനകൾ പഠിക്കുകയും, പ്രമാണിക്കുകയും ചെയ്യുന്നു; അനേകം തവണ പ്രാർത്ഥിക്കുന്നു; ഉപവസിക്കുന്നു; ദാനധർമ്മങ്ങൾ ചെയ്യുന്നു; എന്നിങ്ങനെ അവർ സ്വയം പുകഴ്ത്തുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്തുവരുന്നു. ദൈവം തങ്ങളെ കൂടുതലായി സ്നേഹിക്കുന്നു എന്ന് അവകാശപ്പെടാനും അവർക്കു മടി തോന്നിയിരുന്നില്ല. ഈ വിധമുള്ള ആത്മപ്രശംസ ആർ നടത്തിയാലും അത് വിഗ്രഹാരാധനയുടെ മറ്റൊരു രൂപമാണ് എന്നത് തർക്കമറ്റ സംഗതിയാണ്. 'പാപികളോടു സഹവാസം ചെയ്തു' എന്ന കുറ്റം അവർ മശിഹയിൽ ചുമത്തി. ഒരു യഥാർത്ഥ പ്രവാചകൻ പാപികളിൽ നിന്നും അകന്ന് ജീവിക്കും എന്നതാണ് അവരുടെ വിശ്വാസം. എന്നാൽ യേശു: താൻ പാപികളോട് സഹവാസം ചെയ്യുവാനുള്ള കാരണത്തെ ഉദാഹരണ സഹിതം വിശദീകരിച്ചു.

'അവൻ ഈ ഉപമ പറഞ്ഞു. നിങ്ങളിൽ ഒരാൾക്കു നൂറു ആടുണ്ട് എന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ചു, ആ കാണാതെ പോയതിനെ കണ്ടെത്തും വരെ നോക്കി നടക്കാതിരിക്കുമോ? കണ്ടു കിട്ടിയാൽ സന്തോഷിച്ചു ചുമലിൽ എടുത്തു വീട്ടിൽ വന്നു സ്നേഹിതന്മാരേയും അയൽക്കാരേയും വിളിച്ചു കൂട്ടി: കാണാതെ പോയ എന്റെ ആടിനെ കണ്ടുകിട്ടിയതു കൊണ്ടു എന്നോടു കൂടെ സന്തോഷിപ്പിൻ എന്ന് അവരോടു പറയും...............അങ്ങനെതന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു' (ലൂക്കോസ്. 15:3-10).

കാണാതെ പോയ ആടിനെ ഇടയൻ തിരയുന്നതു പോലെ പാപം നിമിത്തം തന്നിൽ നിന്നും അകന്നുപോയ മനുഷ്യകുലത്തെ സ്നേഹവാനായ ദൈവം അന്വേഷിക്കുകയില്ലെ എന്ന് യേശു ചോദിക്കുകയാണ്. മനുഷ്യർ പാപം ചെയ്യുന്നതിൽ ദൈവം പ്രസാദിക്കുന്നില്ല. എന്നാൽ അവൻ പാപിയെ സ്നേഹിക്കുന്നു എന്നും, തന്നിലേക്ക് തിരിഞ്ഞ് മാനസാന്തരപ്പെടുവാൻ ഓരോ പാപിയേയും ക്ഷണിക്കുന്നു എന്നും യേശു വ്യക്തമാക്കുന്നു. വചനമാകുന്ന മശിഹ മുഖാന്തിരമാണ് ദൈവം പാപികളെ ക്ഷണിക്കുന്നത്. വി.ബൈബിളിൽ നിന്നും ഒരു ഭാഗം വായിച്ച് ധ്യാനിക്കാം :-

'ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും, എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ' (1തിമൊഥെയൊസ് 1:15).

ചിന്താവിഷയം :-

ദൈവം നിങ്ങളെക്കുറിച്ച് വിചാരപ്പെടുകയും, നിങ്ങളെ ക്ഷണിക്കുകയും ചെയ്യുന്നു എന്ന വസ്തുതയെപ്പറ്റി ചിന്തിക്കുക! അതുകൊൺടാണ് മശിഹയെ ഈ ലോകത്തിൽ അയച്ചത്. അതു നിമിത്തം അവനെ സ്വർഗ്ഗീയ പിതാവ് എന്ന് നാം വിളിക്കുന്നു. 'പിതാവ്'എന്ന ദൈവ നാമം നിങ്ങൾക്ക് അളവറ്റ ആശ്വാസം തരുന്നില്ലേ?

## പാഠം 23
## യേശു പാപമോചനത്തെക്കുറിച്ച് പഠിപ്പിക്കുന്നു

നിങ്ങളെ ഉപദ്രവിച്ചവരോട് പൂർണ്ണമായി ക്ഷമിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുൺടോ? പ്രാർത്ഥന, ഉപവാസം, ധർമ്മ പ്രവൃത്തികൾ എന്നിവ അനുഷ്ഠിക്കുന്നതിനേക്കാൾ ശത്രുക്കളോടു ക്ഷമിക്കുക എന്നത് വിഷമമുള്ള ഒരു കാര്യമായി അനുഭവപ്പെടാറില്ലേ? നമ്മുടെ നിരവധി പാപങ്ങൾ ദൈവത്തെ വേദനപ്പെടുത്തുന്നുൺടെന്ന കാര്യം നാം വിസ്മരിക്കുകയല്ലേ? അവൻ നൽകുന്ന പാപമോചനം നമുക്ക് ഓരോരുത്തർക്കും എത്രയും ആവശ്യമാണ്. ദൈവം വിശുദ്ധനാകയാൽ പാപമോചനം കൂടാതെ അവന്റെ മുമ്പിൽ ജീവിക്കുവാൻ ആർക്കും കഴികയില്ല.

നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിക്കണമെന്ന് നാം പ്രതീക്ഷിക്കുമ്പോൾ, നമ്മുടെ അയല്ക്കാരൻ നമ്മോടു ചെയ്ത തെറ്റുകളെ നാമും ക്ഷമിച്ചു കൊടുക്കേൺടതല്ലേ? യേശു ഒരിക്കൽ പാപത്തെ കടബാദ്ധ്യതയോട് ഉപമിച്ചുകൊൺട് ഒരു കഥ പറഞ്ഞു:-

'അപ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്നു; കർത്താവേ സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോട്: ഏഴുവട്ടമല്ല, ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. സ്വർഗ്ഗ രാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശ്യം. അവൻ കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടമ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊൺടുവന്നു. അവന്നു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനെയും, ഭാര്യയേയും, മക്കളേയും, അവനുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കല്പിച്ചു. അതുകൊൺട് ആ ദാസൻ വീണു അവനെ നമസ്ക്കരിച്ചു: യജമാനനേ, എന്നോടു ക്ഷമ തോന്നേണമേ; ഞാൻ സകലവും തന്നു തീർക്കാം, എന്നു പറഞ്ഞു. അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞു അവനെ വിട്ടയച്ചു കടവും ഇളച്ചുകൊടുത്തു. ആ ദാസൻ പോകുമ്പോൾ തനിക്കു നൂറുവെള്ളിക്കാശു കടമ്പെട്ട ഒരു കൂട്ടുദാസനെ കൺടു തൊൺടക്കു പിടിച്ചു ഞെക്കി; തന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടു ദാസൻ: എന്നോടു ക്ഷമ തോന്നേണമേ; ഞാൻ തന്നു തീർക്കാം എന്ന് അവനോടു അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. ഈ സംഭവിച്ചതു ഒക്കെയും യജമാനനെ ബോധിപ്പിച്ചു. യജമാനൻ അവനെ വിളിച്ചു; ദുഷ്ടദാസനെ, നീ എന്നോടു അപേക്ഷിക്കയാൽ ഞാൻ ആ കടം ഒക്കെയും ഇളച്ചു തന്നുവല്ലോ. എനിക്കു നിന്നോടു കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേൺടതല്ലയോ എന്നു പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു. അവൻ കടം ഒക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പിച്ചു. നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവു അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും' (മത്തായി. 18:21-35).

ദൈവത്തിനു വിരോധമായി നാം ചെയ്യുന്ന പാപങ്ങൾ എണ്ണമറ്റവയാണ്. എന്നാൽ അയല്ക്കാർ കേവലം നിസ്സാരങ്ങളായ പാപങ്ങളാണ് നമ്മോടു ചെയ്യുന്നത്. ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിക്കുമ്പോൾ അയല്ക്കാരോട് ആത്മാർത്ഥമായി ക്ഷമിക്കുവാനുള്ള ഒരു ഹൃദയം നമുക്ക് ലഭ്യമാകുന്നു. അയല്ക്കാരനോടു നാം ക്ഷമിക്കുന്നില്ല എങ്കിൽ നമ്മുടെ പാപങ്ങളും ക്ഷമിക്കപ്പെടുകയില്ല എന്ന യേശുവിന്റെ പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്.

ചിന്താവിഷയം:-

> നാം അന്യോന്യം ക്ഷമിക്കുന്നുവെങ്കിൽ നമ്മുടെ കുടുഃബങ്ങളിലും, ഗ്രാമങ്ങളിലും, രാജ്യത്തിലും വഴക്കുകൾ ഉൺടായിരിക്കുമെന്ന് തോന്നുന്നുൺടോ? ക്ഷമയുടേയും ക്ഷമിക്കപ്പെടുന്നതിന്റേയും പ്രാധാന്യം അതുല്യമാണ്.

## പാഠം 24
## യേശു ശിഷ്യന്മാരെ വിളിക്കുന്നത്

തന്റെ വേർപാടിനു ശേഷവും താൻ മുഖാന്തിരമുള്ള രക്ഷാ സന്ദേശം ഈ ലോകത്തിൽ അറിയിക്കപ്പെടണമെന്ന് യേശു ആഗ്രഹിച്ചു. അതുകൊൺട് അവൻ 12 ശിക്ഷ്യന്മാരെ തിരഞ്ഞെടുത്തു. ''അവരെ അപ്പൊസ്തലന്മാർ'' എന്നു വിളിക്കുന്നു. ''അയക്കപ്പെട്ടവർ'' എന്നാണതിന്റെ അർത്ഥം. അവൻ ശിഷ്യന്മാരെ വിളിച്ച വിധത്തെ സുവിശേഷം (ഇൻജിൽ) ഇപ്രകാരം വിവരിക്കുന്നു:-

''അവൻ ഗലീലക്കടൽപ്പുറത്തു നടക്കുമ്പോൾ പത്രൊസ് എന്നു പേരുള്ള ശീമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ് എന്നിങ്ങനെ മീൻ പിടിത്തക്കാരായ രൺടു സഹോദരന്മാർ കടലിൽ വല വീശുന്നതു കൺടു; എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് അവരോട് പറഞ്ഞു. ഉടനെ അവർ വല വിട്ടേച്ചു അവനെ അനുഗമിച്ചു (മത്തായി. 4:18-20). പിറ്റേന്നാൾ യേശു..................ഫിലിപ്പോസിനെ കൺടു, എന്നെ അനുഗമിക്ക എന്ന് അവനോടു പറഞ്ഞു. ഫിലിപ്പോസ് നഥനയേലിനെ കൺടു അവനോടു: ന്യായപ്രമാണത്തിൽ മോശെയും, പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കൺടെത്തിയിരിക്കുന്നു എന്നു പറഞ്ഞു'' (യോഹന്നാൻ 1:43-45).

യേശുവിന്റെ ശിഷ്യന്മാർ സാധാരണക്കാരായിരുന്നു. പാപികളെന്നും, അധഃകൃതരെന്നും മറ്റുള്ളവർ മുദ്രകുത്തപ്പെട്ടവരും അവരിൽ ഉൾപ്പെട്ടിരുന്നു. തങ്ങളുടെ യോഗ്യതകളിൽ ആശ്രയിക്കാതെ യേശുവിൽ മാത്രം ആശ്രയിച്ചവരെയാണ് അവൻ തിരഞ്ഞെടുത്തത്. ഇവർ ജനങ്ങളെ പഠിപ്പിക്കുകയും, മാനസ്സാന്തരപ്പെട്ട് യേശുവിനെ പിൻതുടരുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്യേൺടതാണ്. അതിനായി യേശു അവരെ ഒരുക്കുകയായിരുന്നു. പ്രതിഫലമായി ധനമോ, സ്ഥാനമാനങ്ങളോ അവൻ വാഗ്ദത്തം ചെയ്തില്ല. കഷ്ടവും, ഉപദ്രവങ്ങളും അനുഭവിക്കേൺടി വരുമെന്നും, ഏതു സന്ദർഭങ്ങളിലും സ്നേഹവും, വിശ്വാസവും ഉള്ളവരായിരിക്കണമെന്നും യേശു അവരെ ഉത്ബോധിപ്പിച്ചു.

ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പു പോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തുപോകും. നിങ്ങൾ എന്നിലും, എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും...................................എന്റെ സന്തോഷം

നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു.................. സ്നേഹിതന്മാർക്കു വേൺടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ'' (യോഹന്നാൻ 15:5-14).

''എന്നെ അനുഗമിക്കുക'' എന്ന് വചനമാകുന്ന മശിഹ പറയുകയാണ്. ഇന്നും ഈ വാക്കുകൾ തന്നെയാണ് അവൻ നമ്മോടും പറയുന്നത്. തന്റെ സ്നേഹത്തിൽ ഭാഗഭാക്കാകുന്നതിനും, ദൈവരാജ്യത്തിന്റെ ശുശ്രൂഷ ചെയ്യുന്നതിനും, തന്റെ സ്നേഹിതനും, ശിഷ്യനുമായിത്തീരുവാനും അവൻ നിങ്ങളേയും ക്ഷണിക്കുന്നു. പ്രവാചകന്മാരും, മോശയും പ്രവചിച്ച പ്രകാരം വാഗ്ദത്ത മശിഹ വന്നു എന്നും അവൻ നിങ്ങളുടെ ഹൃദയത്തിലും ആഗതനായിരിക്കുന്നു എന്നും സ്നേഹിതരോടു പറയുവാൻ നിങ്ങൾക്കു കഴിയുമോ?

ചിന്താവിഷയം :-

ഈ പാഠങ്ങളിൽക്കൂടി മശിഹ നിങ്ങളെ വിളിക്കുന്നു എന്നു തോന്നുന്നില്ലേ? മരിച്ചു പോയ ഒരു പ്രവാചകനല്ല, ജീവനുള്ള വചനമാണ് നിങ്ങളെ ക്ഷണിക്കുന്നത്. നിങ്ങളെ രക്ഷിതാവായ മശിഹയുടെ മുമ്പിൽ സമർപ്പിച്ച് അവനെ അനുഗമിക്കുവാനാണ് അവൻ നിങ്ങളെ ക്ഷണിക്കുന്നത്.

## പാഠം 25
## മശിഹയുടെ ശിഷ്യനാകുന്നതിലുള്ള തടസ്സങ്ങൾ

ദൈവത്തെ മാത്രമേ ആരാധിക്കുവാൻ പാടുള്ളു എന്നറിയാമായിരുന്നിട്ടും യാക്കോബ് പ്രവാചകന്റെ ഭാര്യ ''റാഹേൽ'' ഒരു വിഗ്രഹത്തെ ഒളിച്ചു വെച്ചിരുന്നു. ആ രഹസ്യം വെളിച്ചത്തായ ഉടനെ അവൾ അതിനെ എന്നന്നേക്കുമായി ഉപേക്ഷിച്ചതായി കാണുന്നു. ദൈവത്തെ മാത്രം ആരാധിക്കണം എന്നറിഞ്ഞിട്ടും ഇന്നും മനുഷ്യർ വിഗ്രഹങ്ങളെ നിർമ്മിച്ച് ആരാധിക്കുന്നതിന് കാരണമെന്ത്? ഹൃദയമാണ് സകലവിധ തെറ്റിനും ആസ്ഥാനമെന്ന് മശിഹ ചൂൺടിക്കാണിച്ചു. വി. ഇൻജിൽ ഈ വിധം രേഖപ്പെടുത്തുന്നു:-

''പുറത്തു നിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അതു അവന്റെ ഹൃദയത്തിൽ അല്ല വയറ്റിലത്രേ ചെല്ലുന്നത്; പിന്നെ മറപ്പുരയിലേക്കു പോകുന്നു; ഇങ്ങനെ സകല ഭോജ്യങ്ങൾക്കും ശുദ്ധി വരുത്തുന്നു എന്നു പറഞ്ഞു. മനുഷ്യനിൽ നിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്; അകത്തു നിന്നു മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നെ ദുശ്ചിന്ത,

വ്യഭിചാരം, പരസംഗം,കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കാമം, വിടക്കു കണ്ണ്, ദൂഷണം, അഹങ്കാരം എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്നു പുറപ്പട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു'' (മർക്കൊസ് 7:9–28).

ഹൃദയങ്ങൾ തിന്മ കൊൺട് നിറഞ്ഞിരിക്കുന്നതിനാൽ മനുഷ്യർ പാപം ചെയ്യുന്നു. നന്ദിയില്ലായ്മ കാണിക്കുന്ന വിഗ്രഹാരാധനയ്ക്കും കാരണം ഇതു തന്നെയാണ്. ഈ നന്ദിയില്ലായ്മയെയാണ് ''കഫീർ'' എന്ന പദം വിവക്ഷിക്കുന്നത്. ഇതിൽ നിന്നും ദൈവം നമ്മെ സംരക്ഷിക്കട്ടെ! തടി, കല്ല്, ലോഹം, തുടങ്ങിയവയാൽ നിർമ്മിതമായവയെപ്പോലെ തന്നെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയേയും നാം ആരാധിക്കുമ്പോൾ അവ നമ്മുടെ വിഗ്രഹങ്ങളായിത്തീരുകയാണ്. ചിലർ ധനം, മാനം, രാഷ്ട്രം, കുടുംബം, തുടങ്ങിയവയെ തങ്ങളുടെ ഹൃദയത്തിൽ വിഗ്രഹങ്ങളായി പ്രതിഷ്ഠിച്ചിട്ടുൺട്. ചുരുക്കത്തിൽ ഏതെങ്കിലും ഒരു സൃഷ്ടിയെ സൃഷ്ടാവിനേക്കാൾ പ്രധാനമായി കരുതുന്നതും, ആരാധിക്കുന്നതും വിഗ്രഹാരാധനയാണ്. എത്രയും ഗോപ്യമായി സൂക്ഷിച്ചു വരുന്ന ഒരു വിഗ്രഹം നമുക്കേവർക്കുമുൺട്. പൂർണ്ണ ഹൃദയത്തോടു കൂടി ദൈവത്തെ സ്നേഹിക്കുകയും, മറ്റേതിനേക്കാളും അവനിൽ മാത്രം ആശ്രയിക്കുകയും ചെയ്യുന്നുൺടോ എന്ന് നാം സ്വയം പരിശോധിക്കേൺടതാണ്. മശിഹയെ അനുഗമിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന അനേകം വിഗ്രഹങ്ങളെ നിർമ്മിക്കുവാൻ നിങ്ങൾക്കു കഴിയും. അതുകൊൺടാണ് യേശുക്രിസ്തു ചുവടെ ചേർത്ത വിധം പ്രസ്താവിച്ചത് :-

''എന്നേക്കാൾ അധികം അപ്പനെയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം മകനെയോ, മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല. തന്റെ ജീവനെ കൺടെത്തിയവൻ അതിനെ കളയും. എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കൺടെത്തും''(മത്തായി 10:37–39).

ചിന്താവിഷയം :-

നിങ്ങളുടെ ഹൃദയത്തിൽ ദ്രവ്യാഗ്രഹം, സ്ഥാന മോഹം തുടങ്ങിയ വിഗ്രഹങ്ങൾ പതിയിരിക്കുന്നില്ലേ? നിങ്ങളേയോ മറ്റു ഏതിനെ എങ്കിലുമോ ദൈവത്തേക്കാൾ കൂടുതലായി നിങ്ങൾ സ്നേഹിക്കുന്നുവോ? ഏതെങ്കിലും ലൗകീക നന്മ പ്രാപിക്കുവാൻ വേൺടിയാണോ നിങ്ങൾ ദൈവത്തെ ആരാധിക്കുന്നത് ? ഇവയെല്ലാം സാത്താനെ സന്തോഷിപ്പിക്കുന്നവയാണ്.

## പാഠം 26
## ഒരു അത്ഭുത മനുഷ്യൻ

കഠിനമായ കടൽ ക്ഷോഭത്തെ ഒറ്റ വാക്കു കൊണ്ട് മശിഹ ശാന്തമാക്കിയതു കണ്ടിട്ട്: ''ഇവൻ എന്തൊരു മനുഷ്യൻ'' എന്ന് ശിഷ്യന്മാർ സ്വയം ചോദിച്ചു പോയി. അവന്റെ ഉപദേശങ്ങളും, അത്ഭുത പ്രവർത്തികളും ഇതേ പ്രതികരണം തന്നേ അവരിൽ ഉളവാക്കിയിരുന്നു. മരിച്ചവരെ ഉയിർപ്പിച്ചപ്പോഴും, രോഗികളെ സുഖപ്പെടുത്തിയപ്പോഴും ''ഞാൻ നിന്നോടു പറയുന്നു'' എന്ന വാക്കുകൾമാത്രമാണ് അവൻ ഉപയോഗിച്ചിട്ടുള്ളത്. പാപ മോചനം നൽകുവാനുള്ള അധികാരവും, ശക്തിയും കൂടെ അവനിൽ നിക്ഷിപ്തമായിരുന്നു. മുൻ കാലത്ത് മോശ പ്രവചിച്ചിരുന്ന മശിഹ ഇവൻ തന്നെ എന്ന് ശിഷ്യന്മാർ മനസ്സിലാക്കി. യേശു അവരോട് :തന്നെപ്പറ്റി ജനങ്ങളുടേയും, അവരുടേയും അഭിപ്രായമെന്തെന്ന് ചോദിച്ചു. ആ സംഭാഷണത്തെ വി. ഇൻജിൽ ഈവിധം വിവരിക്കുന്നു :-

''ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്നു യേശു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും, മറ്റു ചിലർ ഏലിയാവെന്നും, വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. നിങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്ന് അവൻ ചോദിച്ചതിന്നു ശീമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാ ശീമോനെ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയത് ''(മത്തായി. 16:14-17).

മശിഹ വെറും ഒരു പ്രവാചകനല്ല, പ്രത്യുത ജീവനുള്ള ദൈവത്തിന്റെ പുത്രനാണ്. ഒരു രാജാവിന്റെ ആഗമനത്തെക്കുറിച്ച് പ്രവചിച്ചവൻ എന്നല്ല യഥാർത്ഥ രാജാവും മശിഹയും തന്നെയാണ്. അവൻ ദൈവത്തിന്റെ വചനം അറിയിച്ചു എന്നല്ല, ദൈവത്തിൽ നിന്നും ഈ ലോകത്തിലേക്കു വന്ന ''ദൈവത്തിന്റെ വചനവും,'' ''ദൈവത്തിന്റെ പുത്രനും'' ആകുന്നു. മശിഹയെപ്പറ്റിയുള്ള അടിസ്ഥാനപരമായ ഈ വസ്തുതകൾ സാക്ഷാൽ ദൈവമാണ് തന്നെ പഠിപ്പിച്ചത് എന്ന് പത്രൊസ് മനസ്സിലാക്കി.

ജനങ്ങൾ തന്നെ തിരസ്കരിക്കുന്നതായി കണ്ടപ്പോൾ യേശു ദുഃഖിച്ചു. അവൻ ഇപ്രകാരം പറഞ്ഞു :-

''ആ സമയത്തു തന്നെ യേശു പറഞ്ഞതു: പിതാവേ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും, വിവേകികൾക്കും മറെച്ചു, ശിശുക്കൾക്കു വെളിപ്പെടുത്തിയതു കൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ ഇങ്ങനെയല്ലോ നിനക്കു

പ്രസാദം തോന്നിയത്. എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുക്കുവാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല. അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും, താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റു കൊൺടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കൺടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു'' (മത്തായി. 11:25-30).

മനുഷ്യർക്കു സമാധാനവും ആശ്വാസവും, നിത്യ വിശ്രമവും നൽകുവാൻ തനിക്കു കഴിയും എന്ന ഗഹനമായ ഒരു അവകാശവാദം മേലുദ്ധരിച്ച വാക്കുകളാൽ യേശു പുറപ്പെടുവിക്കുകയാണ്. രക്ഷിതാവും രാജാവുമായി നിങ്ങൾ അവനെ സ്വീകരിക്കുമോ? നിങ്ങൾക്കും അവൻ മുഖാന്തിരം സ്വർഗ്ഗസ്ഥ പിതാവിന്റെ മകനോ, മകളോ ആയിത്തീരാം.

ചിന്താവിഷയം :-

സ്വർഗ്ഗത്തിലേക്ക് അനേകം വഴികളുൺടെന്ന് ചിലർ പറയാറുൺടല്ലോ. താൻ മാത്രമാണ് ദൈവത്തെ വെളിപ്പെടുത്തിയത് എന്ന് യേശു പറഞ്ഞു. വെളിപ്പെടുത്തിയില്ലെങ്കിൽ അത്യുന്നതനായവന്റെ രക്ഷയെ നമുക്കു ഗ്രഹിക്കുവാൻ സാദ്ധ്യമല്ല. അതു വെളിപ്പെടുത്തിയതു കൊൺടാണ് യേശുവിനെ ''ദൈവപുത്രൻ,'' ''ദൈവത്തിന്റെ വചനം'' എന്നെല്ലാം വിളിക്കുന്നത്. അവൻ ദൈവത്തിന്റെ സ്നേഹമുള്ള ഹൃദയത്തെ പൂർണ്ണമായി നമുക്ക് കാഴ്ചവെച്ചുവല്ലൊ. ഈ വിധത്തിൽ അതിരറ്റ നന്മകൾ നമുക്ക് ചെയ്തിരിക്കുന്ന ദൈവത്തെ എത്ര സ്തുതിച്ചാലും മതിയാകുന്നതല്ല.

## പാഠം 27
## നല്ല ഇടയനായ മശിഹ

ഒരു ആട്ടിടയനായിരുന്ന ദാവീദാണ് പിൽക്കാലത്ത് മഹാനായ രാജാവായിത്തീർന്നത് (പാഠം 7). തന്റെ ആടുകളെ ദുഷ്ട മൃഗങ്ങളിൽ നിന്നും മറ്റു ആപത്തുകളിൽ നിന്നും രക്ഷിക്കുന്നതിലും യഥോചിതം തീറ്റുന്നതിലും അവൻ ബദ്ധശ്രദ്ധനായിരുന്നു. അവയെ തന്റെ ജീവനേക്കാൾ അവൻ സ്നേഹിച്ചു. ഒരു ഇടയൻ രാജാവായിത്തീരുന്നത് സാധാരണമല്ലല്ലൊ. അതിനെക്കാൾ അസാധാരണമാണ് സ്വർഗ്ഗത്തിലെ രാജാവ് കേവലം ഒരു ഇടയനായിത്തീരുന്നത്! ഈ രാജാവ് ആടുകൾക്കു വേൺടി തന്റെ ജീവനെ ബലിയർപ്പിക്കുവാനും സന്നദ്ധനായി എന്നത് അത്ഭുതകരമായ വാർത്തയല്ലേ? ഇടയനായി വന്ന മശിഹയുടെ വാക്കുകൾ ഈവിധം വി. സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു :-

''ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേൺടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതു കൺട് ആടുകളെ വിട്ടു ഓടിക്കളയുന്നു; ചെന്നായ് അവയെ പിടിക്കയും ചിന്നിച്ചു കളകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് വിചാരമില്ലാത്തവനുമല്ലൊ. ഞാൻ നല്ല ഇടയൻ; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു. ആടുകൾക്കു വേൺടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിക്കുൺട്. അവയെയും ഞാൻ നടത്തേൺടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും. എന്റെ ജീവനെ വീൺടും പ്രാപിക്കേൺടതിനു ഞാൻ അതിനെ കൊടുക്കുന്നതു കൊൺടു പിതാവു എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോടു എടുത്തു കളയുന്നില്ല; ഞാൻ തന്നെ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉൺട്; വീൺടും പ്രാപിപ്പാനും അധികാരം ഉൺട്. ഈ കല്പന എന്റെ പിതാവിങ്കൽ നിന്നു എനിക്കു ലഭിച്ചിരിക്കുന്നു'' (യോഹന്നാൻ 10:11–18).

''ആടുകൾക്കു വേൺടി തന്റെ ജീവനെ കൊടുക്കുന്നു'' എന്നീ വാക്കുകൾ എത്ര തവണ ഈ ഭാഗത്തിൽ (യോഹന്നാൻ. 10:11–18) പറയുന്നു എന്ന് എണ്ണിനോക്കുക. തന്റെ പ്രധാന ജോലി അതുമാത്രമാണ് എന്ന് മശിഹ വ്യക്തമാക്കുകയാണ്.

മശിഹയായ യേശു നമ്മുടെ ''നല്ല ഇടയൻ'' തന്നെയാണ്. പാപം, സാത്താൻ, മരണം എന്നിവയുടെ ദാസ്യത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുവാനാണ് അവൻ തന്റെ ജീവനെ അർപ്പിച്ചത്. മരണം വരെയും നമ്മെ സ്നേഹിച്ച ദൈവത്തിന്റെ ആട്ടിൻ കുട്ടിയാണവൻ. മരണത്തോടു കൂടി ആ ചരിത്രം അവസാനിക്കുന്നില്ല. ''വീൺടും പ്രാപിക്കേൺടതിന് '' തന്റെ ജീവനെ വെച്ചു കൊടുക്കുന്നു എന്ന വാക്കുകൾ ശ്രദ്ധിക്കുക! മരണം മുഖാന്തിരം തിന്മയുടെ മേൽ വരിച്ച വിജയം ലോകത്തോടു പ്രഖ്യാപിക്കുവാനായി അവൻ ജീവിക്കുകയാണ്. യേശു ജീവനുള്ള രക്ഷിതാവായതിനാൽ നമുക്ക് അവനിൽ ധൈര്യമായി ആശ്രയിക്കാം. ഈ സന്ദർഭത്തിൽ യെശയ്യാവ് പ്രവാചകന്റെ ഒരു വാക്യം കൂടെ ഉദ്ധരിച്ചുകൊള്ളട്ടെ :–

''നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഒരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി. തന്നെത്താൻ വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊൺടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിൺടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു.
(യെശയ്യാവ്. 53:6–7).

ചിന്താവിഷയം :-

അനുസരണക്കേട്, മോഷണം, കോപം, ചതിവ്, തുടങ്ങിയ തിന്മകൾ ചെയ്യുവാൻ സാത്താൻ നിങ്ങളെ പ്രേരിപ്പിച്ചിട്ടില്ലേ? ഈ പാഠങ്ങൾ ഉപേക്ഷിക്കുന്നതിനു പോലും നിങ്ങളെ പ്രേരിപ്പിക്കുന്നുൺടായിരിക്കാം. മശിഹ നിങ്ങൾക്കായി മരിച്ചു എന്ന് നിങ്ങൾ അറിയുന്നതും, വിശ്വസിക്കുന്നതും സാത്താന് ഇഷ്ടമുള്ള കാര്യങ്ങളല്ല.

## പാഠം 28
## മശിഹ ജീവന്റെ അപ്പം

വചനം കേൾക്കുവാനും അത്ഭുത പ്രവർത്തികൾ കാണുവാനുമായി ഒരു വമ്പിച്ച ജനാവലി യേശുവിനു ചുറ്റും തടിച്ചു കൂടി. സമയം വളരെ അതിക്രമിച്ചിരിക്കുന്നു എങ്കിലും ജനങ്ങൾ പിരിഞ്ഞുപോയില്ല. അവർക്കു കലശലായ വിശപ്പുൺടായിരുന്നു. വനപ്രദേശമായതിനാൽ അവിടെ ഭക്ഷണം ലഭിക്കുവാനും വഴിയില്ല. ഇതു മനസ്സിലാക്കിയ യേശു ഒരു ബാലന്റെ കയ്യിലിരുന്ന അഞ്ചു യവത്തപ്പവും രൺടു മീനും വാങ്ങി അനുഗ്രഹിച്ചു. അനന്തരം ശിഷ്യന്മാർ അതു ജനക്കൂട്ടത്തിനു വിളമ്പി. 5000-ത്തിലേറെ പുരുഷന്മാർക്ക് മതിയാകുവോളം വിളമ്പുവാൻ പര്യാപ്തമായ വിധത്തിൽ അത് വർദ്ധിച്ചു കൊൺടിരുന്നു. മാത്രവുമല്ല ശേഷിപ്പിച്ച കഷണങ്ങൾ 12 വട്ടി നിറച്ചെടുക്കുവാനും കഴിഞ്ഞു എന്ന് വി. ഇൻജിൽ ഘോഷിക്കുന്നു. ഇതിൽ സംതൃപ്തരായ ജനങ്ങൾ അവനെ രാജാവാക്കുവാൻ ശ്രമിച്ചു.

എന്നാൽ അവർ തെറ്റിദ്ധരിച്ചിരിക്കുന്നു എന്നും തന്റെ രാജത്വം അവർ ഉദ്ദേശിക്കുന്ന വിധത്തിലുള്ളതല്ല എന്നും യേശു അവരെ പഠിപ്പിക്കുന്നു :-

‘‘യേശു അവരോട്: നിങ്ങൾ അടയാളം കൺടതുകൊൺടല്ല, അപ്പം തിന്നു തൃപ്തരായതു കൊൺടത്രേഎന്നെ അന്വേഷിക്കുന്നത്. നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തിപ്പിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും. അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. അവർ അവനോടു: ദൈവത്തിനു പ്രസാദമുള്ള പ്രവർത്തികളെ പ്രവർത്തിക്കേൺടതിനു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവരോടു: ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നു ഉത്തരം പറഞ്ഞു. ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചുവല്ലോ. ഇതു തിന്നുന്നവൻ മരിക്കാതിരിക്കേൺടതിനു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്ന

അപ്പം ആകുന്നു. സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു: ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേൺടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു''. (യോഹ. 6:26-29 48-51).

നല്ല ഇടയനായ മശിഹ ആടുകൾ നശിച്ചുപോകാതിരിക്കേൺടതിനു തന്റെ ജീവൻ അവർക്കു വേൺടി വെച്ചുകൊടുക്കുന്നു. ലോകത്തിനു ജീവൻ ഉൺടാകേൺടതിനു ജീവന്റെ അപ്പമായ മശിഹയുടെ ശരീരം നുറുങ്ങുകയാണ്. മരണത്തേയും, ശവക്കല്ലറയേയും നാം കടന്നു പോകുന്നുവെങ്കിലും ജീവന്റെ അപ്പത്തിൽ ഓഹരിക്കാരായതു കൊൺട് നമുക്ക് നിത്യ ജീവൻ ഉൺട്. മരണത്തിന് വിധേയമായ തന്റെ ശരീരത്തിൽക്കൂടെ മരണത്തിന്റേയും ശവക്കല്ലറയുടേയും ശക്തിയെ അവൻ നിർമ്മൂലമാക്കിയിരിക്കുന്നു.

ഇത്രയും മഹത്തായ നന്മകൾ നമുക്ക് ചെയ്തിരിക്കുന്ന മശിഹയെയാണ് നാം അന്വേഷിക്കേൺടത്. അവനിൽ ആശ്രയിച്ച് അവന്റെ ശിഷ്യന്മാരാകുമ്പോൾ ആ വിധ നന്മകൾക്ക് നാം അവകാശികളായിത്തീരുകയും ദൈവത്തെപ്പറ്റി കൂടുതലായി ഗ്രഹിക്കുവാൻ പ്രാപ്തരാകുകയും ചെയ്യുന്നു.

ഇന്നും നമ്മുടെ ദൈനംദിന ആവശ്യങ്ങൾ അവൻ അറിയുന്നു എന്ന് മേലുദ്ധരിച്ച അത്ഭുത പ്രവൃത്തി ലോകരെ വിളിച്ചറിയിക്കുകയാണ്. രോഗങ്ങളെ ഒറ്റ നിമിഷം കൊൺട് സുഖമാക്കുവാനും, കാറ്റിനേയും കടലിനേയും ശാന്തമാക്കുവാനും കഴിവുള്ളവന് നമ്മെ വിശപ്പിന്റെ പൊരിച്ചിലിൽ നിന്നും മോചിപ്പിക്കുവാനും കഴിയുമല്ലോ.

തന്റെ ശരീരത്തേയും ജീവനേയും മശിഹ നമുക്കുവേൺടി അർപ്പിച്ചിരിക്കുന്നതുകൊൺട് നാമും അവന്റെ മുമ്പിൽ സ്വയം അർപ്പിക്കേൺടതല്ലയോ? നിങ്ങളുടെ ദാരിദ്ര്യം, ധനം, പാണ്ഡിത്യം, വിദ്യാവിഹീനത, എന്നിവയൊന്നും തന്നെ അവൻ കാര്യമാക്കുന്നില്ല. നിങ്ങളേയും നിങ്ങൾക്കുള്ളതിനെയും അവനു നൽകിയാൽ അവൻ അതിനെ സ്വീകരിക്കുകയും അതു മുഖാന്തിരം നിങ്ങൾക്കും മറ്റനേകർക്കും സന്തോഷവും, സമൃദ്ധിയും വരുത്തുകയും ചെയ്യും.

ചിന്താവിഷയം :-

യേശു ജനങ്ങൾക്കു ഭക്ഷണം കൊടുക്കുന്നതിനു മുമ്പ് അതിനെ അനുഗ്രഹിച്ചു എന്നത് ശ്രദ്ധിക്കുക. അതുപോലെ ഭക്ഷണത്തിനിരിക്കുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കാറുൺടോ? അതിനായി ഒരു മാതൃകാ പ്രാർത്ഥന ഇവിടെ ചേർക്കുന്നു. ''കർത്താവായ യേശുവേ; ഞങ്ങളുടെ അതിഥിയായി വന്ന്, ഞങ്ങൾക്കു നീ തന്നിരിക്കുന്ന ഈ ദാനങ്ങളെ അനുഗ്രഹിക്കേണമേ''. ആമേൻ.

# പാഠം 29
# ന്യായാധിപനായ മശിഹ

അവസാന നാളിൽ സംഭവിക്കുവാൻ പോകുന്ന പുനരുത്ഥാനത്തെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും മശിഹ ശിഷ്യന്മാരെ പഠിപ്പിച്ചു. അത് എപ്പോൾ സംഭവിക്കും എന്നതിനെപ്പറ്റി ആരും അറിയുന്നില്ല എന്നും, ഏത് സമയത്തും സംഭവിക്കാമെന്നുമുള്ളതുകൊൺട് സദാകാലവും ഒരുക്കമുള്ളവരായിരിക്കണമെന്നും അവൻ പ്രബോധിപ്പിച്ചു.

''അങ്ങനെ നിങ്ങൾ നിനക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊൺട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ''(മത്തായി. 24:44).

മശിഹ ബെത്ലഹേമിൽ ശിശുവായി അവതരിച്ചത് ചുരുക്കം പേർ മാത്രമേ അറിഞ്ഞുള്ളു. എന്നാൽ ന്യായവിധി നാളിൽ ദൈവദൂതന്മാരുമായി തികഞ്ഞ മഹത്വത്തോടെ വരുമ്പോൾ എല്ലാ മനുഷ്യരും അവനെ കാണും. അന്ന് അവൻ ചെമ്മരിയാടുകളെ (വിശ്വാസികളെ) കോലാടുകളിൽ (അവിശ്വാസികളിൽ) നിന്ന് വേർതിരിക്കും. എല്ലാ രാജനിവാസികളേയും അവൻ ന്യായം വിധിക്കും. ആ കാര്യങ്ങളെപ്പറ്റി വി.ഇൻജിലിൽ കാണുന്ന വിവരണം നോക്കുക :-

'' മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളേയും അവൻ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളേയും, കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്; ചെമ്മരിയാടുകളെ തന്റെ വലത്തും, കോലാടുകളെ ഇടത്തും നിറുത്തും. രാജാവു തന്റെ വലത്തുള്ളവരോടു അരുളി ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തു കൊൺടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തെടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്ന് അരുളി ചെയ്യും. പിന്നെ അവൻ ഇടത്തുള്ളവരോടു, ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല; എന്ന് അരുളി ചെയ്യും. അതിന്നു അവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, അതിഥിയോ,

നഗ്നനോ, രോഗിയോ, തടവിലോ ആയി എപ്പോൾ കൺടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്നു ഉത്തരം പറയും. അവൻ അവരോടു: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു എന്നു പറയും. ഇവർ നിത്യ ദണ്ഡനത്തിലേക്കും, നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും'' (മത്തായി.25:31-46).

പ്രിയ സ്നേഹിതാ, മേൽ പ്രസ്താവിച്ച പ്രകാരം മശിഹ ന്യായവിധി നടത്തുമ്പോൾ നിങ്ങൾ ഏതു വിഭാഗത്തിൽ നില്ക്കേൺടതായി വരും എന്നതിനെപ്പറ്റി ചിന്തിച്ചിട്ടുൺടോ? ഈ ലോകത്തിൽ അവൻ ആരംഭിച്ച രക്ഷാവേലയുടെ ഫലം അന്നു മുതൽ അതിന്റെ പൂർണ്ണ അർത്ഥത്തിൽ വിശ്വാസികൾ അനുഭവിക്കും. ഇത് എപ്പോഴും സംഭവിക്കാവുന്നതാണ്. ഇന്നു മശിഹ വരുന്നുവെങ്കിൽ അവനെ എതിരേൽക്കുവാൻ നിങ്ങൾ തയ്യാറാണോ? അയല്ക്കാർക്ക് നിങ്ങൾ ചെയ്യുന്നതൊക്കെയും നന്മയായാലും, തിന്മയായാലും തന്നോടു ചെയ്യുന്നതായി മശിഹ കണക്കാക്കുന്നു എന്ന വസ്തുത എപ്പോഴും ഓർക്കുമോ?

ചിന്താവിഷയം:-

മശിഹ തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നത് വിശ്വസ്തതയാകുന്നു. നാം ധനവാന്മാരോ, പണ്ഡിതന്മാരോ, സമുദായ നേതാക്കളോ ആയിരിക്കുന്നതല്ല പ്രധാന കാര്യം. നമുക്ക് ലഭിച്ചിരിക്കുന്ന നന്മകൾ എന്തു തന്നെ ആയാലും, വിശ്വസ്തതയോടു കൂടി അവന്റെ ഇഷ്ട പ്രകാരം ഉപയോഗിക്കുന്നുൺടോ എന്നതാണ് അവൻ നോക്കുന്നത്. മശിഹ മുഖാന്തിരമുള്ള രക്ഷയിൽ അവകാശികളാകുകയും അവനേയും അയല്ക്കാരേയും വിശ്വസ്തതയോടു കൂടെ സേവിക്കുകയും ചെയ്യുക എന്നതാണ് അവൻ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്ന യഥാർത്ഥ ഒരുക്കം. അതിനുള്ള സുവർണ്ണാവസരം ഇതാ ആഗതമായിരിക്കുന്നു!

## പാഠം 30
## ശിഷ്യന്മാർ മശിഹയെ എതിർക്കുന്നു

യേശുവിനെ മശിഹയായും ദൈവപുത്രനായും ശിഷ്യന്മാർ ഏറ്റു പറഞ്ഞു എന്ന് നാം പഠിച്ചുവല്ലൊ? (പാഠം 26). അവൻ ശിഷ്യന്മാരോട്: മുൻ പ്രവാചകന്മാരുടെ വാക്കുകൾ അനുസരിച്ച്, മശിഹ എന്ന നിലയിൽ താൻ കഷ്ടപ്പെടുകയും, മരിക്കുകയും, മൂന്നാം നാൾ ജീവിച്ചെഴുന്നേൽക്കുകയും വേൺടതാണെന്നു പറഞ്ഞു. യേശുവിന്റെ ഈ വാക്കുകൾ അവരെ

വല്ലാതെ അമ്പരപ്പിച്ചു. പരിഭ്രമ ചിത്തരായിത്തീർന്ന ശിഷ്യന്മാർ അവനോടു വാദിക്കുവാൻ മുതിർന്നു. സ്വർഗ്ഗീയ പിതാവിനാൽ അനുഗ്രഹീതരായ തങ്ങളുടെ രാജാവ് കഷ്ടപ്പെടുകയും മരിക്കുകയും ചെയ്യും എന്ന് വിശ്വസിക്കുവാൻ അവർക്കു കഴിഞ്ഞില്ല. തുടർന്നുണ്ടായ സംഭാഷണത്തെ ഈവിധം രേഖപ്പെടുത്തിയിരിക്കുന്നു:-

''അന്നു മുതൽ യേശു: താൻ യെരുശലേമിൽ ചെന്നിട്ടു മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേൺടതു എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി. പത്രൊസ് അവനെ വേറിട്ടു കൊൺടുപോയി: കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചു തുടങ്ങി. അവനോ തിരിഞ്ഞു പത്രൊസിനോടു: സാത്താനേ, എന്നെ വിട്ടുപോ; നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നതു എന്നു പറഞ്ഞു''(മത്തായി. 16:21-23).

മശിഹയോടു മാത്രമല്ല അവർ തമ്മിലും ഈ വിഷയത്തെക്കുറിച്ച് വാദപ്രതിവാദം നടത്തി. കൂടാതെ മശിഹയുടെ രാജ്യത്തിൽ പ്രമുഖ സ്ഥാനം ആർക്കു ലഭിക്കും എന്ന ഒരു പ്രശ്നവും ശിഷ്യന്മാരുടെ ഇടയിൽ ഉദിച്ചു. അവന്റെ ഇടത്തും വലത്തും ഇരിക്കുന്ന പദവി തങ്ങൾക്ക് ലഭിക്കണമെന്ന് 2 ശിഷ്യന്മാർ യേശുവിനോട് അപേക്ഷിച്ചു. എത്ര വിചിത്രമായ ഒരു അഭ്യർത്ഥന! അതിന് യേശുവിന്റെ മറുപടി നോക്കുക :-

''എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നതോ എന്റേതല്ല; ആർക്കു ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും എന്നു പറഞ്ഞു. അത് ശേഷം പത്തു പേരും കേട്ടിട്ട് യാക്കോബിനോടും, യോഹന്നാനോടും നീരസപ്പെട്ടു തുടങ്ങി. യേശു അവരോട്: ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു. അവരിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം; നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല; ശുശ്രൂഷിപ്പാനും അനേകർക്കു വേൺടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത് (മർക്കൊസ് 10:40-45).

മശിഹയുടെ പ്രവർത്തനങ്ങളെ തകരാറിലാക്കുവാൻ പിശാച് സദാ പ്രവർത്തിച്ചുകൊൺടിരുന്നു. അതിന് ഒരു ഫലപ്രദമായ ഉപാധിയായി ശിഷ്യന്മാരെ അവൻ ഉപയോഗിക്കുകയാണ്. സ്വാർത്ഥ ലാഭം, അധികാരമോഹം, അഹങ്കാരം, തെറ്റിദ്ധാരണകൾ എന്നിവ അവരുടെ ഹൃദയങ്ങളിൽ അവൻ ഉളവാക്കി. ഇതെല്ലാം നന്നായി ഗ്രഹിച്ച യേശു ശക്തിയുക്തം അവരെ പഠിപ്പിക്കുകയും, സ്നേഹപൂർവ്വം താക്കീതു ചെയ്യുകയും ചെയ്തു. സേവനം അനുഭവിക്കുന്നതിനേക്കാൾ സേവിക്കുകയാണ് മഹത്തരമായത് എന്ന് അവൻ ചൂൺടിക്കാണിച്ചു.

മറ്റു രാജാക്കന്മാരെപ്പോലെ മനുഷ്യരെക്കൊണ്ട് സേവിപ്പിക്കുവാൻ തനിക്ക് ഉദ്ദേശമില്ലെന്നും മറ്റുള്ളവരെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുന്നതാണ് തന്റെ പരമപ്രധാനമായ ലക്ഷ്യം എന്നും യേശു വ്യക്തമാക്കി. ശത്രുവായ പിശാചിന്റെ അടിമത്വം, പാപം, മരണം എന്നിവയിൽ നിന്ന് മനുഷ്യകുലത്തെ രക്ഷിക്കുവാനായി തന്റെ ജീവൻ പോലും പ്രായശ്ചിത്ത മായി അർപ്പിക്കുവാനാണ് താൻ വന്നിരിക്കുന്നതെന്ന് അവൻ വീണ്ടും അവരെ ഓർമ്മപ്പെടു ത്തി. അതുകൊണ്ടാണ് പ്രവാചകന്മാർ മശിഹയെ ''ദൈവത്തിന്റെ ദാസൻ'' (പാഠം 9d നോ ക്കുക) എന്ന് വിളിച്ചത്. മരണത്തിന്നതീതനായ മശിഹ ''മരിക്കുവാൻ പാടില്ല'' എന്ന് പറയു വാൻ തക്കവണ്ണം പിശാച് പത്രൊസിനെ വശീകരിച്ചു. നല്ലത് എന്ന് തോന്നിപ്പോകാവുന്ന ഒരു ആശയം മുഖേന അവനെ വഞ്ചിക്കുകയായിരുന്നു പിശാച് ചെയ്തത്. ഈ വിധ വഞ്ചന ഇന്നും അവൻ ആവർത്തിച്ചു കൊണ്ടിരിക്കുന്നു എന്ന് നാം ഗ്രഹിക്കേണ്ടതാണ്. അവൻ ''മരിക്കേണ്ടതല്ല,'' ''മരിച്ചിട്ടില്ല'' എന്നീവിധത്തിലുള്ള അവന്റെ തന്ത്രത്തിൽ അകപ്പെട്ടു പോകാ തവണ്ണം ദൈവം നമ്മെ പരിപാലിക്കട്ടെ! മശിഹ നമുക്കുവേണ്ടി മരിച്ചില്ലെങ്കിൽ അവൻ നമ്മുടെ മശിഹ അല്ല. അവൻ മരണത്തോളം പിതാവിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിച്ച ദൈവത്തിന്റെ ദാസനും, പുത്രനും ആയിരിക്കുവാനും സാദ്ധ്യമല്ല. വി.ഇൻജിലിൽ നിന്ന് ഒരു വാക്യം ധ്യാന ത്തിന്നായി ഉദ്ധരിക്കാം :-

''നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യ ത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ'' (2 കൊരി. 8:9).

ചിന്താവിഷയം :-

ശിഷ്യന്മാർ യേശുവിനെ തെറ്റിദ്ധരിക്കുകയും ഈ ലോകത്തിലെപ്പോലെ സ്ഥാനമാന ങ്ങൾക്കായി കാംക്ഷിക്കുകയും ചെയ്തു. നാം പരമപ്രധാനമായി ആഗ്രഹിക്കേണ്ടത് സ്വർഗ്ഗ രാജ്യത്തിലെ സ്ഥാനത്തെയാണ്. തെറ്റിദ്ധാരണകൾ മുഖേന തന്നിൽ നിന്നും അകന്നുപോകാ ത്തവന് മശിഹ അത് നിശ്ചയമായും നൽകും!

## പാഠം 31
## മശിഹയുടെ ശത്രുക്കൾ

ഇരുൾ വെളിച്ചത്തെ എന്നപോലെ മനുഷ്യൻ മശിഹയേയും എതിർത്തു. ശൈശവം മുതൽ ശത്രുക്കൾ അവനെ വധിക്കുവാൻ പരിശ്രമിച്ചു കൊണ്ടിരുന്നു. സ്വന്തം നാട്ടുകാരും

ബന്ധുക്കളും അവനെ സംശയിക്കുകയും തിരസ്ക്കരിക്കുകയും ചെയ്തു. എത്രയും ക്രൂര മായ വിധത്തിൽ യഹൂദാ പ്രമാണികൾ യേശുവിനെ ആക്രമിച്ചു. ശബ്ബത്ത് ദിനത്തിൽ രോഗി കളെ സുഖപ്പെടുത്തുന്നു; മുൻ പാരമ്പര്യങ്ങളെ ആചരിക്കുന്നില്ല; പാപികളോടു സഹവാസം ചെയ്യുന്നു; പാപങ്ങളെ മോചിക്കുന്നു; എന്നിങ്ങനെ രസകരമായ കുറ്റങ്ങൾ അവനിൽ ചുമത്തു കയും അവയുടെ അടിസ്ഥാനത്തിൽ അവനെ വധിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ആദി മുതൽ എല്ലാം ഗ്രഹിച്ച മശിഹ ഒരു ദൃഷ്ടാന്തം മുഖേന അതു വെളിപ്പെടുത്തുകയും, അവർക്കു തന്നെ വധിക്കുവാൻ കഴിയും എന്ന് അറിയിക്കുകയും ചെയ്തു.യേശു പറയുന്നതു നോക്കുക:-

a) ‘‘ഗൃഹസ്ഥനായൊരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുൺടാക്കി. ഫലകാലം സമീപിച്ചപ്പോൾ അനുഭവം വാങ്ങേൺടതിനു അവൻ ദാസന്മാരെ കുടിയാന്മാ രുടെ അടുക്കൽ അയച്ചു. കുടിയാന്മാരോ അവന്റെ ദാസന്മാരെ പിടിച്ചു, ഒരു വനെ തല്ലി, ഒരുവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു. അവൻ പിന്നെയും മുമ്പിലത്തേതിലും അധികം ദാസന്മാരെ അയച്ചു; അവരോടും അവർ അങ്ങനെ തന്നെ ചെയ്തു. ഒടുവിൽ അവൻ, എന്റെ മകനെ അവർ ശങ്കിക്കും എന്നു പറഞ്ഞു. മകനെ അവരുടെ അടുക്കൽ അയച്ചു. മകനെ കൺടിട്ടു കുടിയാ ന്മാർ: ഇവൻ അവകാശി; വരുവിൻ, നാം അവനെ കൊന്നു അവന്റെ അവകാശം കൈവശമാക്കുക എന്നു തമ്മിൽ പറഞ്ഞു അവനെ പിടിച്ചു തോട്ടത്തിന്റെ പുറ ത്താക്കി കൊന്നുകളഞ്ഞു. ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ വരു മ്പോൾ ആ കുടിയാന്മാരോട് എന്തു ചെയ്യും? അവൻ ആ വല്ലാത്തവരെ നിഗ്ര ഹിച്ചു തക്ക സമയത്തു അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്കു ഏല്പിക്കും എന്നു അവർ അവനോടു പറഞ്ഞു’’ (മത്തായി.21:33-41).

സ്വർഗ്ഗസ്ഥ പിതാവിനാൽ നിർമ്മിക്കപ്പെട്ട ഒരു തോട്ടമാണ് ഇസ്രായേൽ ജനം. അവരെ മാനസ്സാന്തരമുള്ള ദൈവ ഭക്തരാക്കിത്തീർക്കുവാൻ ദൈവം പ്രവാചകരെ പലതവണ അയച്ചു. എന്നാൽ അവരുടെ വാക്കു കേൾക്കുന്നതിനു പകരം അവരെ ഉപദ്രവിക്കുകയും, കൊല്ലുകയു മാണ് അവർ ചെയ്തത്. ഒടുവിലായി തന്റെ ഓമന പുത്രനെ (മശിഹയെ) ദൈവം അയച്ചു. അവനേയും അവർ കൊന്നു എന്ന് അവൻ പറഞ്ഞു. ഇതെല്ലാം തങ്ങളെപ്പറ്റി പറയുന്നു എന്ന് ശരിക്കും ഗ്രഹിച്ച നേതാക്കൾ കോപകലുഷിതരായി. സ്നേഹമുള്ള മശിഹ ഈ ഉപമ മുഖാ ന്തിരം മാനസ്സാന്തരത്തിലേക്ക് അവരെ ക്ഷണിക്കുകയായിരുന്നു. ഈ അവസരവും അവർ പാഴാക്കി എന്ന് ഗ്രഹിച്ചപ്പോൾ മശിഹ താഴെ പറയുന്ന വിധത്തിൽ ഒന്നുകൂടി താക്കീതു ചെയ്യു കയാണ് :-

b) ‘‘യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്തു കൊള്ളുവാൻ

എനിക്കു എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും'' (മത്തായി 23:37-38).

ചിന്താവിഷയം :-

ഈ പാഠത്തിൽ താൻ ദൈവപുത്രനാണെന്ന് യേശു പലപ്രാവശ്യം വ്യക്തമായി പ്രസ്താവിക്കുന്നു. മാത്രവുമല്ല ദൈവപുത്രനായ മശിഹ നിശ്ചയമായും മരിക്കുമെന്നും അവൻ സ്പഷ്ടമാക്കി. നാം ഒരിക്കലും മറക്കുവാൻ പാടില്ലാത്ത യാഥാർത്ഥ്യങ്ങളാണിവ. ഇക്കാര്യങ്ങൾ മനസ്സിലാക്കുന്നതിനു നിങ്ങളെ സഹായിക്കുവാൻ ദൈവത്തോടപേക്ഷിക്കുക!

## പാഠം 32
## മശിഹ യെരുശലേമിൽ പ്രവേശിക്കുന്നു

ഒരു രാജ്യത്തെ പിടിച്ചടക്കിയ ശേഷം അതിന്റെ തലസ്ഥാനത്തു കൂടി ഘോഷയാത്ര നടത്തി വിജയം ആഘോഷിക്കുന്നത് മുമ്പ് രാജാക്കന്മാരുടെ പതിവായിരുന്നു. തന്റെ ഒടുവിലത്തെ ആഴ്ചയിൽ യേശു തലസ്ഥാന നഗരിയായ യെരുശലേമിൽ രാജാവ് എന്ന നിലയിൽ ഒരു ഘോഷയാത്ര നടത്തി. താൻ രാജാവാണെന്ന് ജനങ്ങളെ അറിയിക്കണമെന്ന് അവൻ ആഗ്രഹിച്ചു. തികച്ചും അസാധാരണ രീതിയിലാണ് അവൻ യാത്ര ചെയ്തത്. യാത്രക്കു അവൻ ചെയ്യുന്ന ഒരുക്കങ്ങളേയും, ജനങ്ങൾ അവനെ എതിരേറ്റ വിധവും വി. ഇൻജിൽ ഈവിധം വിവരിക്കുന്നു :-

''അനന്തരം അവർ യെരുശലേമിനോട് സമീപിച്ചു, ഒലിവു മലയരികെ ബേത്ത്ഫാഗയിൽ എത്തിയപ്പോൾ, യേശു രൺടു ശിഷ്യന്മാരെ അയച്ചു. നിങ്ങൾ എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ, അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയേയും അതിന്റെ കുട്ടിയേയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചു കൊൺടു വരുവിൻ. നിങ്ങളോടു ആരാനും വല്ലതും പറഞ്ഞാൽ കർത്താവിനു ഇവയെക്കൊൺട് ആവശ്യമുൺട് എന്നു പറവിൻ. തൽക്ഷണം അവൻ അവയെ അയക്കും എന്നു പറഞ്ഞു. 'സീയോൻ പുത്രിയോടു: ഇതാ, നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും, വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്ന് പറവിൻ' എന്നിങ്ങനെ പ്രവാചകൻ മുഖാന്തിരം അരുളിചെയ്തതിനു നിവൃത്തി വരുവാൻ ഇതു സംഭവിച്ചു. ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചതു പോലെ ചെയ്തു. കഴുതയേയും കുട്ടിയേയും കൊൺടുവന്നു, തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇട്ടു; അവൻ കയറി ഇരുന്നു. പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു;

മറ്റു ചിലർ വൃക്ഷങ്ങളിൽ നിന്ന് കൊമ്പു വെട്ടി വഴിയിൽ വിതറി. മുന്നും, പിന്നും നടന്ന പുരുഷാരം ദാവീദുപുത്രന്നു ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഹോശന്നാ എന്നു ആർത്തുകൊൺടിരുന്നു'' (മത്തായി. 21:1-9).

ലൌകീക രാജാക്കന്മാരെപ്പോലെ വെള്ളക്കുതിരയോ, സായുധ സേനയോ ഒന്നും ഈ രാജാവിനുൺടായിരുന്നില്ല. താഴ്മയും, സൌമ്യതയും ഉള്ളവനായി കഴുതപ്പുറത്ത് അവൻ എഴുന്നെള്ളി. ആനന്ദ ഭരിതരായ ജനങ്ങൾ പച്ചിലകളും കുരുത്തോലകളും കൊൺടു വഴി അലങ്കരിക്കുകയും, ആർപ്പു വിളികളാൽ ദൈവീക രാജാവിന് സ്വാഗതമരുളുകയും ചെയ്തു. അവൻ യെരുശലേമിൽ പ്രവേശിച്ചു. തുടർന്നു അവിടെയുള്ള ആരാധനാ സ്ഥലവും അവൻ സന്ദർശിച്ചു. കച്ചവടം മുതലായ അതിനുള്ളിൽ നടക്കുന്ന കാഴ്ച അവനെ വേദനിപ്പിക്കുകയും അവരെയെല്ലാം പുറത്താക്കുകയും ചെയ്തു. ദൈവാലയം ആരാധനക്കു മാത്രമുള്ളതാണെന്ന് അവൻ പ്രസ്താവിച്ചു. ഇതെല്ലാം യാദൃശ്ചിക സംഭവങ്ങളല്ല എന്നും അനേകം നൂറ്റാൺടുകൾക്കു മുമ്പു രേഖപ്പെടുത്തിയിട്ടുള്ള പ്രവചനങ്ങളനുസരിച്ചാണ് എന്നും മശിഹ പറയുന്നത് ശ്രദ്ധിക്കുക. പ്രസ്തുത വചനങ്ങളെപ്പറ്റി നാം പഠിച്ചുവല്ലോ (പാഠം 12b).

ചിന്താവിഷയം :-

മശിഹയുടെ മഹത്വത്തെപ്പറ്റി ചിന്തിക്കുക. അവൻ താഴ്മയും സൌമ്യതയും ഉള്ളവനാകുന്നു. രാജാധിരാജനും അതേസമയം സകലരുടേയും ദാസനും ആയിരുന്നു. മഹാന്മാരാണെന്ന് സ്വയം അഭിമാനിക്കുന്നവർക്ക് യേശുവിന്റെ താഴ്മ നമസ്സിലാക്കുവാൻ പ്രയാസമാണ്. മശിഹയെപ്പറ്റിയുള്ള ഈ സത്യം നിങ്ങളെ പഠിപ്പിക്കുവാൻ ദൈവത്തിനു കഴിയും!

## പാഠം 33
## മശിഹയുടെ വിശുദ്ധ അത്താഴം

യിസ്രായേൽ ജനം 'പെസഹ'എന്ന സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന സന്ദർഭങ്ങളിൽ ദൈവം അവർക്കു നൽകിയ മോചനം, കല്പനകൾ, അവരോടു ചെയ്ത ഉടമ്പടി (പാഠം 5) തുടങ്ങിയ മഹൽ കാര്യങ്ങളെപ്പറ്റി സ്മരിക്കുക പതിവായിരുന്നു. പെസഹ ദിവസം വൈകുന്നേരം യേശു ശിഷ്യന്മാരുമായി ഒരു പ്രത്യേക സ്ഥലത്ത് ഒടുവിലത്തെ അത്താഴം കഴിക്കുകയായിരുന്നു. ഭക്ഷണ സമയത്ത് ''നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കു''മെന്നും, ''യൂദ'' ആയിരിക്കും ആ കൃത്യം ചെയ്യുന്നത് എന്നും ഉള്ള രഹസ്യം അവൻ വെളിപ്പെടുത്തി. യൂദയുടെ വേർപാടിനു ശേഷം യേശു ഒരു പ്രത്യേക കർമ്മം (സാക്രമെന്റ്) സ്ഥാപിച്ചു. വിശ്വാസികൾക്ക് പാപ മോചനവും, ജീവനും, രക്ഷയും നൽകുന്ന ഒരു ''പുതിയ ഉടമ്പടി'' ആയിരുന്നു അത്. വി. ഇൻജിലിൽ നിന്നും ആ ഭാഗം ഉദ്ധരിക്കാം.

‘‘അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു; വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപമോചനത്തിന്നായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം. എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടു കൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരി വള്ളിയുടെ ഈ അനുഭവത്തിൽ നിന്നു ഇനി കുടിക്കയില്ല എന്നു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (മത്തായി. 26:26-29).

പാപികൾക്കു വേണ്ടി ചൊരിഞ്ഞ തന്റെ രക്തത്തേയും അർപ്പിക്കപ്പെട്ട ശരീരത്തേയും അവൻ ശിഷ്യന്മാരുടെ ശ്രദ്ധയിൽ കൊൺടുവന്നു. അവരുടെ പാപ മോചനത്തിനായി തന്റെ രക്തവും ശരീരവും ഈ വിധത്തിൽ അവൻ നൽകുകയായിരുന്നു. ജീവന്റെ അപ്പമായും, ദൈവത്തിന്റെ ആട്ടിൻ കുട്ടിയായും അവനെ ശിഷ്യന്മാർ സ്വീകരിച്ചു. മുമ്പ് സീനായ് മലയിൽ വെച്ച് ദൈവം ചെയ്ത ഉടമ്പടിയെ ആട്ടിൻ കുട്ടിയുടെ രക്തത്താൽ മുദ്രയിട്ടതു പോലെ, പാപ മോചനത്തിന്റെ പുതിയ ഉടമ്പടിയെ മശിഹ എന്ന ആട്ടിൻ കുട്ടിയുടെ രക്തത്താൽ ഉറപ്പിക്കുക യാണ് ആ അത്താഴത്തിന്റെ ഉദ്ദേശം. ശിഷ്യന്മാരും ഭക്തജനങ്ങളും അന്നു മുതൽ ഇന്നുവ രേയും പ്രസ്തുത സ്വർഗ്ഗീയ സദ്യ ക്രമമായി നടത്തിവരുന്നു. ഈവിധം പുതിയ ഒരു ഉടമ്പടി സ്ഥാപിക്കപ്പെട്ടു എന്നതുകൊൺടാണ് വി.ഇൻജിൽ എന്ന ഗ്രന്ഥത്തെ ‘‘പുതിയ നിയമം’’ (New Testament) എന്നു പറയുന്നത്.

ചിന്താവിഷയം :-

ഈ ലോക രാഷ്ട്രങ്ങളിൽ നിന്ന് തികച്ചും വിഭിന്നമായതാണ് ദൈവരാജ്യം. സ്നേഹം, നീതി, സമാധാനം എന്നിവയാണ് അതിന്റെ ആയുധങ്ങൾ. ദൈവരാജ്യത്തിന് വേൺടി യുദ്ധം ചെയ്യുന്നവർക്ക് പ്രസ്തുത ആയുധങ്ങളല്ലാതെ വാളും, തോക്കും മറ്റ് മാരകായു ധങ്ങളും ഉപയോഗിക്കുവാൻ കഴികയില്ല.

## പാഠം 34

## മശിഹ മതനേതാക്കന്മാരുടെ മുമ്പിൽ

A. മശിഹയെ ഒറ്റിക്കൊടുക്കുന്നു :-

പെസഹ അത്താഴത്തിനു ശേഷം യേശു ശിഷ്യന്മാരുമായി ഒരു തോട്ടത്തിൽ

പ്രാർത്ഥിക്കുവാനായി പോയി. പാപം അശേഷം ഇല്ലാത്ത പരിശുദ്ധൻ പാപികളുടെ സ്ഥാനത്തു നിന്നു കൊൺട് മരണമേൽക്കുവാൻ പോകയാണ്. ആ നിമിഷങ്ങളിൽ തന്നെ ശക്തിപ്പെടുത്തണമെന്ന് അവൻ സ്വർഗ്ഗീയ പിതാവിനോട് അപേക്ഷിച്ചു.

ഒരു കുറ്റക്കാരനെ പിടിക്കുവാൻ എന്ന പോലെ ശിഷ്യനായ യൂദ പട്ടാളക്കാരുമായി തോട്ടത്തിൽ എത്തി. ചുംബനം കൊൺടു യേശുവിനെ അവൻ ഒറ്റിക്കൊടുത്തു. ഉടൻ പത്രൊസ് തന്റെ വാൾ ഉപയോഗിച്ച് യേശുവിനു വേൺടി പോരാടുവാൻ തുടങ്ങി. തന്റെ രാജ്യം വാളു കൊൺടോ, യുദ്ധം കൊൺടോ വ്യാപിപ്പിക്കുവാൻ മശിഹ ഇഷ്ടപ്പെട്ടില്ല. അവൻ പത്രൊസിനേയും അതിൽ നിന്നും പിന്തിരിപ്പിച്ചു. താൻ മരിച്ചെങ്കിൽ മാത്രമേ പ്രവാചകന്മാർ രേഖപ്പെടുത്തിയിട്ടുള്ള വാഗ്ദത്തങ്ങൾ നിറവേറുകയുള്ളു എന്ന് മശിഹക്ക് അറിയാമായിരുന്നു. അവൻ അവരോട് ഈവിധം പറഞ്ഞു :-

1. യേശു അവരോട്: വാൾ ഉറയിൽ ഇടുക. വാൾ എടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചു പോകും. എന്റെ പിതാവിനോടു ഇപ്പോൾ തന്നെ പന്ത്രൺടു ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികിൽ നിറുത്തേൺടതിനു എനിക്കു അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ? എന്നാൽ ഇങ്ങിനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്കു എങ്ങിനെ നിവൃത്തി വരും എന്നു പറഞ്ഞു. ആ നാഴികയിൽ യേശു പുരുഷാരത്തോടു: ഒരു കള്ളന്റെ നേരെ എന്നപോലെ നിങ്ങൾ എന്നെ പിടിപ്പാൻ വാളും വടിയുമായി വന്നിരിക്കുന്നു. ഞാൻ ദിവസേന ഉപദേശിച്ചു കൊൺടു ദൈവാലയത്തിൽ ഇരുന്നിട്ടും നിങ്ങൾ എന്നെ പിടിച്ചില്ല. എന്നാൽ ഇതു ഒക്കെയും പ്രവാചകന്മാരുടെ എഴുത്തുകൾ നിവൃത്തിയാകേൺടതിനു സംഭവിച്ചു എന്നു പറഞ്ഞു''(മത്തായി. 26:52-56).

അനേകം നൂറ്റാൺടുകൾക്കു മുമ്പ് ഇതിനെക്കുറിച്ച് യെശയ്യാവ് ഇപ്രകാരം രേഖപ്പെടുത്തി :-

2. ''അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു. ജീവനുള്ളവരുടെ ദേശത്തു നിന്ന് അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവനു ദണ്ഡനം വന്നുവെന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു?'' (യെശയ്യാവ്. 53:8).

B. മശിഹ വിസ്തരിക്കപ്പെടുന്നു :-

കുറ്റ വിചാരണ ചെയ്യുവാനായി അവർ മശിഹയെ നേതാക്കളുടെ മുമ്പിൽ ഹാജരാക്കി. സജ്ജമാക്കപ്പെട്ടിരുന്ന സാക്ഷികൾ എല്ലാം ദയനീയമാം വണ്ണം പരാജയമടഞ്ഞു. നിരപരാധി

എന്ന് തെളിഞ്ഞിട്ടും വിട്ടയക്കുന്നതിനു പകരം കുറ്റം കൺടുപിടിക്കുവാനായി മഹാപുരോഹിതൻ വീൺടും ചോദ്യം ചെയ്തു. ആ ഭാഗം ഉദ്ധരിക്കാം :-

''മഹാപുരോഹിതൻ പിന്നെയും അവനോടു, നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊൺടു നിന്നോടു ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു. യേശു അവനോടു, ഞാൻ ആകുന്നു, ഇനി മനുഷ്യ പുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു'' (മത്തായി. 26:63-64).

യേശു പറഞ്ഞ സത്യമായ മറുപടിയെ ദൈവദൂഷണം എന്ന് അവർ കുറ്റപ്പെടുത്തി. അക്കാരണം പറഞ്ഞ് അവനെ മരണയോഗ്യൻ എന്ന് അവർ വിധിച്ചു.

താൻ ''ദൈവത്തിന്റെ പുത്രനായ ക്രിസ്തു'' എന്ന് മശിഹ പരസ്യമായി ഏറ്റു പറഞ്ഞു. മശിഹ എന്ന പദത്തിന്റെ അർത്ഥം ''അഭിഷിക്തൻ'' എന്നാണ്. രാജാവ്, പുരോഹിതൻ, പ്രവാചകൻ ഇവരെല്ലാം ദൈവത്തിന്റെ അഭിഷിക്തരാണ്. താൻ ''മശിഹ'' (ക്രിസ്തു)യാകുന്നു എന്നും ''ദൈവപുത്രൻ'' ആകുന്നു എന്നും പറഞ്ഞപ്പോൾ അവൻ എന്ത് അർത്ഥമാക്കി എന്ന് ചിന്തിക്കേൺടതാണ്. നമുക്ക് അച്ഛനും, അമ്മയും ഉള്ളതു പോലെ ദൈവം ഒരു സ്ത്രീയെ വിവാഹം കഴിച്ചു എന്നും അതിന്റെ ഫലമായി ഒരു മകൻ ജനിച്ചു എന്നുമാണോ അതിന്റെ അർത്ഥം? ഒരിക്കലുമല്ല!! അപ്രകാരം ചിന്തിച്ച് പാപം ചെയ്യാതിരിപ്പാൻ ദൈവം നിങ്ങളെ കാത്തു കൊള്ളട്ടെ!

മശിഹ തന്നെക്കുറിച്ച് ഏതെല്ലാം കാര്യങ്ങൾ പറഞ്ഞു എന്ന് നോക്കുക :-

1. മുമ്പ് ദൈവം പ്രവാചകന്മാർ മുഖാന്തിരം വാഗ്ദത്തം ചെയ്തിരുന്ന രാജാവാണ് താൻ.

2. ദൈവത്തിന്റെ സ്വഭാവവും രക്ഷയും കാണിക്കുന്നതിന്ന് ദൈവത്തിൽ നിന്നും മനുഷ്യനായി വന്ന ദൈവത്തിന്റെ നിത്യ വചനമാണ് താൻ (അതാണ് ദൈവ പുത്രൻ എന്നതിന്റെ അർത്ഥം).

3. താൻ ദാനിയേൽ പ്രവാചകൻ മുഖാന്തിരം ദൈവം അരുളിചെയ്തിരുന്ന മനുഷ്യ പുത്രനാണ് (പാഠം 11 നോക്കുക).

4. തന്റെ രാജ്യം നിത്യമാണ്. ദൂതന്മാരുമായി താൻ ലോകത്തെ ന്യായം വിധിക്കുവാൻ ഇനിയും വരും.

പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ മശിഹ അവതാരം ചെയ്യുമെന്നും, ദൈവ പുത്രൻ, മനുഷ്യപുത്രൻ എന്നിങ്ങനെ വിളിക്കപ്പെടുമെന്നും, യഹൂദ പ്രമാണിമാരും, ശാസ്ത്രി മാരും അറിയുകയും, വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ നസറത്ത് ഗ്രാമത്തിൽ വളർന്ന ഈ യേശു എന്നവനാണ് പ്രസ്തുത മശിഹ എന്ന് വിശ്വസിക്കുവാൻ അന്ന് അവർക്ക് കഴി യാതെ പോയി. അതായിരുന്നു അവരുടെ അടിസ്ഥാനപരമായ തെറ്റ്. അതു കൊൺട് പ്രവാ ചകന്മാർ പറഞ്ഞിട്ടുള്ള മശിഹയും ദൈവപുത്രനുമാണ് താൻ എന്ന് യേശു അവകാശപ്പെട്ട പ്പോൾ അത് ഒരു വലിയ ദൈവദൂഷണമായി നേതാക്കന്മാർ കരുതുകയും, ഏതെങ്കിലും വിധ ത്തിൽ അവനെ നശിപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. യേശുവിന്റെ വാക്കുക ളേയോ, പ്രവൃത്തികളേയോ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഈ തെറ്റിദ്ധാരണകൾ നീക്കുവാൻ അവർക്കു നിശ്ചയമായും കഴിയുമായിരുന്നു. ഇന്നും യേശുവിന്റെ വാക്കുകളെ ഗൗരവപൂർവ്വം ശ്രദ്ധിക്കുകയും പഠിക്കുകയും ചെയ്യാത്ത ഏവർക്കും വരുന്ന കഠിന വിപത്താണ് അത് എന്നു നാം മനസ്സിലാക്കുക.

ചിന്താവിഷയം :-

നിങ്ങൾ പഠിക്കുന്ന ഈ കാര്യങ്ങളെല്ലാം വി. ഇൻജിലിൽ നിന്ന് എടുത്തിരിക്കുന്നു. ഇൻജിൽ എന്ന പദത്തിന്ന് നല്ല വർത്തമാനം എന്നാണർത്ഥം. ദൈവം മനുഷ്യരെ അറിയിക്കുന്ന പുതിയ ഉടമ്പടിയാണത്. നിങ്ങൾക്കു ഒരു ഇൻജിൽ അഥവാ പുതിയ നിയമം വാങ്ങുവാൻ ആഗ്രഹം ഉൺടെങ്കിൽ ഞങ്ങൾക്കെഴുതുക. എവിടെ, എങ്ങിനെ, അതു ലഭിക്കുമെന്ന് അറിയിക്കുവാൻ ഞങ്ങൾക്കു സന്തോഷമുൺട്.

## പാഠം 35
## മശിഹ വധിക്കപ്പെടുന്നു

തങ്ങളുടെ വിചാരണക്കു ശേഷം യഹൂദാ പ്രമാണികൾ യേശുവിനെ റോമാഗവർണ്ണ രായ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി. രാജാവാണെന്ന് യേശു സ്വയം അവകാശപ്പെ ടുന്നു എന്നും അതുകൊൺട് ഏതെങ്കിലും വിധത്തിൽ അവന് വധശിക്ഷ നൽകണമെന്നും അവർ പീലാത്തോസിനോട് അപേക്ഷിച്ചു. അവൻ യേശുവിനെ പരസ്യമായും രഹസ്യമായും പലതവണ വിസ്തരിച്ചു. അതിൽ ഒരു ഭാഗം ചുവടെ ചേർക്കുന്നു :-

‘‘പീലാത്തോസ് പിന്നെയും ആസ്ഥാനത്തിൽ ചെന്നു യേശുവിനെ വിളിച്ചു. നീ യെഹൂ ദന്മാരുടെ രാജാവോ? എന്നു ചോദിച്ചു. അതിനുത്തരമായി യേശു: ഇതു നീ സ്വയമായി പറയു ന്നതോ മറ്റുള്ളവർ എന്നെക്കുറിച്ച് നിന്നോടു പറഞ്ഞിട്ടോ എന്നു ചോദിച്ചു. പീലാത്തോസ്

അതിനുത്തരമായി: ഞാൻ യെഹൂദനോ? നിന്റെ ജനവും, മഹാപുരോഹിതന്മാരും നിന്നെ എന്റെ പക്കൽ ഏല്പിച്ചിരിക്കുന്നു; നീ എന്തു ചെയ്തു എന്നു ചോദിച്ചതിനു യേശു: എന്റെ രാജ്യം ഐഹികമല്ല, എന്റെ രാജ്യം ഐഹികമായിരുന്നു എങ്കിൽ എന്നെ യഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹിക മല്ല എന്നുത്തരം പറഞ്ഞു. പീലാത്തോസ് അവനോട്: എന്നാൽ നീ രാജാവു തന്നെയല്ലോ എന്നു പറഞ്ഞതിന് യേശു: നീ പറഞ്ഞതു പോലെ ഞാൻ രാജാവു തന്നേ, സത്യത്തിനു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു. അതിന്നായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യ തല്പ രനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു എന്ന് ഉത്തരം പറഞ്ഞു''.
(യോഹ.18:33–37).

''യേശു നിരപരാധി'' ആണെന്നും അസൂയ നിമിത്തമാണ് അവനെ കൊല്ലുവാൻ അവർ വിചാരിക്കുന്നതെന്നും പീലാത്തോസ് ഗ്രഹിച്ചു. എന്നാലും യെഹൂദന്മാരുടെ പ്രീതി സമ്പാദി ക്കേണ്ടത് ആവശ്യമായതിനാൽ യേശുവിനെ വിട്ടയക്കുവാൻ അവൻ ഭയപ്പെട്ടു. ''ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല'' എന്ന് ആ ന്യായാധിപതി പരസ്യമായി പലതവണ പ്രഖ്യാപിച്ചു. വി. ഇൻജിൽ ആ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു :-

''ആരവാരം അധികമാകുന്നതല്ലാതെ ഒന്നും സാധിക്കുന്നില്ല എന്ന് പീലാത്തോസ് കൺടിട്ട് വെള്ളം എടുത്ത് പുരുഷാരം കാൺകെ കൈ കഴുകി; ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റമില്ല. നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ എന്നു പറഞ്ഞു. അവന്റെ രക്തം ഞങ്ങളുടെ മേലും, ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്ന് ജനം ഒക്കെയും ഉത്തരം പറ ഞ്ഞു. അങ്ങനെ അവൻ ബറബ്ബാസിനെ അവർക്കു വിട്ടു കൊടുത്തു. യേശുവിനെ ചമ്മട്ടി കൊൺടടിപ്പിച്ച് ക്രൂശിക്കേൺടതിന് ഏല്പിച്ചു'' (മത്തായി. 27:24–26).

ഇങ്ങനെ കുറ്റമില്ലാത്ത പരിശുദ്ധൻ കുറ്റക്കാരായ നമ്മെ പരിശുദ്ധരാക്കുവാനായി മരണം ഏൽക്കുവാൻ പോകയാണ്. ശത്രുക്കൾ യേശുവിനേയും തടവിൽ കിടന്ന രൺടു കുറ്റക്കാ രേയും ''ഗോൽഗൊഥാ'' എന്ന കുന്നിനു മുകളിൽ മരക്കുരിശുകളിൽ ക്രൂശിച്ചു. പാപത്തിനു വേൺടി അനുഭവിക്കേൺടത് എല്ലാം തികഞ്ഞു എന്നു മനസ്സിലാക്കിയപ്പോൾ ആ വസ്തുത ഉച്ചത്തിൽ ലോകത്തെ വിളിച്ചറിയിച്ചു കൊൺട് യേശു പ്രാണനെ വിടുകയാണ് ചെയ്തത്. വി. ഇൻജിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു :-

''അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ടു തിരുവെ ഴുത്തു നിവൃത്തിയാകും വണ്ണം എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. അവിടെ പുളിച്ച വീഞ്ഞു നിറച്ചോരു പാത്രം വെച്ചിട്ടുൺടായിരുന്നു. അവർ ഒരു സ്പോഞ്ച് പുളിച്ച വീഞ്ഞു നിറച്ചു തൺടിന്മേൽ ആക്കി അവന്റെ വായോടു അടുപ്പിച്ചു. യേശു പുളിച്ച വീഞ്ഞു കുടിച്ച

ശേഷം നിവൃത്തിയായി എന്നു പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചു കൊടുത്തു''. (യോഹന്നാൻ 19:28-30).

ഈ വിധത്തിൽ മശിഹ മുൻ പ്രവാചകന്മാരുടേയും തന്റെയും വാക്കുകൾ സകലവും നിവൃത്തിയാക്കിക്കൊൺട് മരിക്കുക തന്നെ ചെയ്തു. അനന്തരം രഹസ്യ ശിഷ്യന്മാരായിരുന്ന നിക്കൊദേമോസും, യോസേഫും എത്രയും മാന്യമായ വിധത്തിൽ ശവസംസ്ക്കാരം നടത്തി.

''അവർ യേശുവിന്റെ ശരീരം എടുത്തു യെഹൂദന്മാർ ശവം അടക്കുന്ന മര്യാദ പ്രകാരം സുഗന്ധ വർഗ്ഗത്തോടു കൂടെ തുണിയിൽ പൊതിഞ്ഞു കെട്ടി. അവനെ ക്രൂശിച്ച സ്ഥലത്തു തന്നെ ഒരു തോട്ടവും, ആ തോട്ടത്തിൽ മുമ്പെ ആരേയും വെച്ചിട്ടില്ലാത്ത പുതി യൊരു കല്ലറയും ഉൺടായിരുന്നു. ആ കല്ലറ സമീപം ആകകൊൺടു അവർ യെഹൂദന്മാ രുടെ ഒരുക്ക നാൾ നിമിത്തം യേശുവിനെ അവിടെ വെച്ചു'' (യോഹന്നാൻ 19:40-42).

ഇതിനെപ്പറ്റി അനേകം നൂറ്റാൺടുകൾക്കു മുമ്പ് യെശയ്യാവ് എന്ന പ്രവാചകൻ ഈവിധം രേഖപ്പെടുത്തിയിരിക്കുന്നു :-

''അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവനു ദുഷ്ടന്മാരോടു കൂടെ ശവക്കുഴി കൊടുത്തു. അവന്റെ മരണ ത്തിൽ അവൻ സമ്പന്നന്മാരോടു കൂടെ ആയിരുന്നു'' (യെശയ്യാവ് 53:9).

ന്യായവിസ്താരം നടത്തിയപ്പോൾ 'സത്യം എന്നാൽ എന്ത്' എന്ന് യേശുവിനോട് പീലാ ത്തോസ് ചോദിച്ചു. 'ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു, ഞാൻ മുഖാന്തി രമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല '(യോഹന്നാൻ 14:6) എന്ന് യേശു ശിഷ്യ ന്മാരോടു പറഞ്ഞ വാക്കുകൾ എന്നും നിങ്ങൾ ഓർക്കുമോ?

ചിന്താവിഷയം :-

സത്യത്തെ കൺടുപിടിക്കുവാൻ അനേകർ ശ്രമിച്ചു വരുന്നു. എന്നാൽ 'സത്യം' അവരെ അന്വേഷിക്കുന്നു എന്ന വസ്തുതയെപ്പറ്റി അവർ ചിന്തിക്കാറുൺടോ? മശിഹയായ യേശു വിൽ നാം സത്യം കാണുന്നു. നമ്മെ അവൻ തിരഞ്ഞു കൺടെത്തുന്നതു കൊൺട് നമുക്ക് അവനെ കൺടെത്തുവാൻ കഴിയും.

## പാഠം 36

## മശിഹ മരണാനന്തരം ജീവിക്കുന്നു

ലോകം അനുഭവിച്ചിട്ടുള്ളതിൽ വച്ചേറ്റവും ദുഃഖകരമായതാണ് മശിഹ ക്രൂശിൽ മരിച്ച സംഭവം. എല്ലാ കാലങ്ങളിലും സ്ഥലങ്ങളിലും സംഭവിച്ചിട്ടുള്ള സകല പാപങ്ങളും, തിന്മയും,

നമ്മുടെ സകലവിധമായ പാപങ്ങളും, ഒന്നിച്ചു ചേർത്താണ് അവനെ ക്രൂശിൽ കയറ്റിയിരിക്കുന്നത്. എന്നാൽ ഈ ഭയങ്കര ദുഃഖത്തെ ദൈവം ലോകത്തിലെ ഏറ്റവും ആനന്ദപ്രദമായ സംഭവമാക്കിത്തീർത്തു എന്ന് വി. ഇൻജിൽ നമ്മെ അറിയിക്കുന്നു. തങ്ങളുടെ സ്നേഹ ബഹുമാനാദികൾ പ്രകടമാക്കുവാൻ കല്ലറക്കൽ ചെന്ന ഭക്തജനങ്ങൾക്കുണ്ടായ അനുഭവം നോക്കുക :-

''ദൂതൻ സ്ത്രീകളോടു: ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നു കാൺമിൻ. അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോടു പറവിൻ; അവൻ നിങ്ങൾക്കു മുമ്പെ ഗലീലക്കു പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും എന്ന് ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. അങ്ങനെ അവർ വേഗത്തിൽ ഭയത്തോടും മഹാസന്തോഷത്തോടും കൂടെ കല്ലറവിട്ട് അവന്റെ ശിഷ്യന്മാരോട് അറിയിപ്പാൻ ഓടിപ്പോയി. എന്നാൽ യേശു അവരെ എതിരേറ്റു, നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു; അവർ അടുത്തു ചെന്നു അവന്റെ കാൽ പിടിച്ചു അവനെ നമസ്ക്കരിച്ചു. യേശു അവരോടു: ''ഭയപ്പെടേണ്ട; നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലക്ക് പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു'' (മത്തായി. 28:5-10).

ഇതിൽ ശിഷ്യന്മാർ സന്തോഷിച്ചു. സ്വർഗ്ഗസ്ഥ പിതാവ് മശിഹയെ മരണത്തിൽ നിന്നും രക്ഷിക്കാത്തത് എന്ത് എന്നത് അവർക്കു ഒരു വലിയ പ്രശ്നമായിരുന്നു. എന്നാൽ അവന്റെ മരണം മുഖാന്തിരം പിശാച്, പാപം, മരണം എന്നിവയെ കീഴടക്കണം എന്നതാണ് പിതാവിന്റെ മാർഗ്ഗം എന്ന് അവർ ഇപ്പോൾ മനസ്സിലാക്കി. മനുഷ്യ കുലത്തോടുള്ള ദൈവത്തിന്റെ അഗാധമായ സ്നേഹമാണ് മശിഹയുടെ ക്രൂശ്. ഇതെല്ലാം നമുക്കായി അവൻ ചെയ്തു എന്ന് വി. ഇൻജിൽ ഘോഷിക്കുന്നു.

''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ ''(യോഹന്നാൻ 3:16-17).

തന്റെ മരണത്തിലും ഉയിർപ്പിലും സംശയം പ്രകടിപ്പിച്ച ശിഷ്യന്മാരെ മറ്റൊരു സന്ദർഭത്തിൽ മശിഹ പഠിപ്പിക്കുന്ന അതിപ്രധാനമായ ഭാഗം ചുവടെ ചേർക്കുന്നു :-

''അവൻ അവരോടു: ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശയുടെ ന്യായപ്രമാണത്തിലും, പ്രവാചക പുസ്തകങ്ങളിലും, സങ്കീർത്തനങ്ങളിലും

എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതു ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതുതന്നെ എന്നു പറഞ്ഞു തിരുവെഴുത്തുകളെ തിരിച്ചറിയേൺടതിനു അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കുകയും അവന്റെ നാമത്തിൽ മാനസ്സാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതി കളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷി കൾ ആകുന്നു'' (ലൂക്കോസ്. 24:44-47).

അനേകം നൂറ്റാൺടുകൾക്കു മുമ്പ് പ്രവാചകന്മാർ രേഖപ്പെടുത്തിയ പ്രകാരമാണ് ഇതെല്ലാം സംഭവിച്ചതെന്ന് അവൻ ഒന്നുകൂടെ വ്യക്തമാക്കുകയാണ്. തുടർന്നു തന്റെ നാമം മുഖാന്തിരം പാപ മോചനം ഉൺടാകും എന്ന ആശ്വാസവചനവും അവൻ അവരെ അറിയിച്ചു.

ചിന്താവിഷയം :-

> തന്റെ മരണംകൊൺട് നമ്മുടെ മാരക ശത്രുവായ മരണത്തെ മശിഹ പിടിച്ചടക്കിയ വിധത്തെപ്പറ്റി ചിന്തിക്കുക. അവൻ ജീവിച്ചെഴുന്നേറ്റു എന്ന വസ്തുത മനസ്സിലാക്കിയപ്പോൾ ശിഷ്യന്മാരുടെ ഹൃദയങ്ങൾ സന്തോഷഭരിതമായി. അവനിൽ വിശ്വസിക്കുന്നു വെങ്കിൽ നിങ്ങളും സന്തുഷ്ടരായിത്തീരും!

## പാഠം 37
## മശിഹ സ്വർഗ്ഗാരോഹണം ചെയ്യുന്നു

മരണത്തിൽ നിന്നും ഉയിർത്തശേഷം യേശു ശിഷ്യന്മാർക്കു പ്രത്യക്ഷനായി. തദവസരത്തിൽ തോമാസ് എന്ന ശിഷ്യൻ ഉൺടായിരുന്നില്ല. അനന്തരം അവർ അവനോട് ''ഞങ്ങൾ മശിഹയെ കൺടു'' എന്നു പറഞ്ഞപ്പോൾ വിശ്വസിക്കുവാൻ തോമസ് തയ്യാറായില്ല. ഞാൻ കൺടിട്ടല്ലാതെ ഇതൊന്നും വിശ്വസിക്കുകയില്ല എന്നവൻ ശഠിച്ചു.അവനും കൂടെ ഉൺടായിരുന്നപ്പോൾ യേശു വിൺടും പ്രത്യക്ഷനായ സംഭവത്തെ വി. ഇൻജിൽ ഇങ്ങിനെ വിവരിക്കുന്നു:-

a) ''എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമാസും ഉൺടായിരുന്നു. വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊൺടു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. പിന്നെ തോമസിനോടു നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാണുക. നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു. തോമസ് അവനോട്: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്ന് ഉത്തരം പറഞ്ഞു.

യേശു അവനോട്: നീ എന്നെ കൺടതുകൊൺടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞു''(യോഹന്നാൻ. 20:26–29).

യേശു പറയുകയാണ്, ''കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ'' എന്ന്! ആ ഭാഗ്യ വാന്മാരുടെ കൂട്ടത്തിൽ നിങ്ങളേയും കണക്കാക്കുവാൻ അവൻ ആഗ്രഹിക്കുന്നു!

ഉയിർത്ത മശിഹ പല പ്രാവശ്യം അവർക്കും മറ്റു ഭക്തജനങ്ങൾക്കും പ്രത്യക്ഷനായി. നാല്പതു ദിവസത്തോളം ഈ വിധത്തിൽ അവൻ ഭൂമിയിൽ സഞ്ചരിച്ചു. പിതാവിന്റെ സന്നി ധിയിലേക്ക് മടങ്ങുന്നതിനു മുമ്പ് ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു :–

b) ''യേശു അടുത്തു ചെന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊൺടു സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവ സാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉൺട് എന്ന് അരുളി ചെയ്തു'' (മത്തായി. 28:18–20).

അവന്റെ സ്വർഗ്ഗാരോഹണത്തെ വി. ഇൻജിൽ താഴെ കാണും പ്രകാരം വിവരിക്കുന്നു:–

''ഇതു പറഞ്ഞ ശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു; ഒരു മേഘം അവനെ മൂടീട്ട് അവൻ അവരുടെ കാഴ്ചക്കു മറഞ്ഞു. അപ്പോൾ വെള്ള വസ്ത്രം ധരിച്ച രൺടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു: ഗലീലാ പുരുഷന്മാരെ, നിങ്ങൾ ആകാശത്തി ലേക്കു നോക്കി നില്ക്കുന്നതെന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശു വിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കൺടതുപോലെ തന്നെ അവൻ വീൺടും വരും എന്നു പറഞ്ഞു'' (അപ്പോ.പ്രവൃ. 1:9–11).

തങ്ങളുടെ രക്ഷകനായ മശിഹ സ്വർഗ്ഗാരോഹണം ചെയ്തു എങ്കിലും വീൺടും മടങ്ങി വരും എന്നും, ദേഹരഹിതനായി സദാകാലവും അവരോടു കൂടെ ഇരിക്കും എന്നും ഉള്ള അവന്റെ വാക്കുകൾ നിമിത്തം ശിഷ്യന്മാർ വളരെ സന്തോഷിച്ചു.

മരണത്തിനു മുമ്പു തന്നെ, താൻ സ്വർഗ്ഗത്തിലേക്കു പോകുന്നതിന്റെ ഉദ്ദേശം യേശു വ്യക്തമാക്കിയിരുന്നു. ''ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേൺടതിന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും''(യോഹന്നാൻ 14:2–3).

നിങ്ങളും എപ്പോഴും അവനോടു കൂടെ വസിക്കേണ്ടതിന് നിങ്ങൾക്കു വേണ്ടിയും ഒരു സ്ഥലം ഒരുക്കുവാൻ അപേക്ഷിക്കുക.

ചിന്താവിഷയം:-

ദൈവത്തിന്റെ വചനമാകുന്ന യേശുവിന് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരങ്ങളും ഉണ്ട്. യേശു മരണത്തിൽ നിന്നു ഉയിർത്തതു കൊണ്ട് നിശ്ചയമായും നാമും ഉയിർക്കും. ദൈവത്തിന്റെ സ്നേഹം വിസ്മയനീയം തന്നെ.

## പാഠം 38
## പരിശുദ്ധാത്മാവിന്റെ വരവ്

സ്വർഗ്ഗാരോഹണത്തിനു മുമ്പ്, പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്ക് അയയ്ക്കും എന്നും, അതിനായി അവർ യെരുശലേമിൽ കാത്തിരിക്കണം എന്നും യേശു അവരോട് പറഞ്ഞു. മശിഹ വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവ് എങ്ങിനെയുള്ളവൻ എന്നും, എന്തു ചെയ്യുമെന്നും, യേശു വളരെ സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. ആ വാക്യങ്ങൾ നോക്കുക:-

a) ''പിതാവ്, സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും'' (യോഹന്നാൻ. 14:16).

b) ''പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും''(യോഹ. 14:26).

c) ''പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും''(യോഹ. 15:26).

d) ''അവൻ (കാര്യസ്ഥൻ) വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും ''(യോഹന്നാൻ 16:8).

e) ''എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും'' (അപ്പോ.പ്രവൃ.1:8).

പത്താം ദിവസം ശിഷ്യന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോൾ പരിശുദ്ധാത്മാവ് തികച്ചും പ്രത്യേകമായ വിധത്തിൽ അവരുടെ മേൽ വന്നു. ആ സംഭവത്തെ വി.ഇൻജിലിൽ താഴെ കാണുന്ന പ്രകാരം വിവരിക്കുന്നു :-

''പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും വിറച്ചു. അഗ്നി ജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതു പോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി'' (അപ്പോ.പ്രവൃ. 2:2-4).

പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നപ്പോൾ അവർക്കുണ്ടായിരുന്ന ഭയവും, പരിഭ്രമവും അപ്രത്യക്ഷപ്പെടുകയും, വർദ്ധിച്ച ധൈര്യവും, ജ്ഞാനവും ഉള്ളവരായിത്തീരുകയും ചെയ്തു. ഒരു വമ്പിച്ച ജനസമൂഹത്തെ അഭിമുഖീകരിച്ചു കൊണ്ട് നടത്തിയ പ്രസംഗത്തിൽ യോവേൽ പ്രവാചകൻ നൂറ്റാണ്ടുകൾക്കു മുമ്പു രേഖപ്പെടുത്തിയതനുസരിച്ചാണ് ഈ മഹാ സംഭവം നടന്നിരിക്കുന്നത് എന്ന് പത്രൊസ് പ്രസ്താവിച്ചു.

''അന്ത്യ കാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും'' (അപ്പോ.പ്രവൃ. 2:17).

വെറും 50 ദിവസങ്ങൾക്കു മുമ്പ് അതേ സ്ഥലത്തിൽ നടന്നതും എല്ലാവരും അറിഞ്ഞതുമായ യേശുക്രിസ്തുവിന്റെ മരണത്തേയും, അത്ഭുതകരമായ ഉയിർപ്പിനേയും പത്രൊസ് പരാമർശിച്ചു. ആ യേശു ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള മശിഹ തന്നെയാണ് എന്ന് അവൻ വേദവാക്യങ്ങളുടെ വെളിച്ചത്തിൽ സ്ഥാപിച്ചു. മാത്രവുമല്ല, ''നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ പരിശുദ്ധാത്മാവെന്ന ദാനം നിങ്ങൾക്കു ലഭിക്കും''(അപ്പോ. പ്രവൃ. 2:38) എന്ന് അവൻ ജനത്തോടു പറഞ്ഞു. മശിഹ മരിക്കുവാൻ പാടില്ല എന്ന് പറഞ്ഞ ശിഷ്യൻ (പാഠം 30) മശിഹ മനുഷ്യർക്കു വേണ്ടി മരിക്കുകയും, ഉയിർക്കുകയും ചെയ്തിരിക്കുന്നു എന്ന് ധൈര്യസമേതം പ്രസംഗിക്കുകയാണ്.

ദൈവത്തിന്റെ സുവിശേഷമായ വി. ഇൻജിൽ എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ളതാണ്. ഇൻജിൽ (സുവിശേഷം) എന്നതിന് നല്ല വർത്തമാനം (Good News) എന്നാണർത്ഥം. അതായത് മനുഷ്യ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ നല്ല സന്ദേശം! നാം അതിനെ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും മറ്റുള്ളവരെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ചിന്താവിഷയം :-

നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തിന്റെ വചനവും പരിശുദ്ധാത്മാവും ഉൺടായിരുന്നാൽ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ ശിഷ്യനായിരിക്കുന്നതിനും, അവനെക്കുറിച്ച് മറ്റുള്ളവരെ അറിയിക്കുന്നതിനും ഉള്ള ധൈര്യവും സന്തോഷവും നിങ്ങൾക്കുൺടാകും.

## പാഠം 39
## ഉപസംഹാരം

ദൈവം പ്രവാചകന്മാർ മുഖാന്തിരം നൽകിയിട്ടുള്ള അത്ഭുതകരമായ വാഗ്ദത്തങ്ങളും, തികഞ്ഞ വിശ്വസ്തതയോടു കൂടി അവയെ നിവർത്തിച്ച വിധവും നാം ചുരുക്കമായ് പഠിച്ചു കഴിഞ്ഞുവല്ലോ. പ്രസ്തുത വാഗ്ദത്തങ്ങളിലും, മശിഹയിലും വിശ്വസിച്ച് ദൈവം ഒരുക്കീട്ടുള്ള അനുഗ്രഹത്തിൽ പങ്കാളികളാകുവാൻ വി.ഇൻജിലിലെ വചനങ്ങളെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയങ്ങളിൽ പതിപ്പിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

അവസാനമായി അപ്പോസ്തലന്മാർ നൽകിയിട്ടുള്ളതും, വി.ഇൻജിലിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ രൺടു ഭാഗങ്ങൾ കൂടി നിങ്ങളുടെ ശ്രദ്ധയിൽ കൊൺടു വരുവാൻ ആഗ്രഹിക്കുന്നു.

a) ‘‘എന്നാൽ സഹോദരന്മാരെ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾ രക്ഷിക്കപ്പെട്ടതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊൺടാൽ ഞാൻ ഈവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേൺടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൽ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും (പത്രൊസിനും) പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നെ നിങ്ങൾക്ക് ആദ്യമായി ഏല്പിച്ചു തന്നുവല്ലോ’’.
(1 കൊരിന്ത്യർ 15:1-5).

യേശുവിന്റെ അപ്പോസ്തലനായ യോഹന്നാൻ ഇപ്രകാരം പ്രസ്താവിക്കുന്നു:-

b) പ്രിയമുള്ളവരെ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു; ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ

അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു. പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചുവെങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. പിതാവു പുത്രനെ ലോക രക്ഷിതാവായി അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ട് സാക്ഷ്യം പറയുന്നു. യേശു ദൈവപുത്രൻഎന്ന് സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും, വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. ന്യായവിധി ദിവസത്തിൽ നമുക്ക് ധൈര്യം ഉൺടാകുവാൻ ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു (1 യോഹന്നാൻ 4:7-17).

നിങ്ങൾ ഇപ്പോൾ ഈ പാഠ പദ്ധതി പൂർത്തിയാക്കിയിരിക്കുകയാണ്. ഈ പാഠങ്ങൾ നിങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെട്ടു എന്ന് ഞങ്ങളെ ദയവായി എഴുതി അറിയിക്കുക. ഇവയെ പഠിക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ സുഹൃത്തുക്കളുടെ വിലാസം അയച്ചു തന്നാൽ പാഠങ്ങൾ അവർക്കും അയച്ചു കൊടുക്കാവുന്നതാണ്.

വളരെ പ്രയോജനമുള്ള മറ്റു പാഠപദ്ധതികളും വരുത്തി പഠനം തുടരുവാൻ അപേക്ഷ.

ദൈവം നിങ്ങളെ അനുഗ്രഹിക്കുകയും, പരിപാലിക്കുകയും, നിത്യസമാധാനം നൽകുകയും ചെയ്യുമാറാകട്ടെ! നമുക്കുവേൺടി തന്റെ വാഗ്ദത്തങ്ങൾ സകലവും നിവർത്തിച്ചിരിക്കുന്ന വിശ്വസ്തനും, സ്നേഹവാനുമായ ദൈവത്തിന് പ്രവാചകനായ ദാവീദിനാൽ രചിതമായ ഒരു സങ്കീർത്തനം (സങ്കീർത്തനം. 23) പാടി നമ്മുടെ നന്ദിയും, സ്തുതിയും അർപ്പിക്കാം.

## സങ്കീർത്തനം - 23

“യഹോവ എന്റെ ഇടയനാകുന്നു;

എനിക്ക് മുട്ടുണ്ടാകയില്ല;

പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു;

സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്ക് എന്നെ നടത്തുന്നു;

എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു;

തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു;

കൂരിരുൾ താഴ്‌വരയിൽക്കൂടി നടന്നാലും;

ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല;

നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ;

നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു;

എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു;

എന്റെ തലയെ എണ്ണ കൊണ്ട് അഭിഷേകം ചെയ്യുന്നു;

എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു;

നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും;

ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും”.